# മലയാളരാജ്യം
## ആഴ്ചപ്പതിപ്പ്



THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXII — As. 2 — No. 282

1st May 1950

സിനിമാപംക്തി

# ശാന്താ ആപ്ടേ

ഭാരതീയ ചലച്ചിത്രനഭസ്സിലെ ഒരു ഉജ്ജ്വലതാരമാണ് ശ്രീമതി ശാന്താആപ്ടേ. യൗവ്വനം തിങ്ങിത്തുളുമ്പുന്ന ആകാരസൗഷ്ഠവം, ഹൃദയംകവരുന്ന സംഗീതമാധുര്യം, തന്മയത്വമായ അഭിനയം എന്നിവയാൽ ശാന്താആപ്ടേ ചലച്ചിത്രരസികന്മാരെ അത്യധികം ആകർഷിച്ചിട്ടുണ്ട്. പതിനെട്ടുവർഷങ്ങൾക്കുമുമ്പു സരസ്വതി സിനിടോൺകമ്പനിയിൽ ഒരു സാധാരണ നടിയായി അവർ രംഗപ്രവേശം ചെയ്യുമ്പോൾ ശാന്താ ആപ്ടേയ്ക്കു ൧൬ വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ചെറുപ്പത്തിൽതന്നെ തന്റെ കലാപാടവം പ്രകടമായ നിലയിൽ പ്രദർശിപ്പിച്ചു കാണിക്കുന്നതിനു അവർക്കു കഴിഞ്ഞു. "ശ്യാംസുന്ദർ" എന്ന ഹിന്ദിചിത്രമാണു സിനിമാപ്രേമികൾക്കു ശാന്താആപ്ടേ ആദ്യമായി സംഭാവന ചെയ്തതു്. പ്രഥമ ചിത്രത്തിൽതന്നെ നേടിയ അനിതരസാധാരണമായ വിജയം അവർക്കു ചലച്ചിത്രലോകത്തു ശോഭനമായ ഒരു ഭാവിയെ നൽകുകയുംചെയ്തു.

ഒരു ഉൽകൃഷ്ടകലാവതിയായ ശാന്താ ആപ്ടേ മഹാരാഷ്ട്രത്തിലെ ഒരു സാധാരണ ബ്രാഹ്മണകുടുംബത്തിൽ ജനിച്ചു. പിതാവു് ഒരു സംഗീതവിദ്വാനായിരുന്നതുകൊണ്ടുതന്നെ പുത്രിക്കും സംഗീതവാസന ജന്മസിദ്ധമായി ലഭിച്ചിരുന്നു. ബാല്യത്തിൽതന്നെ നൃത്യഗീതാദികളിൽ താല്പര്യം പ്രദർശിപ്പിച്ചിരുന്ന ശാന്താആപ്ടേ ആദ്യം പിതാവിൽനിന്നും പിന്നീടു മഹാരാഷ്ട്രത്തിലെ മറ്റൊരു സംഗീതവിദ്വാനിൽനിന്നും പ്രസ്തുത കലയിൽ ശാസ്ത്രീയമായ അഭ്യസനം സമ്പാദിച്ചു. ചെറുപ്പത്തിൽതന്നെ ശാന്താ ആപ്ടേയുടെ കലാവാസനയെക്കുറിച്ചു പലരും പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്.

ശ്യാംസുന്ദർ എന്ന ചിത്രത്തിലെ അഭിനയത്തോടുകൂടി തന്നെ ശാന്താആപ്ടേയുടെ പ്രസിദ്ധിയും വളരുവാൻ തുടങ്ങി. അവരുടെ മഹത്വപൂർണ്ണമായ അഭിനയകുശലതയും ഗീതാഭിജ്ഞതയും അംഗസൗഷ്ഠവവും മറ്റും ദർശിച്ച പല ചലച്ചിത്രനിർമ്മാണകരും തങ്ങളുടെ ചിത്രങ്ങളിൽ അഭിനയിക്കുന്നതിനു അവരെ ക്ഷണിക്കുവാനും തുടങ്ങി. പ്രഭാത് കമ്പനിക്കാരുടെ അമൃതമന്ഥൻ എന്ന ചിത്രത്തിൽ അഭിനയിച്ചതിനു തന്നെ ഒരു വലിയ തുക പ്രതിഫലമായി അവർക്കു നൽകപ്പെടുകയും ചെയ്തു. അമൃതമന്ഥന്റെ വിജയത്തോടുകൂടി പ്രസിദ്ധ അഭിനേത്രികളുടെ പട്ടികയിൽ ശാന്താ ആപ്ടേയുടെ നാമധേയവും ഉൾപ്പെടുത്തപ്പെട്ടു. പനിഹാരി, അമർജ്യോതി, അപ്നാഘർ, അമൃതമന്ഥൻ, ദുനിയാനേ മാനേ, സെമീന്ദാർ, വാത്മീകി, കാദംബരി, വിജയലക്ഷ്മി എന്നീ ഹിന്ദിചിത്രങ്ങൾ ശാന്താ ആപ്ടേ അഭിനയിച്ചിട്ടുള്ള ചിത്രങ്ങളിൽവെച്ചു പ്രധാനങ്ങളായവയാണ്. ഇവ ഓരോന്നും ആ നടിയുടെ അനുപമമായ അഭിനയപാടവത്തിന്റെയും കലാകുശലതയുടെയും ഓരോ ചിഹ്നങ്ങളാണ്. "സാവിത്രി" എന്നൊരു തമിഴ്ചിത്രത്തിലും വൈ. വി. റാവുവിനോടുകൂടി ശാന്താ ആപ്ടേ അഭിനയിച്ചിട്ടുണ്ട്. കാമക്രോധാദിഭാവങ്ങളെ തന്മയത്വമായി അഭിനയിക്കാൻ ശാന്താ ആപ്ടേയ്ക്കു അസാധാരണമായ സാമർത്ഥ്യമുണ്ടെന്നു സാവിത്രി എന്ന ചിത്രംതന്നെ സാക്ഷ്യംവഹിക്കുന്നുണ്ട്,

മുപ്പത്തിമൂന്നു വയസ്സു് പ്രായംചെന്നെങ്കിലും ശാന്താആപ്ടേയുടെ യൗവ്വനത്തിനു യാതൊരു വാട്ടവും കോട്ടവും സംഭവിച്ചിട്ടില്ല. ആരോഗ്യത്തെ രക്ഷിക്കുന്നതിലും യൗവ്വനത്തെ അധികകാലം നിലനിർത്തുന്നതിലും അവർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. വൈവാഹികജീവിതം ആരോഗ്യധ്വംസകമാണെന്നും ഒരഭിനേത്രിക്കു് അതു ഉപദ്രവകരമാണെന്നുമാണു ശാന്താ ആപ്ടേ പലപ്പോഴും പ്രസംഗിച്ചിട്ടുണ്ടെങ്കിലും കഴിഞ്ഞവർഷം പൂനായിലെ ഒരു ടെന്നീസ് ചാമ്പ്യനെ അവർ വിവാഹംകഴിക്കുകയുണ്ടായി. ശാന്താആപ്ടേയുടെ സ്വഭാവം ദുഷിച്ചതല്ലെങ്കിലും അഹംഭാവക്രോധാദിസമ്മിശ്രമാണ്. അതുകാരണം പലരുടെയും വിപ്രതിപത്തിക്കും അവർ പാത്രമായിട്ടുണ്ട്. അവരോടൊന്നിച്ചു് ചലച്ചിത്രങ്ങളിൽ പ്രധാനഭാഗങ്ങൾ അഭിനയിച്ചിട്ടുള്ളവരുടെകൂട്ടത്തിൽ ചന്ദ്രമോഹൻ, പൃഥ്വീരാജ്, മോട്ടിലാൽ, പഹാരിസന്യാൽ, നാഗേഗ്, സെയ്യിദ് ഹസ്സൻ ആലി എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്. സുപ്രസിദ്ധസംവിധായകന്മാരായ ദേവകീബോസ്, ഫണിമജുംദാർ, നന്ദലാൽ ജസ്വന്ത്‌ലാൽ, ശാന്താറാം മുതലായവരുടെ നിർദ്ദേശത്തിലാണ് അവർ അധികവും അഭിനയിച്ചിട്ടുള്ളതും.

ഏതു കഥാനായികയുടെ ഭാഗവും അത്യന്തം ഹൃദയാകർഷകവും തന്മയത്വവും ഭാവപൂർണ്ണവുമായും അഭിനയിക്കുന്നതിനു് ആ കലാനേത്രിക്കു് കഴിവുണ്ട്. മദാലസയായ കാമുകിയായോ, പരിഷ്കാരഭ്രാന്തുമുറ്റിയ പട്ടണവാസിനിയായോ, കുഗ്രാമകർഷകിയായോ, വീരയോദ്ധ്രിണിയായോ, കൊള്ളക്കാരിയായോ, പട്ടമഹിഷിയായോ, മുഗ്ദ്ധവതിയായോ, കാട്ടാളത്തിണിയായോ, പതിവ്രതാരത്നമായോ ഏതു ഭാഗവും നൽകിയാലും അസാംഗത്യം കലരാതെ കലാഭംഗിയോടുകൂടി ആ നിപുണയായ നടി വിജയപൂർവം അഭിനയിക്കുന്നതാണ്. ശാന്താ ആപ്ടേ അഭിനയിച്ചിട്ടുള്ള ചിത്രങ്ങൾക്കെല്ലാം അനിതരസാധാരണമായ സ്വീകരണമാണ് എവിടെയും ലഭിച്ചുകൊണ്ടിരിക്കുന്നതും. റോയൽ ടാക്കീസിന്റെ സാവിത്രി എന്ന പുരാണചിത്രത്തിലെ നായികയുടെ ഭാഗവും ശാന്താ ആപ്ടേയാണ് അഭിനയിച്ചിട്ടുള്ളതു്. എന്നാൽതെന്നിന്ത്യൻ സ്റ്റുഡിയോവിലെ ചില അനുഭവങ്ങൾ അവരെ പിന്നീടു് തമിഴ്ചിത്രങ്ങളിൽ അഭിനയിക്കുകയില്ലെന്നു് സത്യപ്രതിജ്ഞ ചെയ്യിക്കുന്നതിനു അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയുണ്ടായി. പ്രധാനമായി അതിനു ഉത്തരവാദിത്വം വഹിക്കേണ്ടതു് ഡയറക്ടർ വൈ. വി. റാവുവാണ്. പ്രഭാത് സ്റ്റുഡിയോവിൽ സത്യാഗ്രഹം അനുഷ്ഠിക്കുന്നതിനും ശാന്താ ആപ്ടേ ഒരവസരത്തിൽ നിർബന്ധിതയായി ഭവിച്ചിട്ടുണ്ടെന്നുള്ളതും അനുസ്മരണീയമാണ്.

കലയിൽ ജീവിതവും ജീവിതത്തിൽ കലയും പ്രതിബിംബിപ്പിച്ചു് അവർ അനസ്യൂതമായി കലാസേവനം നിർവഹിച്ചുകൊണ്ടിരിക്കുന്നു. വിത്തവും വിഖ്യാതിയും അവരെ നിർഗ്ഗളമായി അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ഇനിയും ദീർഘകാലം ചലച്ചിത്രവിഹായസ്സിൽ ആ അനുഗൃഹീതതാരം മങ്ങാതെയും മറയാതെയും മിന്നിത്തിളങ്ങട്ടെ.

—o—

## താരങ്ങളുടെ തിരഞ്ഞെടുപ്പ്

സിനിമാതാരങ്ങളെ തിരഞ്ഞെടുക്കുന്നതിനു ഹോളിവുഡ്ഡിൽ രസകരവും വ്യയഹേതുകവുമായ പല പദ്ധതികളും സ്വീകരിച്ചുകാണുന്നുണ്ട്. "സ്ക്രീൻ അപ്പീൽ" എന്നു പൊതുവെ അറിയപ്പെടുന്ന ഗുണവിശേഷങ്ങളോടുകൂടിയ ഏകദേശം ആറായിരത്തോളം യുവതീയുവാക്കളെ ഹോളിവുഡ്ഡിലെ ടാലന്റ് സ്കൗട്ടുകൾ രാജ്യം മുഴുവൻ ചുറ്റിസഞ്ചരിച്ചു് വർഷംതോറും തിരഞ്ഞെടുക്കാറുണ്ട്. ഹോളിവുഡ്ഡിൽ ഇരുപതിനായിരംപേരും അമേരിക്കയുടെ കിഴക്കൻപ്രദേശങ്ങളിൽ മുപ്പതിനായിരംപേരും വർഷംതോറും കൂടിക്കാഴ്ചകൾ നടത്താറുമുണ്ട്. അഭിമുഖപരിശോധനയ്ക്കു വിധേയരാകുന്ന 90000 പേരിൽ സാധാരണയായി 20-പേരിൽകൂടുതൽ തിരഞ്ഞെടുപ്പിൽ വിജയം വരിക്കാറില്ല. ഇവരിൽതന്നെ ഒന്നോ രണ്ടോപേരായിരിക്കും ഭാവിയിൽ പ്രഖ്യാതതാരങ്ങളായി ഉയർന്നുവരുന്നതും.

സുപ്രസിദ്ധ ചലച്ചിത്രനിർമ്മാതാവായ വാൾട്ടർവാങ്കറിനു് "സലോമിയുടെ നൃത്തം" എന്ന ചിത്രത്തിൽ അഭിനയിപ്പിക്കുന്നതിനുവേണ്ടി അപൂർവസൗന്ദര്യമുള്ള ഒരു യുവതിയെ ആവശ്യമുണ്ടായിരുന്നു. അതിനുവേണ്ടി നിരവധി യുവതികളെ പരിശോധിക്കുകയുണ്ടായി. ഒടുവിൽ 33 പേരെ തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ടവർ തന്നെ സ്ക്രീൻപരിശോധനയ്ക്കു് വിധേയരാക്കപ്പെട്ടപ്പോൾ ഏഴായി ചുരുങ്ങി. ആ ഏഴുപേരെയും ഹോളിവുഡ്ഡിൽ പരിശോധിച്ചപ്പോൾ അയോഗ്യരെന്നുകണ്ടു് തള്ളുകയുണ്ടായി. ഒടുവിൽ ചലച്ചിത്രാഭിനയത്തിനു് സ്വീകരിച്ചതു ഹോളിവുഡ്ഡിൽതന്നെ ഉണ്ടായിരുന്ന "യിവോൺ ഡികാർലോ" എന്ന യുവതിയായിരുന്നു. എന്തെന്നാൽ ആദ്യം തിരഞ്ഞെടുക്കപ്പെട്ട യുവതികൾക്കു് ആർക്കും സ്ക്രീൻ അപ്പീൽ എന്ന ഗുണമില്ലെന്നു് പരീക്ഷണത്തിൽ അനുഭവപ്പെടുകയുണ്ടായി. താരങ്ങളെ തിരഞ്ഞെടുക്കുന്നതിലുള്ള വൈഷമ്യങ്ങളെ ചൂണ്ടിക്കാണിക്കുന്നതിനാണ് ഈ കഥ ഇവിടെ പ്രസ്താവിച്ചതു്.

മറ്റൊരു സംഭവംകൂടി പ്രസ്താവിക്കാം. ആകർഷണീയതയില്ലാത്ത യുവതിയെ മേക്കപ്പും ഫോട്ടോഗ്രാഫിയുംകൊണ്ടു ആകർഷണീയയാക്കിത്തീർക്കാമെന്നു തെളിയിക്കുന്നതിനു അമേരിക്കയിലെ ഒരു ചിത്രനിർമ്മാണശാലക്കാർക്കു് ഒരു സാധാരണ യുവതിയെ ആവശ്യമുണ്ടായിരുന്നു. അതിനു പറ്റിയ ഒരു യുവതിയെ തേടിപ്പിടിക്കുന്നതിനു വളരെ വിഷമങ്ങളുണ്ടായി. ഒടുവിൽ ഹോളിവുഡ്ഡിലെ ഒരു ലഘുഭക്ഷണശാലയിലെ ജോലിനോക്കിനിന്നിരുന്ന ഒരു വികൃതയായ യുവതിയെ പരീക്ഷണത്തിനു വിധേയയാക്കി. അവരുടെ ഫോട്ടോഎടുത്തു ഡവലപ്പുചെയ്തു പ്രധാന എക്സിക്യൂട്ടീവിനു അയച്ചുകൊടുത്തു. ആ ചിത്രം ദർശിച്ചപ്പോൾ അവർക്കു പുതുതായി തെരഞ്ഞുപിടിക്കപ്പെട്ട ഒരു താരത്തിന്റെ പ്രതീതി തോന്നി. തുടർന്നു ആ യുവതിയുടെ സ്ക്രീൻ പരിശോധനയും നടത്തി. അതിലും അവർ വിജയിച്ചു. അവസാനം ആ യുവതിയുമായി ചിത്രനിർമ്മാണകർ കരാറിൽ ഏർപ്പെടുകയുംചെയ്തു. അവർക്കു സ്ക്രീൻ അപ്പീൽ ഉണ്ടായിരുന്നു താനും. ഇതിനെല്ലാം മുഖ്യകാരണവും, ഇപ്രകാരം [illegible] അപ്രതീക്ഷിതവുമായിട്ടും യുവതികൾ ചലച്ചിത്രതാരങ്ങളായിത്തീർന്നിട്ടുണ്ട്. സ്ക്രീൻ അപ്പീൽ എന്നു പറഞ്ഞാൽ സൗന്ദര്യമോ അഭിനയമോ വാസനയോ അല്ലെന്നുള്ളതും പ്രത്യുത അതു ജന്മസിദ്ധവും അന്യർക്കു കണ്ടുപിടിക്കുവാൻ വൈഷമ്യമുള്ള ഒരു അസ്ഥൂലലക്ഷണമാണെന്നും വ്യക്തമാകുന്നുണ്ടല്ലോ.

താരങ്ങളെ അന്വേഷിച്ചു രാജ്യത്തിനുള്ളിൽ പര്യടനംനിർവഹിച്ചുകൊണ്ടിരിക്കുന്ന സ്കൗട്ടുകൾ അനവധി യുവതികളുമായി അഭിമുഖസംഭാഷണങ്ങൾ നടത്താറുണ്ട്. സുന്ദരികളായ യുവതികളെ തേടിത്തിരഞ്ഞുപിടിക്കുന്നതിനുള്ള സ്കൗട്ടുകളുടെ വൈദഗ്ദ്ധ്യവും ഒന്നുവേറെതന്നെയാണ്. യുവതികളുടെ ഓജസ്സ്, വശ്യമായ ആകർഷണീയത, വിനോദത്തിലുള്ള രസം, വ്യക്തിമാഹാത്മ്യം എന്നീ ഗുണങ്ങളാണ് സ്കൗട്ടുകളുടെ ശ്രദ്ധയെ കൂടുതൽ ആകർഷിക്കുന്നതും. പെൺകുട്ടികൾ ആദ്യമായി പരീക്ഷണത്തിനു വിധേയമാകുമ്പോൾ അവരുടെ പൂർവ്വചരിത്രംമുഴുവനും സ്കൗട്ടിനെ ഗ്രഹിപ്പിക്കുവാൻ ബാദ്ധ്യസ്ഥരാണ്. പ്രാരംഭപരിശോധനകൾ തൃപ്തികരമായിതീർന്നാൽ പ്രഥമാഭിനയത്തിനുള്ള പരിശീലനത്തിനു വിധേയരാകണം. അതിലും വിജയം നേടിയാലെ അവസാനമായി തിരഞ്ഞെടുക്കുകയുള്ളു.

അമേരിക്കയിൽ താരങ്ങളെ തേടിനടക്കുന്ന സ്കൗട്ടുകളുടെ ജീവിതവും സമാധാനപ്രദമായ ഒന്നല്ല. ഒരുപ്രാവശ്യം അനുകൂലമായ മറുപടിപറയുമ്പോൾ എഴുനൂറുപ്രാവശ്യം നിഷേധരൂപത്തിലുള്ള മറുപടിനൽകേണ്ട നിർഭാഗ്യകരമായ ജോലിയാണ് അവർ നിർവഹിക്കേണ്ടതു്. പുത്രീവത്സലകളായ മാതാക്കൾ അവരെ ആപ്പീസിലും വീട്ടിലും ശല്യംചെയ്യാറുണ്ട്. തൊഴിലില്ലാത്ത യുവാക്കളുടെയും ചലച്ചിത്രനടന്മാരായിത്തീരുന്നതിനു ആഗ്രഹിക്കുന്നവരുടെയും ശല്യം അസഹ്യമായിരിക്കും. ചുരുക്കത്തിൽ താരങ്ങളായിത്തീരുന്നവരെയുള്ള നടികളുടെ ജീവിതവും അവരെ തിരഞ്ഞെടുക്കുന്ന സ്കൗട്ടുകളുടെ ജീവിതവും വളരെ വൈഷമ്യമേറിയവയാണ്.

—o—

# പ്രൊ: ഹാരോൾഡ് ലാസ്കി

## വിശ്വവിശ്രുതനായ ഒരു സോഷ്യലിസ്റ്റ്

ഒരിക്കൽ പ്രൊഫസ്സർ ലാസ്കി തന്നെപ്പറ്റിത്തന്നെ പറയുകയുണ്ടായി. വിമർശനവും ചിന്തയും തൊഴിലാക്കിയിട്ടുള്ള അപകടം പിടിച്ച കൂട്ടത്തിൽപ്പെട്ട ഒരാളാണു താനെന്നു്.

വളരെ അധികം ഗ്രന്ഥങ്ങളുടെ കർത്താവാണു പ്രൊഫസ്സർ ലാസ്കി. 35 വർഷത്തിനു മുമ്പു് കാലേജുവിട്ടതുമുതല്ക്കു അദ്ദേഹം ഒരു യൂനിവേഴ്സിറ്റി പ്രൊഫസ്സറായിരുന്നു. തൊഴിലാളിനേതാക്കന്മാരുടെ കൂട്ടത്തിൽ ധിഷണാശക്തിയെ അടിസ്ഥാനമാക്കി ചിന്തിച്ചാൽ ഏറ്റവും മുന്നണിയിലുള്ള സ്ഥാനമാണു അദ്ദേഹത്തിനുണ്ടായിരുന്നതു. 1945-46 വർഷത്തിൽ അദ്ദേഹം ലേബർപാർട്ടി എക്സിക്യൂട്ടീവിന്റെ ചെയർമാനായിരുന്നു.

1893 ജൂൺ 30-ാംനു- മാഞ്ചസ്റ്ററിലാണു ലാസ്കി ജനിച്ചതു. അദ്ദേഹത്തിന്റെ അച്ഛനായ നാഥൻലാസ്കി പ്രമാണിയായ ഒരു പൗരനും ബ്രിട്ടനിലെ ജൂതന്മാരുടെ നേതാവും ആയിരുന്നു. അദ്ദേഹത്തിന്റെ അമ്മയാകട്ടെ സിറ്റികൗൺസിലർ, ആൾഡർമാൻ, രക്ഷകർത്തൃസംഘത്തിലെ അംഗം, പബ്ലിക്ക് അസിസ്റ്റൻസ് കമ്മിറ്റിയുടെ ചെയർമാൻ എന്നീ വിവിധനിലകളിൽ പൊതുരംഗത്തു പ്രവർത്തിച്ചിട്ടുണ്ട്. സുപ്രസിദ്ധമായ മാഞ്ചസ്റ്റർ ഗ്രാമർ സ്കൂളിലാണു അദ്ദേഹം ആദ്യം വിദ്യ അഭ്യസിച്ചതു്. തുടർന്നു ഓക്സ്ഫോർഡു ന്യൂകാളേജിൽ ചേരുകയും, 1913-ൽ ബീറ്റ് എസ്സേ സമ്മാനം കരസ്ഥമാക്കുകയും ചെയ്തു. അടുത്തവർഷം മോഡേൺ ഹിസ്റ്ററിസ്കൂളിൽനിന്നും ഒന്നാംക്ലാസ്സ് ആണേഴ്സോടുകൂടി ഗ്രഡുവേറ്റായി പുറത്തുവന്നു.

ആദ്യലോകമഹായുദ്ധം പ്രഖ്യാപിച്ചതിന്റെ തൊട്ടടുത്ത ദിവസംതന്നെ യുദ്ധത്തിൽ ചേരുവാൻ പേരുകൊടുത്തു. എന്നാൽ ആരോഗ്യപരമായ കാരണങ്ങളാൽ അദ്ദേഹത്തിന്റെ സേവനം നിരസിക്കപ്പെട്ടു. പിന്നെയും രണ്ടുപ്രാവശ്യം യുദ്ധത്തിൽചേരാൻ സന്നദ്ധനായെങ്കിലും ഫലം ആദ്യത്തേതുതന്നെയായിരുന്നു. മാക്ഗിൽ യൂനിവേഴ്സിറ്റിയിലെ ഒരു ലക്ചററായി 1914-ൽ അദ്ദേഹം കാനഡായിലേക്കുപോയി. അതിനുശേഷം 1916 മുതൽ 1920-വരെ ഹാർവേഡു യൂനിവേഴ്സിറ്റിയിൽ പ്രൊഫസ്സർ ആയി അമേരിക്കയിലും താമസിച്ചു.

1920-ൽ അദ്ദേഹം ഇംഗ്ലണ്ടിലേക്കു മടങ്ങി, അദ്ദേഹം അവിടെ ലണ്ടൻ സ്കൂൾ ആഫ് എക്കണോമിക്സിൽ ജോലിനോക്കി. 1926-ൽ 33 വയസ്സു തികയുന്നതിനു മുമ്പുതന്നെ ലണ്ടൻ യൂനിവേഴ്സിറ്റിയിൽ ഗ്രഹാംവല്ലാസിന്റെ സ്ഥാനത്തു പ്രൊഫസ്സറായി നിയമിക്കപ്പെട്ടു. ഈ സ്ഥാനം അദ്ദേഹം അവസാനംവരെ തുടർന്നു വഹിച്ചുപോന്നു. യേൽയൂനിവേഴ്സിറ്റിയിൽ പ്രസംഗം നടത്തുന്നതിനായി അദ്ദേഹം 1931-ലും 1933-ലും ക്ഷണിക്കപ്പെട്ടു. കേംബ്രിഡ്ജിലെ മാഗ്ഡലൻ കാളേജിലും ഡബ്ലിനിലെ ട്രിനിറ്റികാളേജിലും അദ്ദേഹം പ്രസംഗങ്ങൾ നടത്തി.

കുമാരാവസ്ഥയിൽ ലാസ്കി ഒരു ലിബറൽ ആയിരുന്നു. 13-ാമത്തെ വയസ്സിൽ അദ്ദേഹം ഒന്നാമതായിചെയ്ത രാഷ്ട്രീയപ്രസംഗം, അന്നു ഒരു ലിബറൽസ്ഥാനാർത്ഥിയായിരുന്ന മി: വിൻസ്റ്റൺചർച്ചിലിനെ പിന്താങ്ങിക്കൊണ്ടുള്ളതായിരുന്നു. ചർച്ചിൽ ഒരുകാലത്തു ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിത്തീരുമെന്നു അന്നു അദ്ദേഹം ദീർഘദർശനംചെയ്യുകയുണ്ടായി. കാളേജിൽവച്ചു അദ്ദേഹം ഫെബിയൻസൊസൈറ്റിയിൽ ഒരംഗമായി ചേർന്നു. അമേരിക്കയിൽനിന്നു മടങ്ങിവന്നതു് ബോധവാനായ ഒരു സോഷ്യലിസ്റ്റായിട്ടായിരുന്നു, 1922 മുതൽ 1936 വരെ ഫേബിയൻസൊസൈറ്റി എക്സിക്യൂട്ടീവിലെ ഒരു മെമ്പറായിരുന്നു അദ്ദേഹം. സോഷ്യലിസത്തെസംബന്ധിക്കുന്ന നിരവധി ലഘുലേഖകളും പ്രബന്ധങ്ങളും അദ്ദേഹം രചിച്ചു. 1936-ൽ അദ്ദേഹത്തെ ലേബർപാർട്ടി എക്സിക്യൂട്ടീവിലേക്കു തെരഞ്ഞെടുത്തു. 1944-ൽ വൈസ്ചെയർമാനായും അതിനടുത്തകൊല്ലം ചെയർമാനായും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു.

ലാസ്കി റഷ്യയുടെ ഒരു ഉറച്ചസുഹൃത്തും ആരാധകനും ആയിരുന്നു. റഷ്യയുമായി സാംസ്കാരികബന്ധം പുലർത്തുന്ന സൊസൈറ്റിയുടെ വൈസ്ചെയർമാനും അദ്ദേഹമായിരുന്നു. ഇൻസ്റ്റിട്യൂട്ട് ആഫ് സോവിയറ്റ്‌ലാ എന്ന സ്ഥാപനത്തിനുവേണ്ടി പ്രസംഗിക്കുന്നതിനായി അദ്ദേഹം 1934-ൽ റഷ്യ സന്ദർശിച്ചു. കാൺസ്റ്റിട്യൂഷനൽ റപ്രസന്റേറ്റീവ് ഗവർമ്മെന്റ് എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗവിഷയം. കമ്മ്യൂണിസ്റ്റ് സ്രോതസ്സുകളിൽനിന്നു് നിരൂപണങ്ങളും തർക്കങ്ങളും പുറപ്പെട്ടുവെങ്കിലും സോവിയറ്റ്‌യൂണിയനിൽ ജനസമ്മിതിയുള്ള ഒരു ആതിഥേയനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുവാൻ ധാരാളം ആളുകൾ കൂടിയിരുന്നു. പ്രസംഗങ്ങൾ വളരെ മതിക്കപ്പെടുകയും ചെയ്തു. ഇംഗ്ലണ്ടിൽ തിരിച്ചെത്തി ഒരുകൊല്ലം കഴിഞ്ഞപ്പോൾ, "സോവിയറ്റ് റഷ്യയിലെ നിയമവും നീതിയും" എന്ന ഒരു ഗ്രന്ഥം അദ്ദേഹം പ്രസിദ്ധംചെയ്തു.

യുദ്ധത്തിനുശേഷം യൂറോപ്പിൽവച്ചുനടന്ന പല കാൺഫറൻസുകളിലും ലാസ്കി ഇംഗ്ലണ്ടിനെ പ്രതിനിധീകരിച്ചു. ഫ്രഞ്ചുസോഷ്യലിസ്റ്റ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ 1945-ൽ പാരീസിൽനടന്ന കാൺഫറൻസിലും, കോപ്പൻഹേഗനിൽവച്ചു നടന്ന ഡാനിഷ് സോഷ്യൽ ഡെമോക്രാറ്റുകളുടെ യോഗത്തിലും, ഓസ്ലോയിൽവച്ചുനടന്ന നാർവിജിയൻലേബർപാർട്ടികാൺഫറൻസിലും അദ്ദേഹം സംബന്ധിച്ചു. 1946-ഏപ്രിലിൽ ഫ്ളോറൻസിൽവച്ചുനടന്ന ഇറ്റാലിയൻ സോഷ്യലിസ്റ്റ്കാൺഫറൻസിലേക്കുപോയ ഒരു പ്രതിനിധിസംഘത്തിന്റെ നേതൃത്വം ലാസ്കി വഹിച്ചു. റഷ്യയും പോളണ്ടും സന്ദർശിച്ച സൗഹൃദസംഘത്തിന്റെ നേതൃസ്ഥാനത്തേയ്ക്കും താമസിയാതെതന്നെ അദ്ദേഹം നിയമിതനായി.

അക്രമത്തിന്റെ അകമ്പടംപിടിച്ച ഒരു പ്രവാചകനാണ് ലാസ്കിയെന്നു് പലപ്രാവശ്യവും മുദ്രയടിക്കപ്പെട്ടിട്ടുണ്ട്. 1934-ൽ അദ്ദേഹം റഷ്യയിൽ നടത്തിയ പ്രസംഗങ്ങൾ ബ്രിട്ടനിൽ അല്പം ഒരിളക്കമുണ്ടാക്കി. പാർലമെന്റിൽ ചോദ്യങ്ങൾക്കും അതിടയാക്കി. എന്നാൽ സോഷ്യൽഡെമോക്രാറ്റിക്ക് സ്ഥിതിയെപ്പറ്റിയുള്ള ഒരു പ്രസ്താവന മാത്രമാണ് താൻ റഷ്യയിൽ ചെയ്തതെന്നും, ഡെമോക്രസി ദുർഘടസന്ധിയിൽ എന്ന തന്റെ പുസ്തകത്തിലെ വിവരങ്ങൾമാത്രമാണ് അതിൽ ഉണ്ടായിരുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. 1945 ലെ പൊതുതെരഞ്ഞെടുപ്പുസമരകാലത്തും അദ്ദേഹത്തിന്റെ പേരു വലിയ ഒച്ചപ്പാടിനു കാരണമാക്കി. "സമ്മതപ്രകാരമുള്ള വിപ്ലവം" മുഖേന സോഷ്യലിസം കൈവരുത്തുക എന്നതാണ് അദ്ദേഹത്തിന്റെ പ്രഖ്യാപിതമായ ആദർശം. അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിശ്വാസപ്രമാണമാകട്ടെ വ്യക്തിസ്വാതന്ത്ര്യവും ആകുന്നു. "മനുഷ്യന്റെ അവകാശങ്ങൾ" എന്ന പേരിൽ അടുത്തകാലത്തു് അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ലഘുലേഖയിൽ, ഗ്രീസിലേയും ക്രിസ്തുമതത്തിലേയും തത്വശാസ്ത്രങ്ങളുടെ സംഗ്രഹമത്രെ" പാശ്ചാത്യപരിഷ്കാരം" എന്നു പറഞ്ഞിരിക്കുന്നു.

# മലയാളരാജ്യം

ആഴ്ചപ്പതിപ്പ്

പുസ്തകം ൨൨ | കൊല്ലം, ൧൧൨൫ മേടം ൧൮-ാംനു തിങ്കളാഴ്ച 1st May 1950. | ലക്കം ൨൩൨


## *ഒരു കൃതജ്ഞതാപ്രകാശനം

വള്ളത്തോൾ



സദസ്യർക്കെല്ലാവർക്കും വെവ്വേറെ നമസ്കാരം; അദ്ധ്യക്ഷപീഠം അലങ്കരിക്കുന്ന ഗവർണ്ണർമഹാരാജാവവർകൾക്കും പത്നീരാജ്ഞിക്കും വിശേഷേണ കൂപ്പുകൈകൾ!

ഈ ആന്ധ്ര-കർണ്ണാടക-ദ്രാവിഡ-സംസ്കൃതകവികളുടെ ഒരു എളിയ കൂട്ടുകാരനായി, ആസ്ഥാനകവിത്വം വഹിക്കുന്നതിൽ എനിക്കു് ആഹ്ലാദംമാത്രമല്ല, അഭിമാനംകൂടിയുണ്ടു്; ഇതിനിടവരുത്തിയ തിരഞ്ഞെടുപ്പുമെമ്പർമാരോടു ഞാൻ ഒന്നാമതായി നന്ദി പറയട്ടെ.

ബഹുമാനപ്പെട്ട മദിരാശിഗവമ്മേണ്ടിന്റെ ഈ വിലയേറിയ സമ്മാനം മനസ്സുനിറഞ്ഞ കൃതജ്ഞതയോടും സന്തോഷത്തോടുംകൂടിയാണു ഞാൻ എന്റെ കിഴവൻകൈകൾ കൊണ്ടു വാങ്ങുന്നതു്. ആരുടെ രാജ്യത്താണോ, ആയിരത്തിൽപ്പുറംവർഷങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന ഹേമചന്ദ്രനെന്ന ഋഷിതുല്യനായ മഹാകവിയുടെ 'ത്രിഷഷ്ടിശലാകാപുരുഷചരിതം' എന്ന മഹത്തരമായ ജൈനസംസ്കൃതകാവ്യം അച്ചടിക്കപ്പെട്ടതു്; അതൊന്നുകൊണ്ടുതന്നെ തന്റെ സഹജമായ സാഹിത്യപോഷണൌദാര്യം വെളിപ്പെടുത്തിയ ആ ഭവനഗരമഹാരാജാവിന്റെ ഹസ്തത്താലാണു്, ഈ കവിമുദ്ര നല്കപ്പെട്ടതെന്നതാകട്ടേ, എന്റെ സന്തോഷത്തെ ഒന്നുകൂടി മധുരമാക്കിത്തീർക്കുന്നു.

മദിരാശിഗവമ്മേണ്ടിന്റെ സാഹിത്യപ്രീതിയാകുന്ന പുതുവല്ലിമേലുണ്ടായിവന്ന ഈ പൊൻ-വെള്ളിപ്പൂവു്, വാർദ്ധക്യത്തിന്റെ വെണ്ണീർപ്പരണ്ട എന്റെ നെഞ്ചിന്നു് എത്രകണ്ടു യോജിക്കുമോ, ആവോ? അഥവാ, ഇതിന്റെ സൂര്യപ്രകാശം, പ്രിയപ്പെട്ട കവിരത്നങ്ങളേ, നിങ്ങളുടെ ഇടയിൽ ഈ വെള്ളാരങ്കല്ലിനേയും വൈരക്കല്ലാക്കിത്തോന്നിക്കുമെന്നു ഞാൻ സമാശ്വസിക്കട്ടെ!

കലാകാരന്മാരെ സഹായിപ്പാനും പ്രോത്സാഹിപ്പിക്കാനും മററു ഗവമ്മേണ്ടുകൾക്കു മാതൃകയായിത്തീരുംവണ്ണം മദിരാശിഗവമ്മേണ്ടു് തുടങ്ങിയിട്ടുള്ളതിന്റെ ഒരു നാന്ദിയാണു്, ഈ കവിസ്വീകരണം എന്നു ഞാൻ ആശിക്കുന്നു.

മഹാശയന്മാർക്കെല്ലാം ഒരിക്കൽ കൂടി വന്ദനം!

—o—

*1949 ആഗസ്റ്റ് 14-ാംനു മദിരാശി ഗവർണ്ണർ ധർബാറിൽവച്ചു് ആസ്ഥാനകവിമുദ്രയും പട്ടും സമ്മാനിച്ചപ്പോൾ, വള്ളത്തോൾ നന്ദിപറഞ്ഞതു്.

# ഈ ആഴ്ചയിലെ നക്ഷത്രഫലം

൧൮-൯-൧൧൨൩-മുതൽ ൨൪-൯-൧൧൨൩-വരെ
൧-൫-൧൯൪൮ ,, ൭-൫-൧൯൪൮ ,,

തകഴി കെ. രാമവാര്യർ

അശ്വതി—ഭരണീയരുമായിട്ടുള്ള ഭിന്നിപ്പുകളാക്കിടവരും. സന്താനങ്ങളാൽ പല വിധമനഃപീഡകൾക്കു വഴിയുണ്ട്. വരുമാനത്തിനേക്കാൾ ഗൃഹാവശ്യങ്ങൾക്കു ചെലവുകൂടും. എന്നാൽ കാര്യങ്ങൾ ഒരുവിധം ഭംഗിയിൽ നടത്തിക്കൊണ്ടുപോകയും ചെയ്യും.

ഭരണി.—സജ്ജനസഹവാസത്തിനും സല്ക്കാര്യങ്ങൾ നടത്തുന്നതിനും സംഗതിയാകും. സ്വജനങ്ങളുടെ മൈത്രീബന്ധം പുഷ്ടിപ്പെടും. സദ്വിഷയങ്ങളിൽ പണം നിർല്ലോഭം ചെലവാക്കും. വിനോദങ്ങളിൽ താല്പര്യംകൂടും.

കാർത്തിക—നയക്കുറവു നിമിത്തം ശത്രുക്കൾ വളരും. ശരീരക്ലേശകരങ്ങളായ പ്രവൃത്തികളിൽ ഏർപ്പെടും. അപഥസഞ്ചാരങ്ങൾ നടത്തും. പ്രയത്നഫലം ആവശ്യത്തിനുപകരിക്കയില്ല. പണത്തിനു വിഷമിക്കും.

രോഹിണി—കഴമ്പില്ലാകളുള്ള വിഷയങ്ങളെപ്പറ്റി ചിന്തിച്ചു ഹൃദയം ചൂടുപിടിപ്പിക്കും. ആശ്രിതരാൽ ധനനഷ്ടവും കാര്യവിളംബത്തിനും ഇടവരും. പ്രവർത്തനരംഗത്തു കുഴപ്പങ്ങളുണ്ടാകും. കാര്യവ്യാകുലത സംഭവിക്കും.

മകയിരം—ആത്മസുഹൃത്തുക്കളെക്കൊണ്ടു വിഷമാവസരത്തിൽ സഹായവും സമാധാനവും ലഭിക്കും. ആഗ്രഹങ്ങൾ പലതും നടപ്പിലാക്കുന്നതിന് എളുപ്പമല്ലാതെവരും. തൊഴിൽപരമായ പുരോഗതി ഒരേമട്ടിൽത്തന്നെ ഇരിക്കും.

തിരുവാതിര—അദ്ധ്വാനം, സഞ്ചാരം എന്നീകാരണങ്ങളാൽ ആരോഗ്യം കുറയും. അവിചാരിതമായി ചില കലഹങ്ങൾ പൊട്ടിപ്പുറപ്പെടും. സ്ത്രീവർഗ്ഗത്താൽ മനസ്സുഖം കുറയും. വ്യാപാരത്തിനും ഒരു മ്ലാനാവസ്ഥയായിരിക്കും.

പുണർതം—പൊതുജനസ്ഥാപനപുരോഗതിക്കുവേണ്ടി പ്രവർത്തിക്കും. ഭരണകാര്യങ്ങൾ ഭംഗിയായി നടത്തും. വ്യാപാരകാര്യങ്ങളിൽ അഭിവൃദ്ധിയും പ്രയോജനവും ലഭിക്കും.

പൂയം—പ്രബലന്മാരുടെ വൈരത്തിനിടയാകും. സംയുക്തപ്രവർത്തനത്തിൽ പങ്കെടുക്കും. കാര്യനഷ്ടങ്ങളാക്കിടവരും. ദേഹത്തിൽ പരുക്കുകൾ ഏൽക്കും. വേർപാടുകളും വിരഹങ്ങളും നിമിത്തം സന്താപം ജനിക്കും.

ആയില്യം—സ്വപ്രവൃത്തികളിൽ ആദായവും സന്തോഷവും കിട്ടും. പ്രതീക്ഷയ്ക്കു സ്ഥിരനിശ്ചയത്തോടുകൂടി പ്രയത്നിക്കും. സന്താനസംരക്ഷണത്തിനുവേണ്ടി പല ത്യാഗങ്ങളും ക്ലേശങ്ങളും സഹിക്കും. പക്ഷെ ഏതു കാര്യത്തിനും വ്യയം കൂടിവരും.

മകം—പരിസരം പുഷ്ടിപ്പെടുത്തുന്നതിന് രാപകൽ അദ്ധ്വാനിക്കും. പ്രതീക്ഷപോലെ കാര്യങ്ങൾ നടക്കയില്ല. കളത്രാരിഷ്ടത കാണും. സംഘസംരക്ഷണത്തിൽ സന്തുഷ്ടി പ്രകടിപ്പിക്കും. വിമർശനാശേഷി വളരും.

പൂരം—സമാധാനക്കുറവിനാൽ നഷ്ടവും അപവാദവും സ്വജനവിരോധവും ഉണ്ടാകും. ദന്തരോഗങ്ങൾ പിടിപെടും. ദിനചര്യകൾ പലതും മുടങ്ങും.

ഉത്രം—ദുഷ്കരങ്ങളായ പല കാര്യങ്ങളും പ്രവർത്തിച്ചു സംതൃപ്തിയാർജ്ജിക്കും. കോപാവേശവാൻ മനസ്സ് ക്ഷോഭിച്ചു വഴക്കുകളിൽ ഏർപ്പെടരുത്. അപവാദങ്ങളും തെറ്റിദ്ധാരണകളും ഉണ്ടാകും. നീർവീഴ്ചാദികൾ വരും.

അത്തം—സ്വന്തം ജനങ്ങളുമായി കലഹിക്കും. കുടുംബാവശ്യങ്ങൾ സാധിക്കുവാൻ വിഷമിക്കും. അധികൃതവിദ്വേഷം വളരും. തൊഴിലുകൾ ഒരുവിധം തട്ടിമുട്ടി നടത്തും. വ്യാഴാഴ്ചശേഷം അല്പം വ്യതിയാനങ്ങൾ പ്രതീക്ഷിക്കാം.

ചിത്തിര—കർത്തവ്യനിർവ്വഹണത്തിൽ പരിഭ്രാന്തി ജനിച്ചുകൊണ്ടിരിക്കും. ത്രിദോഷങ്ങൾ കോപിക്കയാൽ വ്യയം അധികമായിവരും. സ്നേഹിതരാൽ കാര്യലാഭം ഉണ്ടാകും. എതിരഭിപ്രായം വർദ്ധിക്കും.

ചോതി—അനാരോഗ്യവും അനാസ്ഥയും വ്യവസായത്തിനു മന്ദഗതിയെ ഉണ്ടാക്കും. വാതകോപത്തിനും ശരീരസ്വാസ്ഥ്യത്തിനും ഇടയുണ്ട്. പരിജനങ്ങളുടെ പെരുമാറ്റം പരിഭ്രമഹേതുവായി പരിണമിക്കും.

വിശാഖം—സാമൂഹ്യപ്രവർത്തനങ്ങളിൽ സഹകരിക്കും. ഇതരന്മാരുടെ സഹായം കർമ്മപുഷ്ടിയുണ്ടാക്കും. ചുറ്റുപാടുകൾ മലീമസങ്ങളായിരിക്കും. സ്വാതന്ത്ര്യവും ലബ്ധിയും പ്രത്യക്ഷപ്പെടുത്തും.

അനിഴം—സഹോദരസഹപ്രവർത്തകർ മൂലം ചില ക്ലേശങ്ങളും നഷ്ടവും സംഭവിക്കും. പ്രവർത്തനങ്ങളുടെ അഭിവൃദ്ധിക്കുള്ള ശ്രമം വിഫലപ്പെടും. പൊതുജനസേവനങ്ങളാൽ പ്രീതി ആർജ്ജിക്കും.

തൃക്കേട്ട ചുമതലാധിക്യത്താൽ വിശ്രമം കുറയും ക്ഷീണവും ഉഷ്ണാധിക്യവുംകൂടിയിരിക്കും. സ്വന്തം കാര്യങ്ങളിൽ തകരാറുകൾ വരുത്തിവെയ്ക്കും. ആശ്രിതരുടെ അസുഖം മനസ്സമാധാനം നൽകയില്ല സന്താനങ്ങൾക്ക് സുഖം കുറവായിരിക്കും.

മൂലം—വൈരാഗ്യബുദ്ധി വർദ്ധിക്കും. മതബോധത്തിനും വിദ്യാഭ്യാസവിഷയത്തിനും തീവ്രശ്രമങ്ങൾ നടത്തും. ചിത്തശല്യം വിട്ടൊഴിയുകയില്ല. സ്ഥാനചലനത്തിനോ അഭിലഷിതകാര്യവിഘ്നത്തിനോ ഇടയുണ്ട്. വരുമാനങ്ങൾക്കു കുറവുതട്ടും.

പൂരാടം—സ്ത്രീകളാൽ മനസ്സുഖം കുറവായിരിക്കും. കാര്യങ്ങൾ ഭംഗിയിൽ നടത്തുവാൻ വിഷമിക്കും. ബിസിനസ്സുകളിൽ ആദായം ലഭിച്ചുകൊണ്ടിരിക്കും. ഉചിതമല്ലാത്ത വിക്രമപ്രവൃത്തികളിൽ വക്രത പ്രത്യക്ഷപ്പെടുത്തും.

ഉത്രാടം—ലാഭത്തിനും വിജയത്തിനുംവേണ്ടി സദാ പണിപ്പെട്ടുകൊണ്ടിരുന്നാലും ഫലം തുച്ഛമായിരിക്കും. ഗൃഹത്തിൽ അനൈക്യത്തിനും സ്നേഹിതരുടെ അസുഖത്തിനുമിടയുണ്ട്. ഈശ്വരാനുഗ്രഹം സമാധാനം ഇടയ്ക്കിടെ ലഭിക്കുന്നതിനുപകരിക്കും.

തിരുവോണം—അനുസരണവും ചുമതലയും വിട്ടുള്ള പെരുമാറ്റം സന്താപഹേതുകമായി പരിണമിക്കും. ശാരീരികമായും മാനസികമായും സുഖം കാണുകയില്ല പണമിടപാടുകളിൽ കുഴപ്പം നേരിടും. സ്നേഹത്തോടുകൂടി പെരുമാറുന്നവർ ഗൃഹത്തിലും വെളിയിലും ഉണ്ടായിരിക്കയില്ല.

അവിട്ടം—സ്വജനങ്ങളുടെ നീരസത്തിനിടവരും. ഹൃദയം അനുചിതചിന്തകളാൽ അസ്വസ്ഥമാകും. കളത്രസുഖം കുറവായിരിക്കും. ബന്ധുക്കളുടെ അകന്ന മനോഭാവം മൗഢ്യതക്കിടനൽകും. അവിചാരിതവ്യയങ്ങൾ ഉണ്ടാകും. ഭക്ഷണസുഖം കുറയും.

ചതയം—വൃഥാ അപവാദവും കാര്യനഷ്ടവും സംഭവിക്കും. കാര്യങ്ങളിൽ വൈഷമ്യവും കളത്രവിഷയമായി മനഃപീഡയും ഉണ്ടാകും. കൊടുത്ത പണത്തിനു വിഷമിക്കും. സത്യം തുറന്നു പറഞ്ഞാലും അന്യർക്കു വിശ്വാസം ജനിക്കയില്ല.

പൂരുരുട്ടാതി—സ്വതന്ത്രമായ പെരുമാറ്റങ്ങൾ ജനങ്ങളെ വെറുപ്പിക്കും. ഗൃഹസുഖം അല്പം കുറഞ്ഞിരിക്കും. പരിചാരകർ അനർത്ഥങ്ങൾ വരുത്തിവെയ്ക്കും. പണസംബന്ധമായി കൃഷി ആവശ്യത്തിനു വിഷമിക്കും; പതനഭയവും പരുക്കും വരാതെ സൂക്ഷിക്കണം.

ഉത്രട്ടാതി—സ്നേഹിതസഹകരണം സംതൃപ്തിവരുത്തും. വ്യവസായകാര്യങ്ങളിൽ ഗുണം ലഭിക്കുമെങ്കിലും വ്യയംകൂടും. ഗൃഹകാര്യങ്ങൾ ഭദ്രമായിരിക്കും.

രേവതി—അലസത വർദ്ധിക്കും, ആരംഭിക്കുന്ന കാര്യങ്ങൾ പൂർത്തീകരിക്കയില്ല, അന്യദേശത്തുനിന്നും സന്തോഷകരമായ എഴുത്തോ ധനപ്രയോജനവും ലഭിക്കും, വ്യയമാർഗ്ഗങ്ങൾക്കു ഒരു ശമനം വരികയില്ല. വായുക്ഷോഭംവരും രക്തശുദ്ധി കുറയും.

—o—

ശാസ്ത്രപംക്തി

# ശ്രാക്ക് (Shark)

വി. വി. രവീന്ദ്രൻ, D. Sc. (Fish)

സമുദ്രങ്ങളിൽ ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു മത്സ്യമാണ് ശ്രാക്ക്. ചെറക്, പിറക്, സ്രാവ് എന്നീപേരുകളിലും ഇതിനെ അറിയപ്പെടുന്നു. ഇതു് മററു മത്സ്യങ്ങളെപ്പോലെതന്നെ ജലത്തിനുള്ളിൽ ജീവിക്കുന്നു. ഒരടിമുതൽ 15-അടിവരെ നീളത്തിൽ വളരുന്നതും; നാലിഞ്ചുമുതൽ 10-അടിവരെ വണ്ണംവരുന്നതുമായ ശ്രാക്കുകൾ നമ്മുടെ സമുദ്രങ്ങളിൽ സമൃദ്ധിയായി കാണപ്പെടുന്നു. അറേബ്യൻകടൽ, ബംഗാൾഉൾക്കടൽ എന്നീ ഇന്ത്യൻസമുദ്രങ്ങളിൽ ഇതിനെ നിത്യേനയെന്നോണം വേധനംനടത്തിവരുന്നു. ആസ്ത്രേലിയൻസമുദ്രങ്ങളിലും ഇവ സുലഭമാണ്. അമേരിക്ക, യൂറോപ്പ് മുതലായ പാശ്ചാത്യരാജ്യക്കാർ ഇതിനെ അനർഘവും അമൂല്യവുമായ വസ്തുവായി കരുതുന്നു, ഭക്ഷണസാധനങ്ങളുടെ പട്ടികയിൽ ഇവയ്ക്കു ഒരു നല്ലസ്ഥാനം നൽകപ്പെടുന്നു. പാശ്ചാത്യരെപ്പോലെ ശ്രാക്കുപയോഗിക്കുന്നതിൽ തല്പരതയുള്ളവർ മറെറങ്ങും ഇല്ലതന്നെ.

ശ്രാക്കിന്റെ ഇറച്ചി (മാംസം) ആഹാരമായും അതിന്റെ കരളിൽനിന്നും ഉല്പാദിപ്പിക്കുന്ന എണ്ണ ഔഷധമായും തീരുന്നു. മാംസംകൊണ്ടു പലവിധത്തിലുള്ള പലഹാരങ്ങൾ (Fish Sweets) ഇന്നു പാശ്ചാത്യരാജ്യങ്ങളിലെ പല പ്രശസ്ത കമ്പനിക്കാരും നിർമ്മിച്ചു വില്പന നടത്തിവരുന്നു. അതുപോലെതന്നെ ഇതിന്റെ കരൾ ഉരുക്കി എടുക്കുന്ന എണ്ണ (Shark Liver Oil) ഏററവും ഗുണകരമായ ഔഷധമാണ്. വൈററമിൻ സി. ഇ. ജി. (C. E. G.) എന്നീ അംശങ്ങൾ അടങ്ങിയിട്ടുള്ള ഈ എണ്ണ ആരോഗ്യസംവർദ്ധനകരവും രോഗവിനാശനപരവുമാണ്. ശരീരത്തിനുണ്ടാകുന്ന തളർച്ച, ക്ഷീണം, തേയ്മാനം എന്നിവയുടെ പരിഹരണാർത്ഥം ഡാക്ടർമാർ ഈ എണ്ണ ഉപയോഗിക്കുന്നതിനു ശുപാർശചെയ്യുന്നു.

രക്താണുക്കൾ, നിണനീര് എന്നിങ്ങനെ രക്തത്തിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങളിൽ, രക്താണുക്കളിൽപ്പെട്ട ശോണാണുക്കളിൽ മീനെണ്ണ (Shark Liver Oil) ലയിക്കുന്നതോടുകൂടി അവ പ്രവർത്തനശീലതയെ പ്രാപിക്കുകയും വളർന്നുവരികയും ചെയ്യുന്നു. ശരീരത്തിനു കാന്തി വരുത്തുന്നതിനും തൊലിയെ മിനുസമുള്ളതാക്കിത്തീർക്കുന്നതിനും അത്യുത്തമമായ ഒരു കഴിവ് ശ്രാക്കെണ്ണയ്ക്കുണ്ട്. രക്തക്കുറവ്, കാഴ്ചക്കുറവ്, വിളർച്ച, വിയർപ്പുഗ്രന്ഥികളുടെ പ്രവർത്തനമാന്ദ്യത എന്നീസുഖക്കേടുകൾക്ക് ഏററവും ഉത്തമമായ ഔഷധമാണു ശ്രാക്കെണ്ണയും ശ്രാക്കുമാംസവും. വാതം, ക്ഷയം, കാസം തുടങ്ങിയ രോഗങ്ങളുടെ ശമനത്തിനും ശ്രാക്ക് ഏററവും ഫലപ്രദമാണ്.

ശ്രാക്ക് പല ഇനങ്ങളിലുണ്ട്. കുട്ടിശ്രാക്ക്, കുറമൻ, കൊമ്പൻ, പേയൻ എന്നിങ്ങനെ പലതായിത്തിരിക്കുന്നു. ഇതിൽ കുട്ടിശ്രാക്കിന്റെ എണ്ണയും മാംസവും ഉള്ളുടിവാതം എന്ന സുഖക്കേടിന് അത്യുത്തമമാണ്. കൊമ്പൻ ശ്രാക്കിന്റെ മാംസം ഭക്ഷണമായും, എണ്ണ കാസം ക്ഷയം എന്നീരോഗങ്ങൾക്കും ശുദ്ധിചെയ്തുപയോഗിക്കുന്നു. മറെറല്ലാശ്രാക്കുകളുടെയും മാംസം ഭക്ഷണസാധനങ്ങളായിതന്നെ തീരുന്നവെങ്കിലും, പേശ്രാക്കിന്റെ മാംസം ആരും അത്ര ഉപയോഗിക്കാറില്ല. ഒരുതരം വിഷാംശം ഇതിൽ അടങ്ങിയിരിക്കുന്നുവെന്നു വിശ്വസിക്കപ്പെടുന്നു. അതു് തീരെ വിശ്വസനീയമല്ല. യാതൊരു വിഷാംശവും അതിൽ ഇല്ലെന്നതു് കേവലം പരമാർത്ഥം മാത്രമാണ്; അഥവാ, തീയിൽ പാകംചെയ്യുമ്പോൾ മാറുന്നു.

ആസ്ത്രേലിയാ, അമേരിക്ക, യൂറോപ്പ്, ചൈന, ജപ്പാൻ,ഇന്ത്യ മുതലായ രാജ്യങ്ങളിൽ ശ്രാക്കെണ്ണ നിർമ്മിച്ചു വില്പന നടത്തിവരുന്നുണ്ട്. എന്നാൽ, അറേബ്യൻകടലിൽ ഉണ്ടാകുന്ന ശ്രാക്കിന്റെ എണ്ണയെക്കാൾ ഗുണമേറിയവ എങ്ങും ഉണ്ടാകുന്നില്ല. മാംസത്തിനും ഏററവും ഗുണം കൂടുതലാണ്. ആസ്ത്രേലിയ, ജപ്പാൻ മുതലായ ഇടങ്ങളിൽ വമ്പിച്ചതോതിൽ ശ്രാക്കു വ്യവസായം നടക്കുന്നുണ്ട്. കോൾഡ്സ്റ്റോറേജുകളിൽ സൂക്ഷിച്ചുമാറാം കേടുവരാതെ ട്രയിൻമാർഗ്ഗവും വിമാനമാർഗ്ഗവും വിദേശരാജ്യങ്ങളിലേക്ക് വില്പന നടത്തുന്നു.

ശ്രാക്ക് പാകംചെയ്തു മരച്ചീനിയോടുചേർത്തുപയോഗിക്കുന്നതു ഏററവും ഗുണകരമാണ്. ശരീരപോഷണത്തിനാവശ്യകമായ സ്റ്റാർച്ച് (Starch) ഇതിൽനിന്നും ലഭിക്കുന്നു. പച്ചരിച്ചോറുപയോഗിക്കുന്നതുനിമിത്തമുള്ള ദോഷങ്ങൾ മാറുവാൻ പച്ചരിച്ചോറോടൊന്നിച്ചു ശ്രാക്കിനെ ഉപയോഗിക്കുന്നതും നല്ലതാണ്.



തെക്കുകിഴക്കേ യൂ. എസ്സ്.-ലെ വെർജീനിയായിലുള്ള നാർഫോക്കിൽ നിർമ്മിക്കപ്പെട്ടുവരുന്ന 230-ഒററനിലഭവനങ്ങളിൽ ഒരെണ്ണം പൂർത്തിയാകുന്ന വേളയിലെടുത്ത ചിത്രം: കൊളുത്തിന്റെയോ പുട്ടിന്റെയോ പൊക്കിയെടുക്കാൻ മറേറതെങ്കിലും ഉപകരണങ്ങളുടേയോ സഹായം കൂടാതെ വായു വലിച്ചെടുത്തുകൊണ്ടു പ്രവർത്തിക്കുന്ന ഒരു പുതിയ ഉപായത്തോടുകൂടിയ ഒരു വാക്യൂംലിഫ്ററർ 17-ടൺ ഭാരമുള്ള ഒരു കാൺക്രീററ്മേല്പുര തറയിൽനിന്നു പൊക്കി പണി പൂർത്തിയാകാറായ ഒരു ഭവനത്തിന്റെ ഭിത്തികൾക്കുമീതെ വയ്ക്കുന്നതാണ് ചിത്രം.

ഇതിന്റെ എല്ലു് തീരെ മാർദ്ദവമുള്ളതും കട്ടികുറഞ്ഞതുമാണ്. അതിനാൽ ഇതിനെ മൃദുഅസ്ഥിമത്സ്യം എന്നു വിളിക്കപ്പെടുന്നു. (Condrithis) ഇതിന്റെ എല്ലും വളരെ ഗുണമുള്ളതാണ്. മാംസത്തോടൊന്നിച്ച് ഈ അസ്ഥികളും ചിലർ ഉപയോഗിക്കാറുണ്ട്. നമ്മുടെ എല്ലുകളുടെ വളർച്ചയ്ക്കും ബലത്തിനും മററും ഇതു് വളരെ ഉപകരിക്കുന്നു. ശരീരരക്ഷയ്ക്കാവശ്യമായ ജീവകങ്ങൾ ഇതിന്റെ എണ്ണ, മാംസം, എല്ലു് എന്നിവയിൽനിന്നും നമുക്കു സ്വീകരിക്കുവാൻ തികച്ചും സാധിക്കുന്നു. ഇതുകൊണ്ടാണ് പാശ്ചാത്യർ ഇതിനെ അമൂല്യവും അനർഘവുമായി കരുതുന്നതു്.

ശ്രാക്കിന്റെതോലും ഉപയോഗപ്രദമാണ്. ഊറയ്ക്കിട്ട് ഇതു ക്രോംലതറായി ഉപയോഗിക്കുന്നു. മണിപഴ്സ്, ഷൂ, ഹാൻഡുബേഗു് മുതലായവ ഇതുകൊണ്ടു നിർമ്മിക്കുന്നു. (ട്രാവൻകോർ കോസ്ററൽ ഫിഷറീസുകാർ ഈ സാധനങ്ങൾ നിർമ്മിച്ച് ആൾഇന്ത്യാ എക്സിബിഷനിൽ പ്രദർശിപ്പിച്ചിട്ടുണ്ട്) ഊറയ്ക്കിടാത്ത തോൽ തടിമിനുക്കുന്നതിനും മററും ഉപയോഗിക്കുന്നു. ഇതിന്റെ തൊലിയുടെ മുകൾഭാഗത്ത് ഒരുതരം മുള്ള് (Spines) ഉണ്ട്. സാൻഡ്പേപ്പറിനു പകരം ഈ ലതർ ഉപയോഗപ്പെടുത്താം. ഇതിനു ഷാഗ്രീൻ (Shagreen) എന്നു പറയപ്പെടുന്നു. സാൻഡ്പേപ്പറിന്റെ സ്പൈൻസു് പൊഴിഞ്ഞുപോകുന്നതുപോലെ ഷാഗ്രീനിന്റെ സ്പൈൻസ് പൊഴിഞ്ഞുപോവുകയില്ല. കാലാവസ്ഥയാൽ സാൻഡ്പേപ്പർ ഉപയോഗശൂന്യമാകുന്നതുപോലെ ഷാഗ്രീൻ ആയിത്തീരുകയില്ല.

മീനെണ്ണയുടെ മട്ടി (വെള്ളം ചേർന്നതും, കറുനിറഞ്ഞതുമായ ഭാഗം) വള്ളങ്ങൾക്കു കേടുവരാതെ സൂക്ഷിക്കുന്നതിന് പുറമെ പുരട്ടുന്നതിനായി ഉപയോഗപ്പെടുത്തുന്നു. തന്മൂലം വള്ളങ്ങളുടെ തടി വേഗത്തിൽ ചിതയാകുകയില്ല. ശുദ്ധമായ എണ്ണയിൽനിന്നും ഉറയുന്ന ഗ്ലിസറിൻ (കൊഴുപ്പ്) Glizarine സോപ്പുനിർമ്മിക്കുന്നതിനും മററും ഉപയോഗിക്കാം. സോപ്പിന്റെ പാകപ്പെടുത്തലിനുപയുക്തമായ മൃഗക്കൊഴുപ്പു മുതലായവകളെക്കാൾ ഏററവും പ്രയോജനകരമായതാണു ശ്രാക്കിൻ കൊഴുപ്പ്.

പൊതുവെ നോക്കിയാൽ ശ്രാക്കിന്റെ എല്ലാ ഭാഗങ്ങളും മനുഷ്യർക്കു അത്യാവശ്യമായ സാധനങ്ങളാണെന്നു കാണാം. ഇത്ര ഉപയോഗപ്രദമായ മറെറാരുമത്സ്യം ഇല്ല. എന്നാൽ ധാരാളം ആളുകളും ഈ മത്സ്യത്തിന്റെ ഗുണവും ഗണ്യമായ പ്രയോജനവും മനസ്സിലാക്കുന്നില്ല. നമ്മുടെ ഗവൺമെൻറ് ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കേണ്ടതും മത്സ്യപ്പിടുത്തകേന്ദ്രങ്ങളിൽ ഇതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി വ്യവസായാഭിവൃദ്ധിക്കുവേണ്ടതു ചെയ്യേണ്ടതുമാണ്.

—o—

# *കലയും ശാസ്ത്രവും

വടക്കുങ്കൂർ രാജരാജവർമ്മരാജാ

കലയെന്ന പദത്തിന് അംശം എന്നർത്ഥം. മഹത്തായ വിദ്യാപ്രപഞ്ചത്തിൻ്റെ അംശമായതുകൊണ്ട് കലയ്ക്കു ആ പേർ സിദ്ധിച്ചു. വിദ്യകളെ സരസ്വതിയുടെ അംശങ്ങളായി കല്പിച്ചു വർണ്ണിക്കുന്ന സമ്പ്രദായം കവികളുടെ ഇടയിൽ നടപ്പുള്ളതാകുന്നു. കലയേയും കളയേയും 'ലളയോരഭേദന്യായേന' ഒന്നായിട്ടു ഗ്രഹിക്കാം. അപ്പോൾ ആഹ്ലാദം (മനോഹരം) എന്ന അർത്ഥം കലയ്ക്കും കിട്ടും. സാഹിത്യം, സംഗീതം, നാട്യം, ശില്പം മുതലായവയായ കലകളെന്നപോലെ സമ്പൂർണ്ണവും ബൃഹത്തുമായ വിദ്യാശരീരത്തിൻ്റെ അംശങ്ങളാകകൊണ്ടും വിജ്ഞാനാനന്ദങ്ങളെ പ്രദാനം ചെയ്യുന്നതുകൊണ്ടും അവയ്ക്കു കലയെന്ന വ്യവഹാരം കൈവന്നു. മനുഷ്യസമുദായത്തിൽ അന്തർമുഖമായ സംസ്കൃതിയും ആനന്ദാനുഭവവാസനയും അങ്കുരിച്ചു വികസിക്കുമ്പോൾ അതോടുകൂടി കലാഭിരുചിയും ജനിച്ചുവളരുവാൻ തുടങ്ങും. കല, സംസ്കൃതി, സമുദായം, ഭാഷ എന്നിവയ്ക്കു അന്യോന്യം അഭേദ്യമായ ബന്ധമുണ്ട്. അവയിൽ ഒന്നിൻ്റെ വൃദ്ധിക്ഷയങ്ങൾ മറ്റതിനേയും സംബന്ധിക്കുന്നു.

ഭാരതീയരുടെ ഇടയിൽ കലകൾ അറുപത്തിനാലെന്നു പ്രസിദ്ധമാകുന്നു. മഹാകലകൾക്കു അനേകം ശാഖകളും ഉപശാഖകളും ഉണ്ടായിരിക്കും. പ്രാധാന്യം അർഹിക്കാത്ത ലഘുകലകളേയും അവയുടെ കൂട്ടത്തിൽ കാണാം. ആകപ്പാടെ നോക്കിയാൽ അവ അസംഖ്യങ്ങളെന്നു തെളിയും. എല്ലാ കലകൾക്കും എല്ലാദേശങ്ങളിലും ഒരുപോലെ പ്രചാരം ലഭിച്ചിട്ടില്ല. മുഖ്യങ്ങളായവ ദേശഭേദംകൂടാതെ ജനങ്ങൾ ആദരിച്ചുവരുന്നവയത്രേ. സാഹിത്യാദികൾ അവയുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. കലാഭിരുചിയെ, ഒരു സമുദായത്തിൻ്റെ വിദ്യാഭ്യാസത്തെയും സംസ്കൃതിയെയും അളക്കുന്ന മാനദണ്ഡമായി ഗണിക്കണം. അതിന് അത്രയ്ക്കു പ്രാധാന്യമുണ്ട്.

മനുഷ്യർക്ക് കലകളെ പരിത്യജിച്ചുകൊണ്ടു ജീവിതം നയിക്കുക സാധ്യമല്ല. അവ തമ്മിൽ അത്രയ്ക്കു ബന്ധപ്പെട്ടിരിക്കുന്നു. പ്രാചീനകാലത്തു് ഭാരതീയർ ഈ തത്വം വേണ്ടവിധം ഗ്രഹിച്ചു പ്രവർത്തിച്ചിട്ടുണ്ട്. തന്നിമിത്തം വിശിഷ്ടങ്ങളായ ഒട്ടേറെ കലകൾ ഈ നാട്ടിൽ ആവിർഭവിക്കുന്നതിനും അഭിവൃദ്ധിയെ പ്രാപിക്കുന്നതിനും ഇടയായി. ഭാരതീയസംസ്കാരത്തിൻ്റെ പാവനമുദ്രകൾ അവയിൽ ഓരോന്നിലും തെളിഞ്ഞുവിളങ്ങുന്നതായി ഗ്രഹിക്കുവാൻ സാധിക്കും. അതുല്യമായ പഴക്കം, ഋഷിവര്യന്മാരാൽ നിർമ്മിതമായിരിക്കുന്നു എന്ന അവസ്ഥ, ശാസ്ത്രകല്പിതമായ അടിസ്ഥാനം, ആനന്ദവിജ്ഞാനങ്ങളെ പ്രദാനംചെയ്യുന്നതിനു സാമർത്ഥ്യം, പരിപൂർണ്ണത, ശാഖോപശാഖാബാഹുല്യം എന്നിവ ഭാരതീയകലാസമുച്ചയത്തിൻ്റെ സഹജങ്ങളായ ഗുണങ്ങളാകുന്നു. ഇപ്രകാരം മേന്മതികഞ്ഞ ഒരു കലാസമ്പത്തു് പൗരാണികകാലത്തിനുമുമ്പുതന്നെ പൗരസ്ത്യർക്കു ലഭിച്ചിട്ടുണ്ട്. അതിൻ്റെ ഈ പ്രഭാവം ഇതരദേശക്കാരുടെ കലാസമൂഹത്തിൽ കണ്ടുകിട്ടുന്നതല്ല.

ദൈവികത്വവും ആത്മധർമ്മവുമായി മൂലത്തിൽ ഒരു ബന്ധം സംഭവിച്ചിരിക്കുമെന്നതു് പൗരസ്ത്യകലകളുടെ പ്രത്യേകമുദ്രയാകുന്നു. ഈ വസ്തുത വിശദമാക്കാം. സരസ്വതിയെ സർവ്വവിദ്യകളുടേയും അധിഷ്ഠാനദേവതയും മുഖ്യകലകളായ സംഗീതസാഹിത്യങ്ങളെ തൽകുചദ്വയവും ആയി കല്പിച്ചിരിക്കുന്നു. ഈശ്വരന്മാരും മഹർഷികളും ഓരോവിധം കലയിൽ വൈദഗ്ദ്ധ്യംതികഞ്ഞവരാകുന്നു. അവരിൽനിന്നത്രേ പല കലകളുടേയും ഉല്പത്തി. പരമശിവൻ്റെ നൃത്തം, ശ്രീകൃഷ്ണൻ്റെ വേണുഗാനം, തുംബുരുനാരദന്മാരുടെ ഗാനവൈഭവം, അപ്സരസ്ത്രീകളുടെ നാട്യസാമർത്ഥ്യം, ഗന്ധർവ്വന്മാരുടെ ഗീതപ്രഭാവം എന്നിവയെ പുരാണങ്ങളിൽ കീർത്തിച്ചിരിക്കുന്നതു കാണാം. ഐശ്വര്യപരിപൂർണ്ണന്മാരായ ദേവന്മാരും സർവസംഗപരിത്യാഗികളായ യോഗികളും ആരാധിക്കുന്നുഎന്നുവരുമ്പോൾ കലയ്ക്കു് അഭൗമമായ ഒരു വൈഭവമുണ്ടെന്നു വന്നുകൂടുന്നു.

മൃഗങ്ങളും കലകളിൽ ആഹ്ലാദിക്കുന്നു. ഹിംസ്രജന്തുക്കൾകൂടി ഗാനാദികൾ കേൾക്കുമ്പോൾ ഉത്തരചിന്തകൾ നിശ്ശേഷം നീക്കി ആനന്ദിക്കുന്നു എന്നതു് അനുഭവസിദ്ധമാണ്. പാമ്പാട്ടികൾ പാമ്പുകളേയും കിരാതന്മാർ ഹരിണങ്ങളേയും പാട്ടുകൊണ്ടു മയക്കിപ്പിടിക്കാറുണ്ട്. ഏററവും അപരിഷ്കൃതന്മാരെന്നു ഗണിക്കപ്പെട്ടുവരുന്ന കിരാതാദിവർഗ്ഗക്കാരും അവരുടെ നിലയനുസരിച്ചു് ഓരോ കലകൾസൃഷ്ടിച്ചു് തദ്വ്യാപൃതന്മാരായി രസിക്കുന്നതു സാധാരണമാകുന്നു. ഇതിൽനിന്നു കല, സർവജീവികൾക്കും ഹിതമെന്നു വെളിപ്പെടും.

പ്രകൃതത്തിൽ മാളവികാഗ്നിമിത്രത്തിലെ ഒരു പദ്യം ഓർമ്മയിൽവരുന്നതു താഴെ ചേർക്കാം.

ദേവാനാമിദമാമനന്തിമുനയഃ
ശാന്തം ക്രതും ചാക്ഷുഷം
രുദ്രേണേദമുമാകൃതവ്യതികരേ
സ്വാംഗേ വിഭക്തം ദ്വിധാ
ത്രൈഗുണ്യോത്ഭവമത്രലോകചരിതം
നാനാരസം ദൃശ്യതേ
നാട്യം ഭിന്നരുചേർജ്ജനസ്യബഹുധാ-
പ്യേകം സമാരാധനം.

പദ്യം പ്രഥമപാദത്തിലെ 'ക്രതു' പദം, നാട്യത്തിന് യജ്ഞത്തിൻ്റെ പരിശുദ്ധിയും ദിവ്യാനന്ദപ്രദാനശക്തിയും സിദ്ധമാണെന്നു വ്യഞ്ജിപ്പിക്കുന്നു. ശ്രീപരമശിവനോടു് അതിനു സംഭവിച്ചിരിക്കുന്ന ബന്ധത്തെ പ്രതിപാദിക്കുന്നതാണ് അടുത്ത പാദം. അതിൽനിന്നു ലോകവൃത്താന്തങ്ങൾ ഗ്രഹിക്കാമെന്നു തൃതീയപാദത്തിൻ്റെ സാരം. വിഭിന്നരുചികളായ ജനങ്ങളെ എല്ലാവരേയും ഒരുപോലെ ആനന്ദിപ്പിക്കുന്നതിനു നാട്യത്തിനു ശക്തിയുണ്ടെന്നു് ഒടുവിലത്തെ പാദത്തിൻ്റെ ഭാവം. അനുഭവസിദ്ധമാകയാൽ, വിശ്വചക്ഷുസ്സായ കാളിദാസമഹാകവിയുടെ ഈ അഭിപ്രായത്തിൽ വാദത്തിനവകാശമില്ല.

നാട്യം കലകളിൽ പ്രധാനംഎന്നും ദിവ്യം എന്നും ശാസ്ത്രകാരന്മാരായ ആചാര്യന്മാർ ഉപദേശിക്കുന്നു. ഭാരതീയശാസ്ത്രം നോക്കുക.

ഏവം സങ്കല്പ്യ ഭഗവാൻ സർവവേദാനനുസ്മരൻ
നാട്യവേദം തതശ്ചക്രേ ചതുർവേദാംഗസംഭവം
ജഗ്രാഹപാഠ്യമൃഗ്വേദാൽ സാമഭ്യോഗീതമേവച
യജുർവേദാദഭിനയാൻ രസാനാഥർവണാദപി
വേദോപവേദസംബദ്ധോ നാട്യവേദോമഹാത്മനാ
[നാ
ഏവം ഭഗവതാസൃഷ്ടോ ബ്രഹ്മണാലളിതാത്മനാ
ഉല്പാദ്യനാട്യവേദം തു ബ്രഹ്മാവാചസുരേശ്വരം.

ഋഗ്വേദത്തിൽനിന്നു പാഠ്യത്തെയും സാമത്തിൽനിന്നു ഗീതത്തെയും യജുസ്സിൽനിന്നു അഭിനയത്തെയും അഥർവത്തിൽനിന്നു രസത്തെയുംഗ്രഹിച്ചു് ബ്രഹ്മാവു നാട്യവേദം നിർമ്മിച്ചു. ഇപ്രകാരം അതു വേദോപവേദസംബന്ധത്തോടു കൂടിയതാകുന്നു. പ്രകൃതത്തിൽ 'ഉല്പാദ്യനാട്യവേദം തു' എന്നു നാട്യത്തെ വേദമായിട്ടാണ് പറഞ്ഞിരിക്കുന്നതു്. അതിൽനിന്നും വേദത്തിൻ്റെ ലോകോത്തരമാഹാത്മ്യം അതിനുണ്ടെന്നു മനസ്സിലാക്കണം. അതു ഭംഗിയായി യഥാവിധി, പ്രയോഗിക്കുന്നവർക്കും, കണ്ടു രസിക്കുന്നവർക്കും പരമശ്രേയസ്സ് കൈവരുമെന്നു ആചാര്യർ പറയുന്നു.

പ്രയോഗം യശ്ച കുർവീത പ്രേക്ഷതേ
ചാവധാനവാൻ
യാംഗതിംവേദവിദുഷാം യാംഗ-
തിര്യജ്ഞയാജിനാം
യാംഗതിർദ്ദാനശീലാനാം താംഗതിം
പ്രാപ്നുയാന്നരഃ

ഈ ഭാഗത്തിൽനിന്നു, വേദാഭ്യാസയാഗദാനാദികൾകൊണ്ടു, സിദ്ധിക്കുന്ന സ്വർഗ്ഗപ്രാപ്ത്യാദിസൌഭാഗ്യങ്ങൾ നാട്യത്തിൻ്റെ പ്രവർത്തകനും പ്രേക്ഷകനും കിട്ടുന്നു എന്നു തെളിയുന്നു. ഈ തത്വംതന്നെയാണ് 'ശാന്തം ക്രതും ചാക്ഷുഷം' എന്ന കാളിദാസവാക്യത്തിൻ അടിസ്ഥാനം. സംഗീതം സാഹിത്യം ശില്പം മുതലായ കലകൾക്കും ഏതത്തുല്യമായ ദിവ്യത്വമുണ്ടെന്നു അവയ്ക്കു അടിസ്ഥാനമായ ശാസ്ത്രങ്ങളിൽനിന്നു വ്യക്തമാകും.

ഭാരതീയകലകളെ സംബന്ധിച്ചു രണ്ടു മുഖ്യതത്വങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. കേവലം ലൗകികമായ വിനോദത്തിനും ആഹ്ളാദസിദ്ധിക്കും വേണ്ടിയല്ല അവയെ സൃഷ്ടിച്ചിരിക്കുന്നതു്. പരമമായ പുരുഷാർത്ഥത്തെ സാധിക്കുന്നതിനുകൂടിയാകുന്നു. ഏതു കലയെ ഉപാസിക്കുന്നവർക്കും ഒടുവിൽ ആത്മശ്രേയസ്സു കൈവരുന്നു. കലകൾക്കു ദേവചരിതവും ആത്മതത്വവും ആയി സിദ്ധിച്ചിരിക്കുന്ന സർവതോമുഖമായ ബന്ധത്തിൻ്റെ രഹസ്യം ഇതല്ലാതെ വേറെയൊന്നുമല്ല.

ശോകപൂരതരംഗിതമായിരിക്കുന്ന ലോകത്തിൽ മനുഷ്യർക്കു ദുരവസ്ഥകളുടെ പിടിയിൽനിന്നു മോചനവും രക്ഷയും കിട്ടേണ്ടതു അത്യാവശ്യം. അതിനു വിജ്ഞാനവും ആനന്ദവും കൂടാതെ നിവൃത്തിയില്ല. സൂക്ഷ്മത്തിൽ ഇവരണ്ടും ഒന്നാകുന്നു. ആദ്യത്തേതിൻ്റെ ഫലമാണ് മറ്റേതു്. കലകളുമായി പരിചയപ്പെട്ടും അല്ലാതെയും വിജ്ഞാനങ്ങളെ സമ്പാദിക്കാം. തർക്കവേദാന്താദിശാസ്ത്രങ്ങളുടെ അഭ്യാസംകൊണ്ടു ഉത്തമം അറിവും ആഹ്ളാദവും കിട്ടുന്നതല്ലോ. എന്നാൽ തീക്ഷ്ണബുദ്ധികളായ ചിലർക്കുമാത്രമേ അതു സുഗമമാകുന്നുള്ളൂ. അധികംപേർക്കും അതു സുപ്രാപമല്ല. സ്രക്‌ചന്ദനവനിതാദി ജനിതമായ ആനന്ദം പ്രാകൃതവും ക്ഷണഭംഗുരവും ആകയാൽ അഭിജ്ഞന്മാർക്ക് അതിൽ അഭിരുചി കാണുകയും. മുൻപു പ്രതിപാദിച്ചതുപോലെ സർവജീവികൾക്കും ഹിതവും കൗതുകപ്രദവും ആയതു കല മാത്രമാകുന്നു. ശാസ്ത്രം കർക്കശം കലാസുന്ദരം. ഒന്നു തിക്തകം മറ്റേതു മധുരം. അവയ്ക്കു ആകൃതിയിലും പ്രകൃതിയിലും ഈ വ്യത്യാസം ഉണ്ട്.

പ്രജ്ഞോപജ്ഞം തയോരാദ്യം
പ്രതിഭോത്ഭവമന്തിമം

എന്നു അവയുടെ വ്യത്യാസത്തെക്കുറിച്ചു ഭാമഹാചാര്യൻ ഉപദേശിച്ചിരിക്കുന്നു. ശാസ്ത്രത്തിൻ്റെ ഉല്പത്തിസ്ഥാനം പ്രജ്ഞയും, കാവ്യത്തിൻ്റേതു പ്രതിഭയും എന്നു സാരം. പ്രജ്ഞ തന്നെ 'നവനവോന്മേഷശാലിനിയാകുന്നു പ്രതിഭ' ഗുരൂപദേശംകൊണ്ടു അല്പന്മാർക്കും ശാസ്ത്രം പഠിച്ചു വശമാക്കാം. എന്നാൽ അതല്ല കാവ്യത്തിൻ്റെ സ്ഥിതി.

കാവ്യം തു ജായതേ ജാതു
കസ്യചിൽ പ്രതിഭാവതഃ

വല്ലപ്പോഴും ഒരാൾക്കുമാത്രം സിദ്ധിക്കുന്നതാണ് പ്രതിഭയും കാവ്യകൗശലവും. അതു, ഏതുകാലത്തും ദുർല്ലഭമായിരിക്കും. കലാരാധനാകൌതുകം അധികം പേരിലും കാണുന്നുണ്ടെങ്കിലും മർമ്മംഗ്രഹിച്ചും ത്യാജ്യഗ്രാഹ്യവിവേചനം ചെയ്തും രസം ആസ്വദിക്കുന്നവരായി ചുരുക്കം പേരേയുള്ളു എന്ന വസ്തുതയിൽനിന്നു ഈ തത്വം തെളിയും. സൂക്ഷ്മത്തിൽ ആനന്ദരൂപാന്തരപ്പെട്ടിരിക്കുന്ന ജ്ഞാനംതന്നെയാകുന്നു കല. അതുകൊണ്ടാണ് അതു പരമപ്രാപ്തിക്കു ഉപായമായിഭവിച്ചിരിക്കുന്നതു്.

കല വിനോദിപ്പിക്കുന്നതോടുകൂടി പ്രേക്ഷകന്മാരുടെ ഹൃദയത്തിലേക്കു അവരുടെ അറിവോടുകൂടിയോ അല്ലാതെയോ കൃത്യാകൃത്യബോധത്തെ കടത്തിവിടുന്നു. തത്ഫലമായി അവർക്കു സൽക്കർമ്മാഭിരുചിയും ദുഷ്കർമ്മവൈമുഖ്യവും ഉണ്ടാകും. ചിലർക്കു മനസ്സിൽ ഈ ഗുണം ദീർഘകാലം നിലനില്ക്കും. ചിലർക്കു പെട്ടെന്നു മാഞ്ഞുമറയും. അങ്ങിനെ നശിക്കുമ്പോൾ അതിൻ്റെ അല്പംചില അംശങ്ങളെങ്കിലും, കറികൾ പാകംചെയ്യുന്ന പാത്രങ്ങളിലെന്നപോലെ, മനസ്സിൻ്റെ കോണിൽ വല്ലേടത്തും പററിപ്പിടിച്ചിരുന്നേക്കും. അത്രയുമായാൽ ഭാഗ്യമെന്നു കരുതണം. അതു പിന്നീടു സംസ്കൃതി ബീജമായിബ്ഭവിച്ചു യഥാവസരം വളർന്നുകൊള്ളും.

ഉത്തരരാമചരിതംനാടകം ഏഴാമങ്കത്തിൽ, അന്തർനാടകപാത്രമായ സീതയുടെ വിലാപം കേട്ടു ശോകപരവശനായ രാമനോടു 'ആര്യ! നാടകമിദം' എന്നു ലക്ഷ്മണൻ പറയുന്നതായി ഒരു വാക്യമുണ്ട്. ഇതു നാടകമെന്നും യഥാർത്ഥ സീതയല്ല വിലപിക്കുന്നതെന്നും അതുകൊണ്ടു ദുഃഖിക്കേണ്ടതില്ലെന്നും ഭാവം. അതുപോലെ ലോകജീവിതവും തദാസ്പദമായ വ്യവഹാരവും സത്യമായിട്ടു ഇല്ലാത്തതു്—ഉണ്ടെന്നു തോന്നിക്കുന്നതു്—എന്ന തത്വം നാടകത്തിൽനിന്നു പഠിക്കണം. ഇഷ്ടാനിഷ്ടാനുഭവങ്ങളിൽ സുഖദുഃഖങ്ങളും തൽഫലങ്ങളായ ആഹ്ളാദകാരങ്ങളായ വൈവശ്യാദി വികാരങ്ങളും സംഭവിക്കുന്നതിനു മുഖ്യകാരണം അവയെക്കുറിച്ചു നേരെന്ന വിചാരം മനസ്സിൽ ഉണ്ടാകുന്നതാണ്. ലോകവ്യവഹാരങ്ങളിൽ വ്യാപരിക്കുമ്പോഴും 'നാടകമിദം'—ഇതു നാടകം, ഇല്ലാത്തതു്— എന്ന വസ്തുത മനസ്സിൽ സ്ഥിതിചെയ്യുന്നു. അപ്പോൾ അജ്ഞാനവും തൻമൂലമായ ഭ്രമവും നീങ്ങും, മനസ്സു ശുചിയാകും. അതിൽ പ്രസാദവിജ്ഞാനാദികൾ പ്രകാശിക്കും. ഇവിടെ മനസ്സിനെ സംസ്കാരസമ്പന്നമാക്കുന്നതിനു നാട്യത്തിനെന്നപോലെ മറ്റൊരു കലയ്ക്കും കഴിവില്ല. 'നാടകാന്തം കവിത്വം' എന്നു അഭിപ്രായപ്പെടുന്ന അഭിജ്ഞന്മാർ ഇതിൻ്റെ ഇരുപ്രഭാവത്തെക്കൂടി വിചാരിച്ചിരിക്കണം.

ചിന്തകന്മാരും പണ്ഡിതന്മാരുമായ കവികൾ ലോകജീവിതം നാടകമെന്നു ഭംഗിയായി ഉപദേശിച്ചു ഫലിപ്പിച്ചിട്ടുണ്ട്.

ബ്രഹ്മസ്സുമഹതഃ കൃഷ്ണം
നടോ നാട്യമിവാത്മനഃ

എന്ന മഹാഭാഗവതത്തിൽ (ഭാഗ: 11) പാദ്യന്നതിൽനിന്നു ശ്രീകൃഷ്ണഭഗവാൻ്റെ ലോകവിലാസങ്ങളെല്ലാം കേവലം നാട്യമായിരുന്നു എന്നു വ്യഞ്ജിക്കുന്നു. 'പടനാനട ഇവ' എന്നു യോഗവാസിഷ്ഠത്തിൽ ഒരു സന്ദർഭത്തിൽ പ്രതിപാദിച്ചുകാണുന്നു. നടന്മാർ അണിയറയിൽനിന്നു അരങ്ങിലേക്ക എന്നപോലെ ജീവികൾ ഏതോ അജ്ഞാതമായ ഒരു സ്ഥാനത്തുനിന്നു ലോകരംഗത്തു വരികയും തിരോഭവിക്കുകയും ചെയ്യുന്നു. എവിടെനിന്നു വരുന്നു, എവിടെ മറയുന്നു എന്ന തത്വശാസ്ത്രത്തിൻ്റെ കാരകണ്ടവരായ ആചാര്യന്മാർക്കുടി ശരിയായി അറിഞ്ഞിട്ടില്ല. അതുകൊണ്ടു അവർ,

അദർശനാദാ പതിതഃ
പുനശ്ചാദർശനം ഗതഃ

എന്നു പറഞ്ഞു സമാധാനപ്പെടുന്നു. അറിയുവാൻ സാധിക്കാത്ത ഏതോ ഒരിടത്തുനിന്നു ഇവിടെ ജീവികൾ വന്നുചേരുന്നു. തത്തുല്യമായ മറ്റൊരിടത്തേയ്ക്കു പോയി മറയുകയും ചെയ്യുന്നു. നാരായണീയത്തിൽ നരസിംഹത്തിൻ്റെ അത്യുഗ്രമായ ആകാരചേഷ്ടാദികളെ വർണ്ണിച്ചതിനു ശേഷം, ഒടുവിൽ നാരായണഭട്ടതിരി മഹാകവി ജനസഹജമായ തത്വാന്വേഷണവിചക്ഷണതയോടുകൂടി 'ഏവം നാടിതരൌദ്രചേഷ്ടിത! വിഭോ!' എന്നു പറഞ്ഞിരിക്കുന്നതു നോക്കുക. ഭഗവാൻ വിശ്വഭയങ്കരമായവിധം കാണിച്ച രൗദ്രചേഷ്ടിതമൊക്കെ കേവലം നാട്യമെന്നു സാരം. അനുഭവംകൊണ്ടു എളുപ്പം ഗ്രഹിക്കുന്നതെങ്കിലും ഈ തത്വം, ജനങ്ങൾ തീരെ ചിന്തിക്കുന്നില്ല. നാടകാദിരംഗങ്ങളിൽ സംബന്ധിക്കുന്നവർ വിനോദിച്ചു രസിച്ചു ഒടുവിൽ അവിടെനിന്നും പിരിയുന്നു. അത്രമാത്രം!

പുരാണേതിഹാസാദി പൂർവസാഹിത്യത്തോടു ഭാരതീയരുടെ മുഖ്യകലകൾക്കു സുദൃഢമായ ബന്ധം സിദ്ധിച്ചിട്ടുണ്ട്. അവയുടെ ആകൃതി, പ്രകൃതി, ആദേശം എന്നിവയ്ക്കു അടിസ്ഥാനമായി നിൽക്കുന്നു. അകൃത്രിമമായ സൌന്ദര്യം, കൃത്യാകൃത്യോപദേശപാടവം, രസപുഷ്ടി, ഉപാഖ്യാനബാഹുല്യം, ലാളിത്യം, അപാരത്വം എന്നീവക ഗുണങ്ങളുടെ പെരുപ്പംകൊണ്ടു പൌരാണികസാഹിത്യത്തോടു സദൃശമായ ഒരു പ്രബന്ധശാഖ വേറെയൊരു ഭാഷയിൽ കാണുകയില്ലെന്നു പറയണം. ഭാരതീയ കാവ്യകലയുടെ വിശേഷാൽകൃഷ്ടങ്ങളായ ഗുണങ്ങൾ സർവവും പരമകാഷ്ഠയെ പ്രാപിച്ചു പരിലസിക്കുന്നതു അതിലാകുന്നു. ഭക്തി, ജ്ഞാനം, ധർമ്മം എന്നിവയെക്കുറിച്ചു അതിൽ പ്രധാനമായി പ്രതിപാദിക്കുന്നു. ഇവയിൽ ഓരോന്നിനെക്കുറിച്ചും സമ്പൂർണ്ണവും വിസ്തൃതവുമായ ജ്ഞാനം ആർക്കും അതിൽനിന്നു നേടാം.

കൂടിയാട്ടം, കൂത്തു്, കഥകളി, തുള്ളൽ മുതലായ കലകൾക്കു അടിസ്ഥാനമായി നിലകൊള്ളുന്ന കഥകൾ പുരാണങ്ങളിൽനിന്നു സ്വീകൃതങ്ങളാകുന്നു. സാമാന്യമായ പുരാണപരിചയം നേടാതെ അവയുടെ സാരം ഗ്രഹിച്ചു രസം അനുഭവിക്കുന്നതിനു കഴിയുന്നതല്ല. പുരാണങ്ങൾ ഭക്തിജ്ഞാനധർമ്മപ്രതിപാദകങ്ങളാകയാൽ അവയോടു യോഗിക്കുന്നതുകൊണ്ടാണ് കലകൾക്കും ഇവിടെപ്പറഞ്ഞവിധം ഒരു ബന്ധം വന്നുചേർന്നതു്. പ്രൌഢവും ഗംഭീരവും ആയ സാഹിത്യശൈലിയെ ആശ്രയിച്ചു പുരാണകർത്താക്കന്മാർ ഉപദേശിക്കുന്ന തത്വങ്ങളെ അതേപടി, സർവാഭിജ്ഞകമായ സാരസ്യത്തോടും വൈചിത്ര്യവിശേഷത്തോടുംകൂടി നാട്യാദി കലാപ്രവർത്തകന്മാരും പഠിക്കുന്നു. ആകൃതി, പ്രകൃതി, പ്രതിപാദനരീതിയെന്നിവയിലല്ലാതെ സൂക്ഷ്മമായ അടിസ്ഥാനതത്വത്തിൽ ഇവയ്ക്കു വ്യത്യാസമില്ല. കലകൾക്കു അത്യാവശ്യങ്ങളായ ഗുണങ്ങളിൽ അധികവും പുരാണപ്രബന്ധങ്ങളിൽനിന്നാണ് കിട്ടിയിരിക്കുന്നതു്. കിളിപ്പാട്ട്, ചമ്പു തുള്ളൽപ്പാട്ട് ആട്ടക്കഥ മുതലായ ശാഖകളിലെ പല കൃതികളിലും തല്ക്കർത്താക്കന്മാർ ഈ വസ്തുത സുവ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

പ്രധാനങ്ങളായ ഭാരതീയകലകൾക്കൊക്കെ കേരളത്തിൽ മാന്യസ്ഥാനം കൈവന്നിരിക്കുന്നു. പ്രാചീനകാലം മുതൽക്കു സംസ്കൃതഭാഷയ്ക്കു ഇന്നാട്ടിൽ പ്രചാരാധിക്യം സംഭവിച്ചതാണ് അതിനു കാരണം. മുഖ്യ കലകളെ സംബന്ധിച്ചു നിർമ്മിതങ്ങളായിരിക്കുന്ന അനേകം ഗ്രന്ഥങ്ങൾ നമ്മുടെ പഴയ ഗ്രന്ഥപ്പുരകളി

മനുഷ്യർക്ക് കലകളെ പരിത്യജിച്ചുകൊണ്ടു ജീവിതംനയിക്കുക സാധ്യമല്ല. അവതമ്മിൽ അത്രയ്ക്കു ബന്ധപ്പെട്ടിരിക്കുന്നു. പ്രാചീനകാലത്തു ഭാരതീയർ ഈ തത്വം വേണ്ടവിധം ഗ്രഹിച്ചു പ്രവർത്തിച്ചിട്ടുണ്ട്. തന്നിമിത്തം വിശിഷ്ടങ്ങളായ ഒട്ടേറെ കലകൾ ഈ നാട്ടിൽ ആവിർഭവിക്കുന്നതിനും അഭിവൃദ്ധിയെ പ്രാപിക്കുന്നതിനും ഇടയായി. ഭാരതീയ സംസ്കാരത്തിൻ്റെ പാവനമുദ്രകൾ അവയിൽ ഓരോന്നിലും തെളിഞ്ഞുവിളങ്ങുന്നതായി ഗ്രഹിക്കുവാൻസാധിക്കും. അതുല്യമായ പഴക്കം, ഋഷിവര്യന്മാരാൽ നിർമ്മിതമായിരിക്കുന്നു എന്ന അവസ്ഥ, ശാസ്ത്രകല്പിതമായ അടിസ്ഥാനം, ആനന്ദവിജ്ഞാനങ്ങളെ പ്രദാനംചെയ്യുന്നതിനു സാമർത്ഥ്യം, പരിപൂർണ്ണത, ശാഖോപശാഖാബാഹുല്യം എന്നിവ ഭാരതീയകലാസമുച്ചയത്തിൻ്റെ സഹജങ്ങളായ ഗുണങ്ങളാകുന്നു. ഇപ്രകാരം മേന്മതികഞ്ഞ ഒരു കലാസമ്പത്തു് പൗരാണികകാലത്തിനുമുൻപുതന്നെ പൗരസ്ത്യർക്കു ലഭിച്ചിട്ടുണ്ട്. അതിൻ്റെ ഈ പ്രഭാവം ഇതരദേശക്കാരുടെ കലാസമൂഹത്തിൽ കണ്ടുകിട്ടുന്നതല്ല.

ൽ അനാദൃതങ്ങളായി കിടക്കുന്നുണ്ട്. ഇന്നു അവ ആക്കും വേണ്ടാതെയായിത്തീൻ. കഷ്ടം.

മലയാളികളുടെ കലകളിൽ കൂടിയാട്ടം കൂത്ത് കഥകളി എന്നിവയ്ക്കു മുഖ്യതകൊടുക്കണം. ഇവയിൽ ആദ്യത്തേതു എല്ലാംകൊണ്ടും ഉൽകൃഷ്ടം. കൂത്ത് അതിന്റെ അംഗമാകുന്നു. ഭരതശാസ്ത്രത്തെ അടിസ്ഥാനമാക്കി കൂടിയാട്ടം ഉണ്ടായി. അതു അഭിനയിക്കുന്നതിനു അധികാരികൾ ചാക്യാന്മാരെന്നു നിശ്ചയിച്ചിരിക്കുന്നു. അവരെ നടന്മാർ (ഭരതന്മാർ) എന്നു വ്യവഹരിക്കാറുണ്ട്. ഭരതശാസ്ത്രത്തെ ആശ്രയിച്ചു ഉണ്ടായതെങ്കിലും, മലയാളികളുടെ മനോധർമ്മവും വൈദഗ്ദ്ധ്യവും സംസ്കൃതിയും ഈ കലയെ തനികേരളീയമായ ഒന്നാക്കി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. സചാരസ്യം ശുദ്ധഘടി ശാസ്ത്രീയമായ അടിസ്ഥാനം എന്നിവകൊണ്ടു ഒരു കലയ്ക്കു എത്രയ്ക്കു വൈശിഷ്ട്യവും മഹനീയതയും സമ്പാദിക്കാമെന്നതിനു കൂടിയാട്ടം പരമമായ ഉദാഹരണമാകുന്നു. നാട്യകലയ്ക്കു എവിടംവരെ ഉയരുവാൻ കഴിയുമോ അവിടംവരെ അതു എത്തിച്ചേർന്നിട്ടുണ്ട്. വിവിധങ്ങളായ ഗുണങ്ങളുടെ പരിപുഷ്ടികൊണ്ടു ഏതത്സദൃശമായ ഒരു കല ഇതരദേശക്കാർക്കു ഉണ്ടെന്നു തോന്നുന്നില്ല. കേരളസംസ്കാരത്തിന്റെ പോഷണത്തിനും നിലനില്പിനും അതിൽനിന്നു അപരിമിതമായ സഹായം കിട്ടിയിട്ടുണ്ടെന്നു സമ്മതിക്കണം.

കൂടിയാട്ടത്തെയും കൂത്തിനെയും അധികരിച്ചു മുൻകാലത്തു നിർമ്മിതങ്ങളും ബഹുരൂപങ്ങളും ചാക്യന്മാർ ഉപയോഗിച്ചുവരുന്നവയും അവരുടെയിടയിൽമാത്രം പ്രചരിച്ചുവരുന്നവയും ആയി സംസ്കൃതത്തിലും ഭാഷയിലും അനേകം ഗ്രന്ഥങ്ങൾ കാണുന്നു. അവയെ ഭാഷാസാഹിത്യത്തിന്റെ വിലപിടിച്ച സമ്പത്തെന്ന നിലയിൽ ആരാധിക്കേണ്ടതാകുന്നു. അവയുടെ കൂട്ടത്തിൽ ആട്ടപ്രകാരം നാട്ട്യക്രമം മുതലായവ ഉൾപ്പെടുന്നു. അവ സൂര്യപ്രകാശം ദർശിക്കാതെ കിടക്കുന്നവയേയുള്ളൂ.

കൂടിയാട്ടം പ്രധാനകലയെന്നും അതിനു ഭരതശാസ്ത്രം അടിസ്ഥാനം എന്നും പറഞ്ഞുവല്ലൊ. മുദ്ര അഭിനയം നൃത്തം എന്നു മൂന്നു അംഗങ്ങൾ അതിനുണ്ട്. ഇവയ്ക്കെല്ലാറ്റിനും ആഗമമൂലം അതിലും, അതിനെ അടിസ്ഥാനമാക്കി നിർമ്മിച്ചിരിക്കുന്ന തന്ത്രശാസ്ത്രഗ്രന്ഥങ്ങളിലും മുദ്രകളെപ്പറ്റി വിപുലമായി പ്രതിപാദിക്കുന്നു. ആഗമത്തിൽ അല്ലെങ്കിൽ തന്ത്രത്തിൽ കൊടുത്തിരിക്കുന്ന മുദ്രയാണു ഭരതശാസ്ത്രത്തിലേതു. അതിൽനിന്നു ചാക്യാന്മാർക്കു കിട്ടി. കഥകളിക്കാരുടെ മുദ്ര ചാക്യാന്മാരിൽനിന്നു സിദ്ധിച്ചതാകുന്നു. ഇങ്ങനെ പാവനവും പുരാവാർപ്രതിമവും ആയ ആഗമത്തിൽനിന്നു പടിപടിയായി ഇറങ്ങി അല്പമല്പം രൂപഭേദം സിദ്ധിച്ചു വന്നുചേർന്നിരിക്കുന്നതാണു കൂടിയാട്ടത്തിലെയും ആട്ടത്തിലെയും മുദ്ര.

വിഷ്ണുസംഹിത തന്ത്രസമുച്ചയം മുതലായവ സുപ്രസിദ്ധങ്ങളും ലബ്ധപ്രതിഷ്ഠങ്ങളും ആയ ചില തന്ത്രഗ്രന്ഥങ്ങളാകുന്നു. അവയെ ആസ്പദമാക്കി പല 'അനുഷ്ഠാന'ഗ്രന്ഥങ്ങളും നിർമ്മിതങ്ങളായിട്ടുണ്ട്. തന്ത്രമുദ്രകളുടെ രൂപം അവയിൽനിന്നു ഗ്രഹിക്കാം. അവയുടെ ജ്ഞാനം തന്ത്രകർമ്മത്തിൽ ഏർപ്പെടുന്നവർക്കു വേണ്ടുന്ന വസ്തുവാവുന്നതല്ല. ശ്രീകുമാരസൂത്രധാരം മുതലായ ശില്പശാസ്ത്രങ്ങളിലും മുദ്രകളെക്കുറിച്ചു വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ഹസ്തലക്ഷണദീപികയെന്നു പേരായി ഒരു ഗ്രന്ഥം മലയാളികളുടെയിടയിൽ നടപ്പുണ്ട്. മുദ്രകളുടെ നഗ്നലസ്വഭാവം ഗ്രഹിക്കുന്നതിനു അതു് ഉപയോഗപ്പെടും.

കൂടിയാട്ടത്തിൽനിന്നു കഥകളി ഉണ്ടായി എന്നു സൂചിപ്പിച്ചുവല്ലൊ. അഭിനയം, നൃത്തം, മുദ്ര, വേഷം മുതലായവകൊണ്ടു പരിഷ്കരിച്ച കൂടിയാട്ടമാണ് ആട്ടം. തിരുവഞ്ചിക്കുളത്തു വാണിരുന്ന കുലശേഖരൻ കൂടിയാട്ടത്തിനു ചില പരിഷ്കാരങ്ങൾ വരുത്തിയതായി ഐതിഹ്യമുണ്ട്. നടന്മാർ ശ്ലോകംചൊല്ലുക, വിദൂഷകൻ അർത്ഥംവിവരിക്കുക എന്നിതെല്ലാം അതിനുശേഷം നടപ്പായതായിരിക്കണം. കഥകളിക്ക് അങ്ങനെ നടപ്പില്ല. അതിൽ നടന്മാർ സംഭാഷണസഹായംകൂടാതെ കഥ മുഴുവനും അഭിനയംകൊണ്ടു പ്രതിപാദിക്കണം. ഇതു് രണ്ടു കലകളേയുംസംബന്ധിച്ചുള്ള ഒരു പ്രധാനവ്യത്യാസമാകുന്നു. കൂടിയാട്ടത്തിൽ സമർത്ഥനായ വിദൂഷകൻ മനോധർമ്മമധുരിതമായ വാഗ്വിലാസംകൊണ്ടു് അരങ്ങു കൊഴുപ്പിക്കുന്നതിനുകഴിയും, നായകന്റെ ഗഹനമായ അഭിനയത്തിൽ കഥാഗന്ധം ഇല്ലാതെ അരങ്ങത്തിരുന്നു് ഉറക്കംതൂങ്ങിയിരുന്നവർ വിദൂഷകന്റെ പ്രവേശനത്തോടുകൂടി ഉണർന്നു രസിച്ചുതുടങ്ങും. നാട്യത്തിന്റെ പരമോൽക്കർഷം പരിലസിക്കുന്ന കൂടിയാട്ടത്തിനു് അല്പം താഴ്ന്നതു. അപ്പ്രകാരം സംഭവിച്ചതാണു് കഥകളി. 'ഓത്തു പിഴച്ചതു കൂത്തു, കൂത്തു പിഴച്ചതു ആട്ടം' എന്നൊരു പഴഞ്ചൊല്ലു നടപ്പുണ്ടല്ലോ. ആഗമനത്തിനു പിഴവന്നു. കൂടിയാട്ടവും അതു താഴ്ന്നു് ആട്ടവും ഉണ്ടായി എന്നു സാരം.

ചാക്യാന്മാരുടെയും കഥകളിക്കാരുടെയും അഭിനയത്തിനു വ്യത്യാസമുണ്ട്. മാറുകൾ ചാക്യാന്മാർക്കും മെയ്യുടക്കം ആട്ടക്കാർക്ക്, മുഖ്യം. അസ്സൂക്ഷ്മബഹുവചനത്തിനു ചാക്യാർ ഹംസപക്ഷമുദ്ര ഉപയോഗിക്കുന്നു. അവർ അവ്യയംകൂടി അഭിനയിക്കും. വിഭക്തിമുദ്രകൾ അവർ കൂട്ട



"Watched Girl" by Paul K'ee.

കാമാവേശത്താൽ നോക്കപ്പെട്ട ഒരു യുവതിയുടെ ഭാവഭേദത്തെയാണ് ഇതിൽ ചിത്രീകരിച്ചിരിക്കുന്നതു്. കാമുകന്റെ ദൃഷ്ടിയാണു് ചിത്രത്തിന്റെ ഉപരിഭാഗത്തു കാണിച്ചിരിക്കുന്നതു്. യുവതിയുടെ കണ്ണുകൾ, മൂക്കു്, വികാരനിർഭരമായ അധരങ്ങൾ മുതലായവ ചിത്രത്തിൽ കാണാം.

* മേടം നാലാംതീയതിയിലെ ആഴ്ചപ്പതിപ്പിൽ ചിത്രകലയിലെ ഇസങ്ങൾ എന്ന ലേഖനത്തിന്റെ അനുബന്ധം.

തലാണു്. അവർക്ക് അഭിനയം, ആട്ടം എന്നു രണ്ടുവിധം അഭിനയമുണ്ടു്. ശരീരംതൊട്ടു് ഒന്നിനെ മറ്റൊരു അംഗവും ചലിപ്പിക്കാതെ കണ്ണു കൊണ്ടുമാത്രം ചെയ്യുന്നതു് അഭിനയം. കണ്ണും മുദ്രയും കൂടിച്ചേർന്നതു് ആട്ടം. കണ്ണുകൊണ്ടുമാത്രം ചെയ്യുന്ന അഭിനയത്തിന്റെ കാര്യത്തിൽ ചാക്യാന്മാർക്കു് അതുല്യമായ പാടവമുണ്ടു്. കർക്കശതരമായ അഭ്യാസബലംകൊണ്ടു് അതു സമ്പാദിക്കുന്നു.

കൃഷ്ണ സരോരുഹച്ചക്കു-
സ്ത്വച്ചായിചലലോലു്യമാതുമ്മുഖേ,

(അഭി: ശാ: അ: ൧.) എന്ന പദ്യം അഭിനയിച്ച സമയം, രാജാവിനേയും മൃഗത്തേയും, സൂതൻ ഒരേ സമയത്തു കാണുന്ന നാട്യം കാണിച്ചതിൽ പ്രയത്നംകൊണ്ടു് ഒരു ചാക്യാരുടെ ഒരു കണ്ണു പൊട്ടിപ്പോയിഎന്നു് ഐതിഹ്യമുണ്ടു്. പിന്നീടു ശാകുന്തളം അഭിനയിക്കാറില്ല. ഇതിൽനിന്നു ചാക്യാന്മാരുടെ അഭിനയശൈലി എത്രമാത്രം ഗംഭീരമായിരിക്കുമെന്നു് ഊഹിക്കാം.

കഥാവസ്തുവിന്റെ സൂക്ഷ്മവും ഗൂഢവുമായ അംശംകൂടി ചാക്യാന്മാർ വിസ്തരിച്ചും സജീവവും സരസവുമാക്കിയും അഭിനയിക്കുന്നു. ഇക്കാര്യത്തിൽ കഥകളിയുടെ സ്ഥാനം കൂടിയാട്ടത്തെ അപേക്ഷിച്ചു താഴെയെന്നു പറയണം. ചാക്യാന്മാരുടെ ശിക്ഷ്യതപവരിച്ചു് സാധിക്കുന്നിടത്തോളം മേന്മകൾ കയ്യിലാക്കി എന്ന മെച്ചമാണു് കഥകളിക്കാർക്കുള്ളതു. മുൻപു ആട്ടപ്രകാരം എന്ന ഗ്രന്ഥത്തെ സ്മരിച്ചുവല്ലൊ. ആട്ടത്തിന്റെ പ്രകാരത്തെ—രീതിയെക്കുറിച്ചു പ്രതിപാദിക്കുന്നതുകൊണ്ടു അന്വർത്ഥനാമകമായതാണു് അതു്. അതിൽ അഭിനയക്രമാദികളെക്കുറിച്ചു വിസ്തരിച്ചുപ്രതിപാദിക്കുന്നു. ചാക്യാന്മാർ ഉപയോഗിക്കുന്ന പ്രധാന നാടകങ്ങൾക്കു് ആട്ടപ്രകാരമുണ്ട്. അതു നോക്കിപ്പഠിച്ചാണു് അവർ അഭിനയിക്കുന്നതു്. നാട്യജ്ഞാനം കാര്യമായവർക്കും, അതു നോക്കി പഠിക്കുന്നതായാൽ ചാക്യാന്മാരുടെ അരങ്ങുകളിൽ അകപ്പെട്ടുപോകാതെ ഉറങ്ങാതെ കഴിച്ചുകൂട്ടാം.

കൂടിയാട്ടത്തെ കേരളീയകലകളുടെ മണിമകുടം എന്നു ശ്ലാഘിക്കണം.

> കാലും കരങ്ങളും കണ്ണും പുരികവും
> നാലും പരസ്പരംചേർന്നു വന്നീടുകിൽ
> പാലും മധുരവും പഞ്ചസാരപ്പോടി.
> നാലുംകലർന്നപോലുണ്ടു മാധുര്യവും
> നാട്യങ്ങൾകാട്ടുന്നതിന്നും വിശേഷിച്ചു
> ഭംഗിയുണ്ടെങ്കിലേ കണ്ടാൽസുഖംവരൂ.

(ഹരിണീസ്വയംവരം തുള്ളൽ) എന്നു നിഖിലകലാമർമ്മജ്ഞനായ കുഞ്ചൻനമ്പ്യാർ പാടിയിരിക്കുന്നതുനോക്കുക. ഈ മേന്മ കൂടിയാട്ടത്തിൽ തികഞ്ഞുപരിലസിക്കുന്നതായി അനുഭവപ്പെടും. അനുഗൃഹീതനടന്മാരായ ചാക്യാന്മാർ, പാരമ്പര്യം, പഠിച്ചു കൈകാര്യം ചെയ്യുന്നതുകൊണ്ടു് അതിനു ഈ മേന്മ കൈവന്നു. (തുടരും)

* അലാ, ക്ഷപ്രസംഗം: – തലശ്ശേരിയിൽ ബ്രണ്ണൻകാളേജിൽവച്ചു കൂടിയ സാഹിത്യസമാജവാർഷികയോഗത്തിൽ വായിച്ചതു്.

ബാലപംക്തി

# മാഞ്ഞുപോയ അക്കങ്ങൾ

ആർ. എസ്. ആശാരി, നെടുമങ്ങാട്ട്.

പ്രിയപ്പെട്ട വിദ്യാർത്ഥികളേ,

മൂന്നാംക്ലാസ്സിൽ പഠിക്കുന്ന മുകുന്ദൻനായർ തന്റെ സ്ലേറ്റിൽത്തന്നെ നോക്കിക്കൊണ്ടു കരയുകയായിരുന്നു. നാലാംക്ലാസ്സിൽ പഠിക്കുന്ന നാരായണൻനായർ അവിടെച്ചെന്നു് അനുജന്റെ ദുഃഖകാരണം അന്വേഷിച്ചു.

മുകുന്ദൻ—സാർ ഒരു വീട്ടുകണക്കു തന്നു. ഞാൻ അതു ശരിയായി ചെയ്തു. ഇപ്പോൾ പലഭാഗവും അഴിഞ്ഞുപോയിരിക്കുന്നു. കണക്കു ശരിയായി ചെയ്തുകാണിച്ചില്ലെങ്കിൽ ക്ലാസ്സിൽ ചെല്ലുമ്പോൾ തല്ലുകൊള്ളും.

നാരായണൻനായർ സ്ലേറ്റു വാങ്ങി നോക്കി. (അക്കങ്ങൾ അഴിഞ്ഞുപോയ ഭാഗങ്ങളിൽ × എന്നു താഴെച്ചേർക്കുന്നു) കണക്കു് ഇപ്രകാരമിരുന്നു.

```
215)×7×9×(1××
    ××5
    ---
    ×5×9
    ×5×5
    ----
      ×4×
      ×××
```

കുറേനേരം നോക്കിയശേഷം നാരായണൻനായർ ചോദിച്ചു:—"മുകുന്ദാ! ശിഷ്ടം എത്ര ഉണ്ടായിരുന്നു."

മുകുന്ദൻ: ശിഷ്ടം ഇല്ലായിരുന്നു, ചേട്ടാ! എനിക്കു നല്ല ഓർമ്മയുണ്ടു്.

നാരായ: അങ്ങനെയാണെങ്കിൽ ഞാൻ ശരിയായ അക്കങ്ങൾ എഴുതിത്തരാം.

ഇങ്ങനെ പറഞ്ഞുകൊണ്ടു് നാരായണൻനായർ ശരിയായ അക്കങ്ങൾ പൂരിപ്പിക്കുകയും കണക്കു ചെയ്യുകയും ചെയ്തു.

വിദ്യാർത്ഥികളേ! ശരിയായ അക്കങ്ങൾ എഴുതി പൂരിപ്പിച്ചു് കണക്കുചെയ്യുവാൻ നിങ്ങൾക്കു സാധിക്കുമോ? ഒന്നു ശ്രമിച്ചുനോക്കുക (ശരിയായ ഉത്തരം അടുത്തലക്കത്തിൽ.)

—൦—

## ഫിലിംവാർത്തകൾ

സുപ്രസിദ്ധകേരളീയനർത്തകനായ ആനന്ദശിവറാമും പാർട്ടിയും ഇപ്പോൾ ആസ്ത്രേലിയൻ വയോജനവിദ്യാഭ്യാസബോർഡിന്റെ ആഭിമുഖ്യത്തിൽ ബോർഡു നടത്തുന്ന സമ്മർസ്കൂളിലെ അദ്ധ്യേതാക്കളെ ഉദ്ദേശിച്ചു് തുടർച്ചയായി നൃത്യകലാപ്രകടനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

* * * *

എസ്സ്. എസ്സ്. വാസന്റെ അടുത്തചിത്രമായ 'മംഗള'യിൽ ശ്രീമതി എം. എസ്. സുബ്ബലക്ഷ്മിയും ശ്രീമതി ഭാനുമതിയും അഭിനയിക്കുന്നതാണു്.

* * * *

ടി ആർ. മഹാലിംഗം സ്വന്തമായി നിർമ്മിക്കുന്ന 'മാച്ചരേഖ'യുടെ നിർമ്മാണം മിക്കവാറും പൂർത്തിയായിട്ടുണ്ടു്. മേയ മാസത്തിൽ ചിത്രത്തിന്റെ പ്രദർശനം ആരംഭിക്കുന്നതാണു്. പുല്ലയ്യാ ഡയറക്ടു ചെയ്തിരിക്കുന്ന ഈ ചിത്രത്തിൽ അഭിനയിച്ചിരിക്കുന്നതു് മഹാലിംഗം, എം. വി. മണി, ബി. ആർ. പന്തലു, ശാന്തകുമാരി തുടങ്ങിയവരാണു്.

* * * *

സ്റ്റാൻഡൽഫിലിംകോർപ്പറേഷന്റെ ഇതയഗീതത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഒരു രാജപുത്രകഥയെ അടിസ്ഥാനപ്പെടുത്തിയാണു് ഈ ചിത്രം നിർമ്മിക്കുന്നതു്. ശ്രീ. ജോസഫ് തളിയത്താണു് ചിത്രം ഡയറക്ടുചെയ്യുന്നതു്.

* * * *

രാഗിണിഫിലിംസിന്റെ "തിരുമ്പെട്ടു" എന്ന ചിത്രം പൂർത്തിയായിരിക്കുന്നു. കൃഷ്ണവേണി, ശാന്തകുമാരി, നാരായണറാവു, ലളിത, പത്മിനി മുതലായവർ പ്രധാനഭാഗങ്ങൾ അഭിനയിച്ചിരിക്കുന്നു.

* * * *

അലയിഡുപിക്ചേഴ്സ് കാർപ്പറേഷൻ പരമാണന്ദശ്യാമലു എന്ന തെലുങ്കുചിത്രം നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഷേക്സ്പീയർ മഹാകവിയുടെ ഒരു നാടകത്തെ ആസ്പദമാക്കിയുള്ളതാണു കഥ. ഹേമലത, സി. എസ്. ആർ. ലക്ഷ്മീരാജ്യം തുടങ്ങിയവർ പ്രധാനഭാഗങ്ങൾ അഭിനയിക്കുന്നു.

* * * *

ജഗത്പിക്ചേഴ്സ് ദൈവനം എന്ന ചിത്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയതിനുശേഷം "രാജാറാണി" "അംബർ" എന്ന രണ്ടു ചിത്രങ്ങളുടെ നിർമ്മാണം ആരംഭിച്ചിരിക്കുന്നു.

* * *

ഹേമസ്പിക്ചേഴ്സിന്റെ "കമൽകിഷൂൽ" എന്ന ചിത്രത്തിന്റെ നിർമ്മാണം പൂർത്തിയാകാറാകുന്നു. സുരയ്യായാണു് ചിത്രത്തിൽ നായികയുടെഭാഗം അഭിനയിച്ചിരിക്കുന്നതു്.

* * *

രാജ്കമൽ കലാമന്ദിർ ശ്രീ. വി. ശാന്താറാം ഡയറക്ടുചെയ്യുന്ന 'ദേഹെജി' എന്ന ചിത്രം പൂർത്തിയായിരിക്കുന്നു. ഒരു സാമുദായികചിത്രമായ ദേഹെജിയിൽ സ്ത്രീധനസമ്പ്രദായത്തിന്റെ ദൂഷിച്ചവശങ്ങളെ വ്യക്തമായി വെളിപ്പെടുത്തിക്കാണിക്കുന്നുണ്ടു്.

* * *

പക്ഷിരാജാ സ്റ്റുഡിയോക്കാർ നിർമ്മിക്കുന്ന "ഏഴൈപെട്ടപാട്" എന്ന ചിത്രത്തിൽ ഒരുസംഘം ഫ്രഞ്ചുനർത്തകികളുടെ നൃത്തംകൂടി ഉൾപ്പെടുത്തുന്നുണ്ടു്.

* * *

"യുങ്കണിന്റെ സാഹസങ്ങൾ" "പടിഞ്ഞാറൻഗർജ്ജനം" "ഉരുക്കിന്റെ ചരടുകൾ" തുടങ്ങിയ ചിത്രങ്ങളിൽ അഭിനയിച്ചു പ്രസിദ്ധിനേടിയിട്ടുള്ള വില്യംഡെസ്മണ്ടു് തന്റെ 71-ാമത്തെ വയസ്സിൽ കാലിഫോർണിയായിൽവെച്ചു നിര്യാതനായിരിക്കുന്നു.

* * *

ഫ്രാൻസിസ്സേവ്യറിന്റെ ജീവചരിത്രത്തെ ആസ്പദമാക്കി കൊങ്കണിഭാഷയിൽ ഒരു ചിത്രം നിർമ്മിച്ചിരിക്കുന്നു. ക്രിസ്തുമതപരമായ ഈ ചിത്രം ഡയറക്ടു ചെയ്തിരിക്കുന്നതു സിർദേശായും പ്രധാനനടൻ "ജസ്റ്റീനോ" ആണു്.

* * *

നാഷനൽ സേവിംഗ്സ് പദ്ധതിക്കു ന്ത്യാഗവമ്മെന്റിന്റെ നിർദ്ദേശാനുസരണം റിക്കാർഡുകൾമുഖേന ചെയ്തിട്ടുള്ള പ്രചരണങ്ങളെ അഭിനന്ദിച്ചു ഗവമ്മെന്റിൽനിന്നും ശ്രീമതി പി. ലീലയ്ക്കും ഒരു സ്വർണ്ണമെഡൽ സമ്മാനിച്ചിരിക്കുന്നു.

* * *

കൽക്കത്തായിൽനിന്നും പുറപ്പെടുന്ന 'ദീപാലി' വാരികക്കാർ നടത്തിയ പരീക്ഷയിൽ 1949-ൽ നിർമ്മിച്ചിട്ടുള്ള പത്തു ചിത്രങ്ങൾ സമ്മാനാർഹങ്ങളായിരിക്കുന്നു. ബഡീബഹൻ, ഹമാരി മൻസിൽ, ലാഹോർ, നിശാൻ, ശബ്നം, അപ്നദേശ, അന്ദാസ്, ഛോട്ടാഭായി, സ്വയംസിദ്ധ, സാവൻ എന്നിവയാണു് സമ്മാനാർഹങ്ങളായ ചിത്രങ്ങൾ.

—൦—

## വിഷയവിവരം

—൦—


| | പേജ് |
|---|---|
| 1. സിനിമാപംക്തി | 2 |
| 2. പ്രൊ. ഹാരോൾഡ് ലാസ്കി | ,, |
| 3. ഒരു കൃതജ്ഞതാപ്രകാശനം — വള്ളത്തോൾ | 3 |
| 4. ഈ ആഴ്ചയിലെ നക്ഷത്രഫലം — തകഴി ക. രാമവാര്യർ | 4 |
| 5. ത്രാക് (ശാസ്ത്രപംക്തി) — വി. വി. രവീന്ദ്രൻ | ,, |
| 6. കലയും ശാസ്ത്രവും — വടക്കുംകൂർ രാജരാജവർമ്മരാജാ | 5 |
| 7. ബാലപംക്തി | 6 |
| 8. ഫിലിംവാർത്തകൾ | ,, |
| 9. നിഷ്കാമയായ മീരാബായുടെ സാഹസികയായ സഹധർമ്മിണി — കെ. കെ. തുണ്ടത്തിൽ | 7 |
| 10. ചിത്രങ്ങൾ | 8, 9 |
| 11. കണ്ടക്കാവിലകം അഥവാ മാവേലിക്കരരാജകുടുംബം—ജി. കൃഷ്ണപിള്ള | 10 |
| 12. പുരുഷൻ എങ്ങനെയുണ്ടായി — കമ്പെയമ്മ | 11 |
| 13 കാർട്ടൂൺ | 12 |
| 14. ഗണിതവിഹാരം — എസ് പരമേശ്വരൻ | 13 |
| 15 എരിയുന്ന ഹൃദയം (ചെറുകഥ) — മസ്ക്കിംഗോർക്കി | 14 |
| 16. പുലിയും പശുവും (കവിത) — എൻ ഭാർഗ്ഗവി | ,, |
| 17. വൃന്ദാവനത്തിൽ (കവിത) — പ. ലാ. നാരായണൻനായർ | ,, |
| 18. പരമാത്മസ്സ് ഒരു ദിവസം — തോപ്പിൽ ഗോപാലപിള്ള | 15 |
| 19. പ്രയാഗിലെ കുംഭമേള — വള്ളംകുളം കെ. ജി. കെ. നായർ | 16 |


മുഖചിത്രം:—
അലഹബാദ് സർവകലാശാല.

# നിഷ്ഠൂരനായ നീറോയുടെ സാഹസികയായ സഹധർമ്മിണി

റോംനഗരത്തിലെ ഒരു പ്രാചീനകുടുംബാംഗവും സൈന്യസേവനത്തിൽ പ്രശസ്തിയാർജ്ജിച്ച ഒരു ഉയൎന്ന ഉദ്യോഗസ്ഥനുമായിരുന്ന നേയിസ് ഡിമിറ്റിയസ്, രാജവംശത്തിൽപെട്ട അഗ്രിപ്പീനാ എന്ന യുവതിയുമായി വിവാഹബന്ധത്തിലേൎപ്പെട്ടു. അപ്രതീക്ഷിതമായ ഔന്നത്യത്താൽ തലതിരിഞ്ഞ ഡിമിററിയസ് ദുസ്സ്വഭാവത്താൽ ദുൎമ്മാൎഗ്ഗത്തിൽ അകപ്പെട്ടു തന്റെ യൌവനവും ആരോഗ്യവും ഒരുപോലെ നശിപ്പിച്ചു അല്പായുസ്സായി അന്തരിച്ചു. തന്മൂലം അഗ്രിപ്പീനായ്ക്കു അകാലവൈധവ്യവും അണഞ്ഞു. ഇവരുടെ ദാമ്പത്യജീവിതത്തിൽ ദുഷ്കൎമ്മങ്ങളാൽ ദുഷ്കീൎത്തിയാൎജ്ജിച്ച അനന്തരകാലങ്ങളിൽ ഹിംസയുടെ പര്യായമായിത്തീൎന്ന നീറോ എന്നൊരു പുത്രൻ ജനിച്ചു. സമൎത്ഥയും കുടിലയുമായിരുന്ന അഗ്രിപ്പീനാ തന്റെ ഭാവിജീവിതത്തെ ഇഷ്ടാനുസരണം രൂപീകരിക്കുന്നതിനു തന്റേടവും കഴിവും ഉള്ളവളായിരുന്നതിനാൽ ഭൎത്താവിന്റെ അകാലവിയോഗം അപരിഹാൎയ്യമായ ഒരു നഷ്ടമായി ഗണിച്ചില്ല. ഉദ്ദിഷ്ടസാദ്ധ്യത്തിനായി ഏതു തന്ത്രങ്ങളും പ്രയോഗിക്കുന്നതിനു യാതൊരു സങ്കോചവുമില്ലാത്ത സ്വഭാവവിശേഷമുള്ള അഗ്രിപ്പീനായുടെ ആശാസൃഷ്ടികൾ ബഹുമുഖങ്ങളായിരുന്നു എന്നു മാത്രമല്ല അവയുടെ പ്രായോഗികവശങ്ങളെപ്പററിയുള്ള ഗാഢചിന്തയിൽ അവൾ സദാ ജാഗരൂകയുമായിരുന്നു. ഒടുവിൽ തന്റെ ആശാവീചികൾ ചക്രവൎത്തിയുടെ കൊട്ടാരത്തിലേക്കുതന്നെ അടിഞ്ഞുകയറി സിംഹാസനംവരെ എത്തി. നട്ടെല്ലില്ലാത്തവനായിരുന്ന ചക്രവൎത്തിയുടെ പട്ടമഹിഷീപദം ഏതുവിധമെങ്കിലും കരസ്ഥമാക്കണമെന്നുതന്നെ അഗ്രിപ്പീനാ തീൎച്ചയാക്കി.

## ക്ലാഡിയസ്സ്

അക്കാലത്തു ചക്രവൎത്തിയായിരുന്ന ക്ലാഡിയസ്സിനു ആദ്യഭാൎയ്യയായിരുന്ന പൊറിനായിൽ അന്റോണിയാ എന്നൊരു പുത്രിയും രണ്ടാം ഭാൎയ്യയായ മെസാലിനായിൽ അക്ടേവിയാ എന്നൊരു പുത്രിയും ബ്രിട്ടാനിക്കസ് എന്നൊരു പുത്രനുമുണ്ടായിരുന്നു. ഏകപുത്രനായ ബ്രിട്ടാനിക്കസിന്റെ ആസന്നമായ യുവരാജ്യാഭിഷേകമഹോത്സവങ്ങളുടെ ആഡംബരചടങ്ങുകളിൽ സുഖസ്വപ്നം കണ്ടുകൊണ്ടു ആനന്ദലഹരിയിൽ ആറാടിക്കൊണ്ടിരുന്ന മാതാവായ സാധു മെസാലിനാ തന്റെമേൽ കാളകൂടം വമിക്കാൻ തരംനോക്കി ഫണമുയൎത്തി സമീപത്തു നിന്നിരുന്ന ഘോരസൎപ്പത്തെപ്പററി യാതൊരറിവുമില്ലാതെ കഴിഞ്ഞുവന്നു.

## മെസാലിനായുടെ ദുരന്തം

മെസാലിനായുടെ സകല നടപടികളും സൂക്ഷ്മമായി പരിശോധിച്ചുകൊണ്ടിരുന്ന അഗ്രിപ്പീനായ്ക്കു തന്റെ ഉദ്ദേശസാദ്ധ്യത്തിനു പ്രയോജനീഭവിച്ച ഒരു സന്ദൎഭം ലഭ്യമായി. ദേശപൎയ്യടനത്തിൽ ഏൎപ്പെട്ടിരുന്ന ചക്രവൎത്തിയുടെ അഭാവത്തിൽ മെസാലിനാ തന്റെ പൂൎവ്വാരാധകന്മാരിൽ ഒരാളുമായി രഹസ്യസമ്മേളനങ്ങൾക്കു വഴിതെറ്റിയ പരിതൃപ്തിയാൽ വശംവദയായി. തന്റെ സ്വാധീനശക്തിയുടെ പ്രാബല്യത്താൽ നഗരത്തിലെ പൌരപ്രമുഖർവഴി മെസാലീനായുടെ വിക്രിയകളുടെ ചരിത്രം ചക്രവൎത്തിസമക്ഷം അഗ്രിപ്പീനാ എത്തിച്ചു. അക്ഷന്തവ്യമായ ഈ ഘോരാപരാധത്തിനു മെസാലിനായെ പരസ്യവിചാരണനടത്തി വധശിക്ഷയ്ക്കു ചക്രവൎത്തി വിധികല്പിച്ചു. ക്ലാഡിയസ് ചക്രവൎത്തി വീണ്ടും വിവാഹിതനായി. വധു അഗ്രിപ്പീനായുമായിരുന്നു.

## ബ്രിട്ടാനിക്കസ്സ്

അഗ്രിപ്പീനായുടെ ആശകൾ ഇതുകൊണ്ടു അവസാനിച്ചില്ല. യഥാൎത്ഥ അവകാശിയായ ബ്രിട്ടാനിക്കസ് ജീവനോടിരിക്കുമ്പോൾ തന്റെ പുത്രനായ നീറോയ്ക്കു സ്ഥാനമുണ്ടായിരിക്കയില്ലെന്നു നല്ലവണ്ണം അറിഞ്ഞിരുന്ന അഗ്രിപ്പീനാ ചക്രവൎത്തിയെ സാവധാനത്തിൽ സ്വാധീനപ്പെടുത്തി തന്റെ ഇംഗിതം വെളിപ്പെടുത്തി. കുടുംബത്തിൽ നീറോയുടെ സ്ഥാനം സുദൃഢമാക്കുന്നതിനായി നീറോയെക്കൊണ്ടു അക്ടേവിയായെ വിവാഹം കഴിപ്പിച്ചു. കുടിലയായ അഗ്രിപ്പീനായുടെ സകല തന്ത്രങ്ങളും നീറോയെ കിരീടാവകാശിയാക്കാൻ പ്രയോഗിച്ചിട്ടും നിഷ്ഫലമെന്നു കണ്ടപ്പോൾ ചക്രവൎത്തിയുടെ ജീവഹാനിക്കുതന്നെ അവൾ മുതിൎന്നു. ആഹാരത്തിൽ വിഷം കലൎത്തി ചക്രവൎത്തിക്കു കൊടുത്തു. ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യമോ ശരിയായ വൈദ്യസഹായമോ ഉണ്ടാകാതെയിരിക്കാൻ വേണ്ട മുൻകരുതലുകൾ ചെയ്തു. നിരാശ്രയനായ ചക്രവൎത്തി നാരകീയപരിവേദനം അനുഭവിച്ചു പരലോകം പൂകി. താമസംവിനാ സകല ആഡംബരങ്ങളോടുംകൂടി നീറോയെ ചക്രവൎത്തിയാക്കി വാഴിക്കയും ചെയ്തു. നിൎഭാഗ്യവാനായ ബ്രിട്ടാനിക്കസ്സ് തന്റെ ദുൎവ്വിധി നിമിത്തം അനുഭവിച്ചുകൊണ്ടു ആ പ്രക്ഷുബ്ധരംഗത്തുനിന്നും അപ്രത്യക്ഷനാകുകയും ചെയ്തു.

സംഭവബഹുലങ്ങളായ രംഗങ്ങളുടെ ഗതിവിഗതികളെ സൂക്ഷ്മം പഠിച്ചുകൊണ്ടു ഒരു വ്യക്തി തക്കസന്ദൎഭത്തിൽ പ്രത്യക്ഷപ്പെടാൻ ആവേശപൂൎവ്വം കാത്തുനിൽപുണ്ടായിരുന്നു.

റോംപട്ടണത്തിലെ ഉദ്യോഗസ്ഥപ്രമുഖരിൽ ഏററവും പ്രശസ്തനായ സാൽവിയസ്സ് ഓട്ടോ അതീനെയുടെ പ്രേയസിയായിരുന്ന പാപ്പനായ സബീനായ്ക്കു ക്ലാഡിയസ്സ് ചക്രവൎത്തിയുടെ മരണാനന്തരം നീറോ സ്ഥാനാരോഹണം ചെയ്തപ്പോൾ നീറോയെ വിവാഹം ചെയ്താൽ കൊള്ളാമെന്ന മോഹം ജനിച്ചു. ഉൽകൃഷ്ടകുടുംബജാതയും വിദ്യാസമ്പന്നയും ആയിരുന്ന

പ്പെട്ടു. സബീനായുടെ സൌന്ദൎയ്യലഹരിയിൽ നീറോ ആമഗ്നനാകുകയും ചെയ്തു.

തിരശ്ശീലയ്ക്കുള്ളിൽ നടന്ന ഗൂഢാലോചനകളും രഹസ്യനടപടികളും അറിഞ്ഞ അഗ്രിപ്പീനാ സബീനായുമായുള്ള വേഴ്ച അവസാനിപ്പിക്കണമെന്നു മകനെ നിൎബ്ബന്ധപൂൎവ്വം നിഷ്കൎഷിച്ചു. പക്ഷെ നീറോ അതു കൂട്ടാക്കിയില്ല. തന്റെ ഇംഗിതങ്ങൾക്കു വിപരീതം പ്രവൎത്തിക്കുന്നവരെ നിഷ്കരുണം ഹനിക്കുന്ന സ്വഭാവവൈകല്യമുള്ള അഗ്രിപ്പീനായ്ക്കു ഇതൊരു കോപകാരണമായിത്തീൎന്നു. ഒളിവിൽ പാൎത്തിരുന്ന യഥാൎത്ഥരാജ്യാവകാശിയായ ബ്രിട്ടാനിക്കസിനെവരെ

എന്നാണു അഗ്രിപ്പീനായുടെ താല്പൎയ്യപ്രകാരം വിവാഹം ചെയ്ത അക്ടേവിയായെ പാണ്ടെറിയാ എന്ന ഒരു ദ്വീപിലേക്കു നാടുകടത്തുകയും അവിടെവച്ചു വധിക്കുകയും ചെയ്തു.

പ്രതിബന്ധങ്ങൾ സകലതും നീങ്ങിക്കണ്ടു സമാശ്വസിച്ച സബീനായെ പത്നിയായി നീറോ സഹൎഷം സ്വീകരിച്ചു.

ദുൎമ്മോഹത്താൽ ധൎമ്മാധൎമ്മവിചാരലേശവിമുഖയായിത്തീൎന്ന സബീന ദുൎന്നയങ്ങളാലും ദുഷ്കൎമ്മങ്ങളാലും ആൎജ്ജിച്ച ഉന്നതസ്ഥാനം നീണ്ടനാൾ അനുഭവിക്കാൻ വിധി അനുവദിച്ചില്ല. താമസംവിനാ അഭിപ്രായവ്യത്യാസങ്ങളും തന്മൂലം അന്തഃഛിദ്രങ്ങളും ആവിൎഭവിച്ചുതുടങ്ങി. ഏകാധിപത്യശാസനയും അനുസരണരാഹിത്യവും ഏററുമുട്ടി. ക്രമേണ സമാധാനം എന്നൊന്നു കുടുംബത്തിൽ കേവലം വിരളമായിത്തന്നെ തീൎന്നു. ഇങ്ങനെയിരിക്കെ കരടിവേട്ടകഴിഞ്ഞു അൎദ്ധരാത്രിയിൽ കൊട്ടാരത്തിൽ മടങ്ങിഎത്തിയ നീറോയെ ക്ഷുഭിതയായ സബീനാ പ്രബലമായ ചാട്ടവാക്യങ്ങൾകൊണ്ടു സ്വാഗതം ചെയ്തു. ക്രുദ്ധനായ നീറോ സബീനായുടെ ഉദരപ്രദേശത്തിന്റെ അധോഭാഗം ലാക്കാക്കി അയഃപാദരക്ഷ ധരിച്ചിരുന്ന പാദം കൊണ്ടു ചവുട്ടി. ജീവിതത്തിൽ നിൎദ്ദയതാം ആചരിച്ചുപോന്ന സബീനാ തന്റെ ഭൎത്താവിന്റെ മുഖത്തു സ്ഫുരിച്ചുകാണപ്പെട്ട നിൎദ്ദയതാം അവസാനമായി വീക്ഷിച്ചുകൊണ്ടു തൽക്ഷണം മൂൎച്ഛയടഞ്ഞു.

സബീനായിൽ നീറോയ്ക്കു ക്ലാഡിയസ് അഗസ്റ്റാ എന്നൊരു പുത്രി ജനിച്ചിരുന്നു എങ്കിലും അന്നത്തെ അസ്വാസ്ഥ്യവും അസ്ഥിരവും ആയ അന്തരീക്ഷത്തിൽ സാധാരണകാരണങ്ങളാൽ ഈ കൃത്യം മരണമടഞ്ഞു എന്നുള്ള വിശേഷവിധിയായ ഭാഗ്യാതിരേകം സിദ്ധിച്ച ആ പെൺകുട്ടി ശൈശവത്തിൽതന്നെ മരിച്ചു.

നീറോയെങ്കിൽ സബീനായും അപ്രകാരംതന്നെയായിരുന്നുവെന്നുള്ളതു നിസ്തൎക്കമായ വസ്തുതയായിരുന്നു. നീറോ സൌന്ദൎയ്യലേശം കലൎന്നിട്ടില്ലാത്തതല്ലെങ്കിലും കോമളകളേബരനായ ഒരു യുവാവായിരുന്നു. സബീനായും അനിതരസാധാരണമായ അംഗലാവണ്യത്തോടുകൂടിയ ഒരു യുവതിയുമായിരുന്നു. പക്ഷെ സബീനായുടെ ഉദ്ദേശസാദ്ധ്യത്തിനു അപ്രധാനങ്ങളല്ലാത്ത പ്രതിബന്ധങ്ങൾ വളരെ ഉണ്ടു. ഒന്നാമത്തു സ്വഭൎത്താവ്. രണ്ടാമത്തു നീറോയുടെ ഭാൎയ്യ അക്ടേവിയാ. അതിപ്രധാനമായ മറെറാരു പ്രതിബന്ധം നീറോയുടെ മാതാവായ അഗ്രിപ്പീനാ.

അനിവാൎയ്യങ്ങളെന്നു പ്രഥമദൃഷ്ട്യാ തോന്നിയ ഈ പ്രതിബന്ധങ്ങളെപ്പററി കൂലങ്കഷമായി സ്വയം ചൎച്ചചെയ്തതിന്റെശേഷം പ്രവൃത്തിരൂപം അവലംബിക്കാൻതന്നെ സബീനാ തീരുമാനിച്ചു. പ്രമാദമായ നിയമവാദപ്രതിവാദങ്ങൾ അംഗുഷ്ഠപ്രവാദം ജനതാമദ്ധ്യേ പ്രചരിക്കുവാൻ കാലദൈൎഘ്യത്തിനും ഇടനൽകാതെ നയപ്രയോഗംകൊണ്ടു സബീനായ്ക്കു ഭൎത്താവിൽനിന്നും നിയമാനുസൃതം വിവാഹമോചനം സിദ്ധിക്കയും താൻ സ്വതന്ത്രയായിത്തീരുകയും ചെയ്തു. സ്വഭാ

ത്തി രാജ്യാഭിഷേകം നടത്തുമെന്നു മാതാവു നീറോയെ ഭീഷണിപ്പെടുത്തി. സബീനായുടെ ദുരുപദേശംകൊണ്ടു നീറോ ഇതിനു പോംവഴികണ്ടു, ബ്രിട്ടാനിക്കസ് വധിക്കപ്പെട്ടു.

സബീനായ്ക്കു ശേഷിച്ച പ്രതിബന്ധം ഒന്നുമാത്രം. അതു നീറോയുടെ മാതാവായ അഗ്രിപ്പീനാ. സാഹസികയായ സബീനാ തന്റെ ഇംഗിതങ്ങൾക്കു നിഷ്ഠൂരനായ നീറോയെ വശംവദനാക്കി മാതൃഹത്യക്കു ഉപായങ്ങൾ ഉപദേശിച്ചു. ഒന്നിലധികം പ്രാവശ്യം ആഹാരത്തിൽ വിഷം കലൎത്തിക്കൊടുത്തു, പക്ഷെ ഈവിധ വ്യാപാരങ്ങളിൽ നിപുണയായിരുന്ന അഗ്രിപ്പീനായിൽ അതൊന്നും ഫലിച്ചില്ല. കൂടാതെ വെള്ളത്തിൽ താഴ്ത്തിയും ശയ്യാഗൃഹത്തിന്റെ മുകൾതട്ടു പൊളിച്ചിട്ടും ജീവഹാനിക്കു ഉദ്യമിച്ചു. അഗ്രിപ്പീനാ അവയിൽനിന്നെല്ലാം രക്ഷപ്രാപിച്ചു. ഒടുവിൽ സംശയാസ്പദമായ പ്രവൃത്തികൾ അനുനിമിഷം നടന്നുകൊണ്ടിരുന്നതിനെ കണ്ടു

സബീനായുടെ ദാരുണമരണസംഭവത്തിൽ അല്പം വ്യാകുലനായിത്തീൎന്ന നീറോ അക്ടേവിയായുടെ പാപശാന്തിക്കെന്ന വ്യാജേന ക്ലാഡിയസിന്റെ വേറെ ഒരു പുത്രിയായിരുന്ന അന്റോണിയായെ വിവാഹം ചെയ്യാൻ ആലോചിച്ചു. ഭയവിഹ്വലയായിത്തീൎന്ന അന്റോണിയാ ഇതിനനുവദിച്ചില്ല. ഇഷ്ടഭംഗത്തിനിടയാക്കിയ അന്റോണിയായെ, രാജ്യത്തിൽ വിപ്ലവം സൃഷ്ടിക്കാൻ ഉദ്യമിച്ചു എന്ന കുററം ചുമത്തി നീറോ വധശിക്ഷയ്ക്കു വിധിച്ചു പിന്നീടു റോമിലെ പ്രധാനമജിസ്ട്രേട്ടന്മാരിൽ ഒരാളായിരുന്ന വെസ്റ്റിനസ്സ് എന്ന ഉദ്യോഗസ്ഥന്റെ ഭാൎയ്യ സ്റ്റാററിലായെ നീറോ അപഹരിക്കയും വെസ്റ്റിനസ്സിനെ വധിക്കുകയും ചെയ്തു.

ഇപ്രകാരം നിരന്തരം ദുഷ്കൎമ്മങ്ങൾ നിൎഭയം പ്രവൎത്തിച്ചുവന്ന നീറോയുടെ അധഃപതനത്തിനും മരണത്തിനും സാക്ഷാൽ കാരണത്തിന്റെ ബീജാവാപം ചെയ്തതു തന്റെ സാഹസികയായ സഹധൎമ്മിണിയായിരുന്ന സബീനാതന്നെയായിരുന്നു എന്നുള്ള പരമാൎത്ഥം വിഗണിക്കുകയോ വിസ്മരിക്കുകയോ ചെയ്യത്തക്കതല്ല. റോംപ്രവിശ്യകളിലെ ലഹളകളും വിപ്ലവവും വിജയകരമായവിധത്തിൽ സാമൎത്ഥ്യപൂൎവ്വം നയിച്ചതു്, നിൎബ്ബന്ധിതവിവാഹമോചനത്തിനു വിധേയനായി നിരാശനായിക്കഴിഞ്ഞ സബീനായുടെ ആദ്യഭൎത്താവായിരുന്ന സാൽവിയസ് ഓട്ടോ അതീനെതന്നെ ആയിരുന്നു എന്നറിയുമ്പോൾ ആൎക്കും ഒരു അനുമാനിക്കാവുന്നതാണ്.

കെ. കെ. തുണ്ടത്തിൽ

---

റോമാനഗരത്തിനു അഗ്നിബാധയുണ്ടായപ്പോൾ നീറോചക്രവൎത്തി ഫിഡിൽവായിച്ചു രസിച്ചുകൊണ്ടിരുന്നതായി പറയപ്പെടുന്നു നീറോ ഫിഡിൽവായനക്കാരനായിരുന്നെന്നോ, അക്കാലത്തെ സംഗീതോപകരണങ്ങളിൽ ഫിഡിൽ ഉൾപ്പെട്ടമെന്നോ അറിവില്ല; പക്ഷേ മേൽകാണുന്ന പ്രസ്താവന അവിശ്വസിക്കത്തക്കതല്ല; നീറോ അത്ര നിഷ്ഠൂരഹൃദയനായിരുന്നു. നീറോയുടെ ബാല്യകാലജീവിതം രൂപീകരിച്ച മാതാവിന്റെയും അദ്ദേഹത്തിന്റെ സഹധൎമ്മിണീപദം പ്രാപിച്ച രാജ്ഞിയുടെയും സ്വഭാവവും നീറോയുടേതിൽനിന്നു വിഭിന്നമായിരുന്നില്ലെന്നു ഈ ലേഖനത്തിൽനിന്നു ഗ്രഹിക്കാൻകഴിയും.

---

ഷ്ടയായ അക്ടേവിയായിൽ വിരക്തിതോന്നിയ നീറോയ്ക്കു സമീപസ്ഥയായ വൃഷലീവൎഗ്ഗത്തിൽ പെട്ട ആക്ടി എന്നുപേരായ ഒരു സ്ത്രീയുമായി ബന്ധമുണ്ടെന്നു സബീനാ ഗ്രഹിച്ചു. ചതുരുപായങ്ങളും സബീനാ പ്രയോഗിച്ചു ആക്ടിയെ സ്വാധീനം ചെയ്തു. അവളുടെ സ്ഥാനം ഉന്നതകുലജാതയായ തനിക്കു മാറിക്കൊടുക്കണമെന്നു സബീന അഭ്യൎത്ഥിച്ചു. സമൎത്ഥയായ സബീന വീശിയവലയിൽ സാധുവായ ആക്ടി അക

മനഃസമാധാനം നശിച്ചു് നിസ്സഹായയായിത്തീൎന്ന അഗ്രിപ്പീനാ വല്ല ഉൾനാടുകളിലുംപോയി തന്റെ ഭാവിജീവിതം അജ്ഞാതയായി കഴിക്കാമെന്നുറച്ചു കൊട്ടാരംവിട്ടിറങ്ങിപ്പോയി. പക്ഷെ അതിനും വിധി അനുവദിച്ചില്ല. നീറോ ഉടൻ ഒരു പട്ടാളവിഭാഗത്തെ അയച്ചു വഴിമദ്ധ്യേവച്ചു കൊലചെയ്യിച്ചു.

മാതൃസ്മരണയ്ക്കു ഹേതുവായേക്കാവുന്ന സകല അവശിഷ്ടങ്ങളും നിൎമ്മാൎജ്ജനം ചെയ്യാൻ

---

സംവൎദ്ധിതസ്റ്റാമ്പുപ്രദൎശനം: മേ ആദ്യവാരത്തിൽ നടക്കുന്ന ലണ്ടനിലെ സംവൎദ്ധിതസ്റ്റാമ്പുപ്രദൎശനത്തിൽ ബ്രിട്ടീഷുരാജാവിന്റെ ശേഖരത്തിൽനിന്നുള്ള സ്റ്റാമ്പുകളും പ്രദൎശിപ്പിക്കുന്നതാണു്. സാൎവ്വദേശീയമായതോതിൽ ഒരു പ്രദൎശനം നടന്നിട്ടു ഇപ്പോൾ പത്തു വൎഷമായിരിക്കുന്നു. രാജാവു് തന്റെ സ്റ്റാമ്പുശേഖരത്തിലുള്ള ചില സ്റ്റാമ്പുകൾ പരിശോധിക്കുന്നതാണു ചിത്രം.













മൂന്നാമത്തെവരി:—ബോംബെയിൽവച്ചു നടന്ന അഖിലേന്ത്യാ ഒളിമ്പിക്ക്മത്സരത്തിൽ ഹർഡിൽസിനു പുതിയ റെക്കാർഡ് സൃഷ്ടിച്ച ചാമ്പ്യൻ മി: ഹാരോൾഡ് ഡിക്രൂസിന് ഹാപ്കിൻസ് ആൻഡ് വില്യം കമ്പനിവകയായി കൊല്ലത്തെ ഹോട്ടൽ ഡിഓറിയൻറിൽവച്ചു് ഒരനുമോദനസല്ക്കാരം നടത്തുകയുണ്ടായി. പ്രധാന അതിഥിയെ മെ: ജി. പി. ഡാനിയൽ, റോച്ച്വിക്ടോറിയ, ജി. പി. നായർ തുടങ്ങിയവർ ചേർന്നു സ്വീകരിക്കുന്നു. കമ്പനി ജനറൽമാനേജർ മി: ആർ. എഫ്. എച്ച്. ക്രൂഥർ കമ്പനിവകയായുള്ള ഒരു വെള്ളിക്കപ്പ് മി ഡിക്രൂസിനു സമ്മാനിക്കുന്നു. ഏപ്രിൽ ൨൧ വെള്ളിയാഴ്ച രാജാജിഹാളിൽവച്ച് മദ്രാസ് പ്രധാനമന്ത്രി മി. പി. എസ്. കുമാരസ്വാമിരാജാ മദ്രാസ് സ്റ്റേററ് വില്ലേജ് ആഫീസേഴ്സ് ഫെഡറേഷൻെറ പ്രഥമസമ്മേളനം ഉൽഘാടനംചെയ്യുന്ന അവസരത്തിൽ എടുത്ത ചിത്രം. മദ്രാസിംല രാജാജിഹാളിൽവച്ചു നടന്ന ദക്ഷിണേന്ത്യൻ ജേണലിസ്റ്റ്ഫെഡറേഷൻെറ വാർഷികസമ്മേളനത്തിൽ ഹിന്ദുവിൻെറ അസിസ്റ്റൻറ് എഡിറ്റർ ശ്രീ: എൻ. രഘുനാഥഅയ്യർ അദ്ധ്യക്ഷംവഹിച്ചു. ചിത്രത്തിൽ മി. പോത്തൻജോസഫ് (ഉൽഘാടകൻ) എൻ. രഘുനാഥയ്യർ, എ. ജി. വെങ്കിടാചാരി എന്നിവരെ കാണാം.



മുകളിലത്തെ വരി:—ഏപ്രിൽ ൨൦-ാംനു- ന്യൂഡെൽഹിയിലെ ഗവണ്മെൻറുമന്ദിരത്തിൽവച്ചു നടന്ന ഇന്ത്യൻ റെഡ്ക്രാസ് സൊസൈററിയുടെയും സെൻറ് ജോൺ ആംബുലൻസ് അസോസ്യേഷൻെറയും സംയുക്തവാർഷികയോഗത്തിൽ സൊസൈററിയുടെ രക്ഷാധികാരിയായ പ്രസിഡൻറ് ഡാ: രാജേന്ദ്രപ്രസാദ് യോഗാദ്ധ്യക്ഷയായിരുന്ന രാജകുമാരി അമൃതകോർ, സൊസൈററിജനറൽസെക്രട്ടറി സർദാർ ബലവന്ത്സിംഗ്റായി എന്നിവരുമൊത്തു നില്ക്കുന്നു. മഹാനിർവ്വാണംപ്രാപിച്ച തിരുവണ്ണാമല ശ്രീരമണമഹർഷിയെ മാതൃഭൂതേശ്വരക്ഷേത്രത്തിൽ ജനങ്ങൾക്കു വീക്ഷിക്കത്തക്കവിധം കൊണ്ടിരുത്തുകയുണ്ടായി. ഇന്ത്യയിലെ സിക്ക്പൗരന്മാർ ന്യൂഡെൽഹിയിലെ താൽകത്തൂർഗാർഡൻസിൽവച്ചു പ്രസിഡൻറ ഡാ: രാജേന്ദ്രപ്രസാദിനു സ്വീകരണംനൽകിയ അവസരത്തിൽ എടുത്ത ചിത്രം. ചിത്രത്തിൽ പ്രസിഡൻറിനേയും പണ്ഡിതനെഹ്റു, സർദാർ ബലദേവസിംഗ്, പാട്യാലമഹാരാജാവ് എന്നിവരെയും കാണാം. രണ്ടാമത്തെവരി:—മദ്രാസിൽവച്ചു ഏപ്രിൽ ൧൭-ാംനു-നടന്ന സ്റ്റേററ്ഗവണ്മെൻറുകളുടെ ഇൻഫർമേഷൻഡയറക്ടറന്മാരുടെ കാൺഫറൻസിൽ കേന്ദ്രത്തിലെ ഇൻഫർമേഷൻമന്ത്രി ശ്രീ: ആർ. ആർ. ദിവാകർ ആദ്ധ്യക്ഷംവഹിച്ചു. ചിത്രത്തിൽ മുൻവരിയിൽ ഡെൽഹി എ. ഐ. ആർ. ഡയറക്ടർ ശ്രീ: സി. ബി. റാവു, എൽ. ആർ. നായർ (പഞ്ചാബ്), മംഗളസിംഗ് പെപ്സു, ശ്രീ: ആർ. ആർ. ദിവാകർ, ശ്രീ: എം. ഭക്തവത്സലം (മദ്രാസ്), ശ്രീ: ആർ. എസ്. ഭട്ട് (രാജസ്ഥാൻ), ശ്രീ: സത്യം (മൈസൂർ എന്നിവരാണ്. ഹരിദ്വാരത്തുവച്ചു ൧൨ വർഷത്തിലൊരിക്കൽ നടക്കുന്ന കുംഭമേലയിൽ ഇന്ത്യയിലെ നാനാഭാഗത്തുനിന്നും പത്തുലക്ഷത്തില്പരം തീർത്ഥാടകർ ഗംഗാതീർത്ഥത്തിൽ സ്നാനംചെയ്തു. ഏപ്രിൽ രണ്ടാംവാരം തീർത്ഥാടകസംഘങ്ങൾ ഹർകി പൗരിഘട്ടത്തിൽ തീർത്ഥാടനംനടത്തുന്നതാണ് ചിത്രം. (കുംഭമേലയെപ്പററിയുള്ള ലേഖനം അന്യത്ര). അഹമ്മദബാദിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ശ്രീ: തക്കൂതിലാൽ കരാൽദാസ് ചോക്ലിയോക്ലിനിക്കിൻെറ ശിലാസ്ഥാപനം രാജകുമാരി അമൃതകോർ നിർവഹിച്ചയവസരത്തിൽ നടന്ന മതപരമായ ചടങ്ങ്.







ചരിത്രപംക്തി

# ചങ്ങക്കോവിലകം

അഥവാ

## മാവേലിക്കര രാജകുടുംബം

ജി. കൃഷ്ണപിള്ള

[മാവേലിക്കര രാജകുടുംബം ഇന്നിതാ ആളും അതിവൃദ്ധവുമായിരിക്കുന്നു. പ്രസ്തുത രാജകുടുംബം ൯൩൩-ൽ ഇവിടെവന്നു വാസമുറപ്പിച്ചു. ഈ രാജകുടുംബത്തിന്റെ പൂർവ്വചരിത്രം ഈ ലേഖനത്തിൽനിന്നു വ്യക്തമാകുന്നതാകുന്നു ]

കോലത്തിരി വംശത്തിന്റെ ഒരു ശാഖയാകുന്നു ചങ്ങക്കോവിലകം. ആ ശാഖയുടെ ഒരു താവഴി തഴച്ചുവളർന്നതാണ് ഇന്നത്തെ മാവേലിക്കര രാജകുടുംബം. കൊല്ലം ൯൩൩-ലാണ് ചങ്ങക്കോവിലകത്തുകാർ വേണാട്ടിൽ വന്നതും മാവേലിക്കര വാസമുറപ്പിച്ചതും. ആധുനിക മാവേലിക്കര രാജകുടുംബവും, വഞ്ചിരാജവംശവും തമ്മിലുള്ള ബന്ധം ചരിത്രപ്രസിദ്ധമാണ്. ഈ രാജകുടുംബം ചേരവംശത്തിന്റെ മഹനീയവും പാവനവുമായ പാരമ്പര്യം ഇന്നും പുലർത്തിപ്പോരുന്നു. മേൽ പറയുന്ന ചരിത്രപ്രസ്താവനകൊണ്ടറിയാം അതെങ്ങനെയെന്ന്.

പെരുമാൾ കേരളത്തിന്റെ നാലുദിക്കിലും രക്ഷയ്ക്കായി പല ഏർപ്പാടുകളും നടപ്പിൽവരുത്തി. അക്കൂട്ടത്തിൽ ചന്ദ്രവംശോൽഭവനും ചേരവംശജനുമായ ഭാനുവിക്രമനെ പെരുമാൾ ഉദയവർമ്മനെ തുണ്ടി (കടലുണ്ടി)യിലും വാഴിച്ചു. കാലക്രമത്തിൽ ഭാനുവിക്രമന്റെ വംശം വഞ്ചിരാജവംശവും തുണ്ടിയിൽ സ്ഥാപിതമായ വംശം കോലത്തിരിരാജവംശമായും പരിണമിച്ചു. രണ്ടു രാജവംശങ്ങളും തമ്മിലുള്ള ഈ സഹോദരബന്ധം ആസ്വദമാക്കിയാണ്, വഞ്ചിവംശത്തിൽ സന്താനങ്ങളില്ലാതെ വരുമ്പോൾ കോലത്തിരി വംശത്തിൽനിന്നും ദത്തെടുത്തുപോന്നതു്.

"ചിറ്റാർക്കോവിലകം" എന്നായിരുന്നു കോലത്തിരി രാജാക്കന്മാരുടെ ആദ്യത്തെ കുടുംബനാമധേയം. ആ കോവിലകത്തിനു രണ്ടു പ്രധാനശാഖകളുണ്ടായി — ഉദയമംഗലത്തു കോവിലകമെന്നും, പള്ളിക്കോവിലകമെന്നും. താവഴി സംഖ്യ വർദ്ധിച്ചതോടുകൂടി പള്ളിക്കോവിലകത്തിനു, പുതിയ പള്ളിക്കോവിലകമെന്നൊരു ശാഖകൂടിയുണ്ടായി. കാലക്രമത്തിൽ പള്ളിക്കോവിലകത്തുനിന്നു വീണ്ടും അഞ്ചു ശാഖകൾകൂടി ആവിർഭവിച്ചു — ചങ്ങ, ചിറയ്ക്കൽ, കൊല്ലം, തേവണംകോട്ട്, കവ്വണശ്ശേരി എന്നിങ്ങനെ.

എല്ലാ കോവിലകങ്ങളും പരസ്പരവിശ്വാസത്തിലും ഐകമത്യത്തിലും കഴിഞ്ഞുവന്നു. പ്രായമൂത്തവനാരോ, അവനാണ് വംശത്തിന്റെ മുഖ്യതലവനായിരിക്കുന്നതിനു നിർബന്ധിതനായിരുന്നതു്. വളരെക്കാലം ഇങ്ങനെ ഐകമത്യത്തിലും പ്രതാപത്തിലും കഴിഞ്ഞുവന്ന ശാഖകളുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങളും അങ്കുരിക്കയാൽ ചില പിളർപ്പുകൾക്കിടയായി. അങ്കലാപ്പും അസൂയയും നിമിത്തം കോലത്തിരിഭരണം ക്രമേണ പ്രക്ഷീണമാകാനും തുടങ്ങി. ഉർവ്വശി നാശത്തിനു കാരണമാണല്ലോ. അന്യോന്യമുള്ള ഈ ഇടച്ചിലിന്റെ പശ്ചാത്തലത്തിൽ നാടുവാഴികളും പ്രഭുക്കളും അവിടവിടെ പ്രബലരാകാൻ പ്രയത്നം തുടങ്ങി. അക്കാലത്തു കണ്ണൂർ ദേശം കൈവശപ്പെടുത്തി ഭരണം നടത്തിപ്പോന്നതു് "ആലി" രാജാവായിരുന്നു. അദ്ദേഹം അന്നത്തെ കോലത്തിരിയുമായി കലഹിച്ചു; രാജ്യവിസ്തൃതി വരുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു.

ക്രിസ്ത്വബ്ദം ൧൭൬൬-ൽ മൈസൂരധിപനായ ഹൈദരാലി മംഗലാപുരത്തെത്തി. ആ തക്കംനോക്കി കോലത്തിരിയുടെ വക, ശേഷം രാജ്യം കരസ്ഥമാക്കുന്നതിനു 'ആലി' ഹൈദരാലിയുടെ സഹായമഭ്യർത്ഥിച്ചു. അവർ തമ്മിൽ സഖ്യവുംചെയ്തു. ക്രിസ്ത്വാബ്ദം ൧൭൬൬-ൽ ഹൈദർ ഉത്തരകേരളത്തിൽ പ്രവേശിക്കുകയും, 'ആലി'യുടെ അഭിലാഷം നിറവേറുകയും ചെയ്തു. ദീർഘകാലം സുരക്ഷിതമായിരുന്ന കോലത്തിരി ഭരണം ഇങ്ങനെ അലങ്കോലത്തിൽ അവസാനിച്ചു.

ആയിടയ്ക്കു ഹൈദർ മരിക്കയാൽ പുത്രൻ ടിപ്പു മൈസൂരധിപനായി. മംഗലാപുരം ഉടമ്പടിക്കു വിരുദ്ധമാണെങ്കിലും സാമ്രാജ്യത്വതൃഷ്ണമൂലം അയാൾ തിരുവിതാംകൂറിനെ ആക്രമിക്കുവാൻ തീർച്ചപ്പെടുത്തി. സൈന്യങ്ങൾ മലബാറിൽ കടന്നു കൊള്ളതുടങ്ങി. ജനങ്ങൾ ഭയവിഹ്വലരായി. നാടുവാഴികളും പ്രഭുക്കളും അസംഖ്യം രാജകുടുംബങ്ങളും തിരുവിതാംകൂറിലേക്കു പ്രാണരക്ഷാർത്ഥം പ്രയാണമാരംഭിച്ചു. ധർമ്മരാജാവിന്റെ ശരണം പ്രാപിച്ചു. ധീരനും, ധാർമ്മികനുമായ ആ രാജർഷി ആശ്രിതർക്കു നിർഭയം അരുളി.

യുദ്ധത്തിൽ ടിപ്പു പരാജിതനായി. മാനഹാനിയോടെ മടങ്ങി. മൈസൂർ വ്യത്യസ്തതി—ത്തിന് അപകടം ഉണ്ടാവാനിടയില്ലെന്നായപ്പോഴേയ്ക്കും അഭയാർത്ഥികൾ ലധികംപേരും തിരികെ മടങ്ങി. എന്നാൽ ചില നാടുവാഴികളും അവരുടെ ബന്ധുക്കളും ആശ്രിതരും മാത്രം വേണാടിന്റെ തണലിൽ സ്ഥിരവിശ്രമം സ്വീകരിച്ചു. മേൽപറഞ്ഞ പള്ളിക്കോവിലകത്തിന്റെ അഞ്ചുശാഖകളിൽ ഒന്നാമത്തേതായ "ചങ്ങക്കോവിലകം" ഇപ്രകാരമാണ് മാവേലിക്കര രാജകുടുംബമായിത്തീർന്നതു്. ഈ പ്രശസ്തകുടുംബം ചേരരാജാക്കന്മാരുടെ പരമ്പരകളിൽ ഉൾപ്പെട്ടതും കോലത്തിരിവംശവുമാണെന്നു് ഇനി പറയേണ്ട ആവശ്യമില്ല.

കൊട്ടാരംവക രേഖകളിൽനിന്ന് വംശാവലി വ്യക്തമാക്കുന്ന പല വിവരങ്ങളും സംഗ്രഹിക്കാം. രേഖകളിൽ അത്യാവശ്യമുള്ളവമാത്രമേ ചേർക്കുന്നുള്ളൂ. ഇവിടെ വന്നുചേർന്ന ചങ്ങക്കോവിലകം ശാഖയിലെ അംഗങ്ങളിൽ മൂത്ത തമ്പുരാട്ടി 'മഹാപ്രഭ'യും ഇളയ തമ്പുരാട്ടി 'ചാമുണ്ഡ'യും ആയിരുന്നു. ഇവർ സഹോദരിമാരായിരുന്നു. 'ചാമുണ്ഡ'യും സന്താനങ്ങളും എണ്ണയ്ക്കാട്ടു പണിയിച്ചു കാട്ടുതറ കൊട്ടാരത്തിൽ പാർത്തുവന്നിരുന്നു. ഇവരുടെ മറ്റൊരു സഹോദരിയും കുട്ടികളും പ്രായിക്കരക്കൊട്ടാരം പാർപ്പിടമാക്കി. ഇങ്ങനെയാണ് ഈ രണ്ടു കൊട്ടാരങ്ങളുടെയും ആവിർഭാവം.

മാവേലിക്കര കൊട്ടാരം അധിവാസസ്ഥാനമാക്കിയ മൂത്ത തമ്പുരാട്ടി 'മഹാപ്രഭ'ക്കു നാലു് അഞ്ചു പുത്രിമാർ ഉണ്ടായിരുന്നു. ഇപ്പോൾ കാണുന്ന എണ്ണയ്ക്കാട്ടു കൊട്ടാരമായിരുന്നു ഇവരുടെ ആദ്യത്തെ അധിവാസമന്ദിരം. അഞ്ചുപുത്രിമാരിൽ രണ്ടാമത്തെ മകൾ ലക്ഷ്മിയായിയും മൂന്നാമത്തെ മകൾ പാർവ്വതീബായിയും ആറ്റിങ്ങൽ തമ്പുരാട്ടിമാരായി ദത്തെടുക്കപ്പെട്ടു. കൊല്ലം ൯൬൨-ൽ. മാവേലിക്കരക്കൊട്ടാരത്തിൽനിന്നും ഉണ്ടായ രണ്ടാമത്തെ ദത്താണിതു്. കോലത്തുനാട്ടിൽനിന്നെടുത്തുവന്ന മുറയനുസരിച്ചു അഞ്ചാമത്തേതും. ദത്തെടുക്കപ്പെട്ടവരിൽ ആദ്യത്തെ മൂത്ത തമ്പുരാന്റെ മകൾ ലക്ഷ്മീറാണി മഹാരാജ്യം മുതൽ നാലുവർഷം രാജ്യം ഭരിച്ചു. ആ തമ്പുരാട്ടിയിലെ അവസാനത്തെ അംഗമായിരുന്നു സുപ്രസിദ്ധനായ ശ്രീമൂലം തിരുനാൾ മഹാരാജാവു്.

മഹാപ്രഭ തമ്പുരാട്ടിയുടെ നാലാമത്തെ മകൾ പ്രസവിച്ചില്ല. അഞ്ചാമത്തെ മകൾ "അച്ചമ്മ" എന്നു പേരായ രേവതിനാൾ തമ്പുരാട്ടിയായിരുന്നു. അവരുടെയും സന്താനങ്ങളുടെയും താമസത്തിനായിട്ടാണ് ഇന്നത്തെ പ്രധാന കൊട്ടാരം അഥവാ വടക്കേക്കൊട്ടാരം പണികഴിപ്പിച്ചതു്.

"അച്ചമ്മ"യ്ക്കു് അഞ്ചു പുത്രിമാർ ഉണ്ടായിരുന്നു. രണ്ടാമത്തെ മകൾ ഭരണിയും, മൂന്നാമത്തെ മകൾ തിരുവാതിരയും നാലാമത്തെ മകൾ ഉത്രട്ടാതിയും നാളുകാരായിരുന്നു. ഭരണിനാൾ തമ്പുരാട്ടിക്കു രണ്ടു പുത്രന്മാരും മൂന്നു പുത്രിമാരും ജനിച്ചു. പ്രഥമപുത്രൻ സംഗീതവിദഗ്ദ്ധനായിരുന്ന രാജരാജവർമ്മ തമ്പുരാൻ ആയിരുന്നു. "കൊച്ചണ്ണൻ" എന്നാണ് ഓമനപ്പേരു്. ശില്പകലയുടെ വൈചിത്ര്യം വ്യഞ്ജിപ്പിക്കുന്ന കൊച്ചുകൊട്ടാരം പണികഴിപ്പിച്ചതു് ഇദ്ദേഹമാണ്. ദ്വിതീയപുത്രൻ, ജസ്റ്റീസ് കൃഷ്ണൻപണ്ടാല ഉടയതു ഗൃഹ പരമാചാര്യ പണ്ഡിതരുടെ പിതാവുമായിരുന്നു.

മൂന്നു പുത്രിമാരിൽ മൂത്തതും ഒരു 'ഭരണി' നക്ഷത്രജാതയായിരുന്നു. ആ ഭാഗ്യവതിക്കും ഉണ്ടായി രണ്ടു പുത്രന്മാരും മൂന്നുപുത്രിമാരും. പ്രഥമപുത്രിയും ദ്വിതീയപുത്രിയും വഞ്ചീശവംശവർദ്ധിനികളായി ൧൦൫൨-ൽ ദത്തെടുക്കപ്പെട്ടു. തൃതീയപുത്രിയുടെ രണ്ടാമത്തെ മകനായിരുന്ന ൧൧൧൮-ൽ ദിവംഗതനായ എം. ഉദയവർമ്മ രാജാ ബി. എ.

൧൦൪൫-ൽ വടക്കേക്കൊട്ടാരത്തിൽനിന്നും രണ്ടു ശാഖകൾ വേറെ മാറി. മണ്ണൂർമഠമെന്നും, പുത്തൻകൊട്ടാരമെന്നും. വസ്തുസംബന്ധമായ അവകാശങ്ങളും അടുത്തുണ്ടായി; അവയും അവകൾ വിഭജിച്ചുകൊടുത്തു. "അച്ചമ്മ"യുടെ മൂന്നാമത്തെ മകൾ തിരുവാതിരയും സന്താനങ്ങളുമാണ് മണ്ണൂർമഠത്തിലേക്കു മാറിയതു്. ആ ശാഖയിലെ ഇപ്പോഴത്തെ മൂത്തരാജാവു് റിട്ടയേർഡ് ദേവസ്വംകമ്മീഷണർ എം. രാജരാജവർമ്മ എം. എ. ബി. എൽ. അവർകളാണ്. റിട്ടയേർഡ് എഡ്യൂക്കേഷൻ ഡയറക്ടർ ശ്രീ. എ. എൻ. തമ്പിയുടെ വന്ദ്യപിതാവായ ഈ തിരുമേനിക്ക് ഇപ്പോൾ എൺപതുവയസ്സ് പ്രായമുണ്ട്. സാഹിത്യരസികനും പല കൃതികളുടെ കർത്താവുമാണ്. അവിടത്തെ ഒരു ജ്യേഷ്ഠനാണ് വെണ്മണികവിപ്രാൻ ശ്രീ: ഉണ്ണി കേരളവർമ്മ രാജാവു്.

പുത്തൻകൊട്ടാരംശാഖ ഇതുമൂലം മണ്ണൂർമഠത്തിൽ ലയിച്ചു. ആ ശാഖയിലെ അവസാനത്തെ അംഗമായിരുന്ന ഉദയവർമ്മ (മകം) ൧൦൯൩-ൽ അന്തരിച്ചു. അദ്ദേഹം ഒരു തികഞ്ഞ പണ്ഡിതനും ഭക്തനുമായിരുന്നു. ധർമ്മ—തീചരിതം, തപതീപരിണയം, നളകഥാസാരം മുതലായി പത്തിൽപരം ആട്ടക്കഥകളും ഏതാനും ഖണ്ഡകൃതികളും എഴുതീട്ടുണ്ട്. നളകഥാസാരം ആട്ടക്കഥമാത്രമേ അച്ചടിപ്പിച്ചിട്ടുള്ളൂ.

ഉത്സവമാംശ ഖ വടക്കേക്കൊട്ടാരത്തിൽ ഉൾപ്പെട്ടതും സ്വത്തു വിഭജനംചെയ്തിട്ടില്ലാത്തതുമാകുന്നു. ചെറിയ ഭരണിനാൾ തമ്പുരാട്ടിയുടെ സന്തതിപരമ്പര അവിടെ പാർക്കുന്നു. മാവേലിക്കര കൊട്ടാരത്തിലെ ഇപ്പോഴത്തെ വലിയ തമ്പുരാൻ ആർട്ടിസ്റ്റ് രാമവർമ്മരാജാ അവർകൾ പ്രസ്തുത ശാഖയിലെ അംഗമാണ്. ലേ—

# ഗ്രന്ഥവിഹാരം

## ഉപഹാരമാലികാ

പരമഭട്ടാര ശ്രീ ചട്ടമ്പിസ്വാമിതിരുവടികളുടെ മഹാസമാധി രജതജൂബലിസ്മാരകം

പ്രസാധകൻ — പി. ജി. നാരായണപിള്ള, പെരുമ്പാവൂർ.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

വില രൂ: മൂന്ന്.

മഹോന്നത മഹാമഹിമശ്രീ ഗോശ്രീശാ ശ്രീ രാമവർമ്മ പരീക്ഷിത്തുമഹാരാജാവു തിരുമനസ്സുകൊണ്ടു ഈ ഗ്രന്ഥത്തിനു കല്പിച്ചരുളിയ നാമമാണ് ഉപഹാരമാലികാ. പാണ്ഡിത്യത്തിലും മൂർദ്ധാഭിഷിക്തനായ ആ തിരുമേനിയുടെ തൂലികാവിലാസം ഈ ഉപഹാരമാലികയ്ക്കു അതുല്യവും അമൂല്യവുമായ ഒരു വൈശിഷ്ട്യമാണ്. ഭക്തിവാക്ഷത്രത്തിൽ പ്രതിഷ്ഠാപിതമായ ശ്രീ പരമഭട്ടാരക തൃപ്പാദങ്ങളിൽ നമ്മുടെ അഭിജ്ഞലോകത്തിന്റെ ഉൽഫുല്ലമായ ഉപപ്പൂവ് സമാഹരിച്ച് അർച്ചിച്ചിരിക്കയാകുന്നു പ്രസാധകൻ. ഈ ഉപഹാരമാലികയ്ക്കു ഏടായപ്പണം ചെയ്തിട്ടുള്ളവരാണെങ്കിൽ, ആഗമാനന്ദസ്വാമി, ഏ. ബാലകൃഷ്ണപിള്ള, എൻ. ഗോപാലപിള്ള, ശൂരനാട്ടു കുഞ്ഞൻപിള്ള, കൊല്ലങ്കോട്ട ഗോപാലൻനായർ തുടങ്ങിയ പ്രശസ്തവ്യക്തികളാണ്. ശ്രീനാരായണഗുരുദേവൻ, ശ്രീ നീലകണ്ഠതീർത്ഥപാദസ്വാമികൾ, ശ്രീ തീർത്ഥപാദ പരമഹംസസ്വാമികൾ, ശ്രീ പന്നിശ്ശേരിൽ നാണുപിള്ള, ആത്മയോഗിനി അമ്മ തുടങ്ങിയ സുഗൃഹീതനാമാക്കളുടെ ലഘുജീവിത ചരിത്രവിവരണങ്ങൾ ഈ മാലികയെ ശബളകോമളമാക്കിയിട്ടുണ്ട്. വ്യാമർദ്ദഗൃദ്ധ്യങ്ങളായ വേദാന്തവിചാരങ്ങൾ ഇതിനെ സമാകർഷവുമാക്കിയിട്ടുണ്ട്. പലവിധ ചിത്രങ്ങൾ ഈ ഉപഹാരമാലികയുടെ ആഹാര്യശോഭയെ അഭിലഷണീയമെന്നു വാഴ്ത്തുന്നു. സാക്ഷാൽ വിദ്യാധിരാജനായിരുന്ന സ്വാമികളുടെ പ്രതിഭാമുദ്ര പതിഞ്ഞിട്ടുള്ള കലാസമ്പത്തുകളെ പ്രദർശിപ്പിക്കുന്നതിലും അദ്ദേഹം ആവിഷ്കരിച്ച യോഗദർശനസമ്പ്രദായത്തെ ഉപവർണ്ണിക്കുന്നതിലും പ്രസാധകശ്രമം സഫലവും സമ്പൂർണ്ണവുമായി വിജയിക്കുന്നു. കേരളത്തിലെ ഈ മുമുക്ഷുപ്രകരണം നമ്മുടെ അഭിമാനസമ്പന്നിധിയാക്കിയ പ്രസാധകനെ ആ സദുദ്യമത്തിൽ എത്ര അഭിനന്ദിച്ചാലും അതധികമായിപ്പോകുന്നില്ല. എന്തെന്നാൽ ഇതു കൈരളിയുടെയും ഒരുപഹാരമാലികയാകത്തക്കവിധം സാഹിത്യസുരഭിലതാവിലസിതമാണ്.

—:0:—

## ശ്രീമദ് വിവേകാനന്ദ സ്വാമികൾ

—•—

(ജീവചരിത്രസംഗ്രഹം)

ശ്രീരാമകൃഷ്ണഅദ്വൈതാശ്രമം, കാലടി

വി ഫർ—അ

ശ്രീമദ് വിവേകാനന്ദസ്വാമികൾ. ആ നാമശ്രവണമാത്രയിൽ അലൗകികമായ ഒരു വികാരസ്ഫുരണം ക്ഷണനേരമെങ്കിലും ഹൃദയത്തിൽ വ്യാപരിക്കാതെ വരുന്നില്ല അത്രമാത്രം നമ്മുടെ ഹൃദയത്തോടു് ബന്ധിക്കപ്പെട്ടുപോയിട്ടുള്ള സ്വാമിജിയുടെ ജീവചരിത്രം വേണ്ടവിധം മനസ്സിലാക്കിയിട്ടുള്ളവർ നമ്മുടെ ഇടയിൽ ചുരുങ്ങും. നമ്മുടെ ഭാഷയിലെ ജീവചരിത്രരചനാസമ്പ്രദായം ശുഷ്കമായ സംഭവവിവരങ്ങളടങ്ങിയ വെറും ജാതകക്കുറിപ്പുകളെന്ന നില വെടിഞ്ഞു് മൽപ്രകാരം സാധിക്കാൻ തുടങ്ങിയിട്ടു് അധികനാളുകളായിട്ടില്ല. സ്വാമികളുടെ ജീവചരിത്രം മലയാളത്തിൽ എഴുതപ്പെട്ടിട്ടുണ്ടു്. ശ്രീരാമകൃഷ്ണാശ്രമംവകയായി പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രസ്തുത ജീവചരിത്രത്തിൽ ആ വ്യക്തിത്വം എങ്ങനെയുള്ളതെന്നു വിശദമായി വിശദീകരിക്കുന്നുണ്ടു്. അതിൽ അതിശയിക്കാനില്ല. സൂക്ഷ്മപുരുഷനായി താദാത്മ്യഭാവംവരുന്ന ഹൃദയത്തിന്റെ നിഗമനങ്ങൾക്കു ചേതസ്സാദൃശ്യം വരുത്താതെ തരമില്ലല്ലോ. സ്വാമിജിയുടെ മധുരഗംഭീരമായ മധുമയഫണിതികളുടെ മന്ദ്രധ്വനി ഈ ഗ്രന്ഥത്തിൽ പലദിക്കിലും പ്രതിധ്വനിക്കുന്നു. പ്രസന്നസരസമായ പ്രതിപാദനത്തിൽ സാഹിത്യരസികത ഇതിനു് വളരെ വർദ്ധനമുണ്ടു്. നോക്കുക; ചീവീടു തുടങ്ങിയ ക്ഷുദ്രജീവികളുടെ ശബ്ദങ്ങളും പക്ഷികളുടെ മധുരാലാപങ്ങളും ഇലകളുടെ ഇടയിലൂടെയുള്ള വനമക്ഷികയുടെ തൊട്ടുവീഴ്ച്ചകളും മാത്രമേ അവിടെ കേൾപ്പാനുള്ളൂ. സെന്റ്‌ലോറൻസ് നദിയിലെ ഏറ്റവും വലിയ ദ്വീപായ തൗസന്റ്‌ ദ്വീപോദ്യാനത്തിലെ പ്രകൃതിമനോഹരതയാണ് ഇതു സൂചിതം. ഇങ്ങനെ വർണ്ണനാത്മകവും ആത്മാവിഷ്കരണപ്രവണവുമായ രീതിവിശേഷംകൊണ്ടു ഈ ജീവചരിത്രകഥനം അഭിനവമാനുഷമതത്തിന്റെ പ്രദാനം ചെയ്യുകയാണ്. സ്വാമിജിയുടെ സിദ്ധിപ്രകടനങ്ങളെ ഉദ്ധരിച്ചു് ഇതിനു് ഐതിഹ്യരസവിലാസം വരാതെ ഉപദേശക്രമങ്ങളുടെ വെളിച്ചത്തിൽ ഉൽകൃഷ്ടമായ ഒരു ജീവിതമാതൃക കാട്ടിത്തരുകയാണുള്ളതാണ് ഇതിന്റെ മഹോന്നതവൈശിഷ്ട്യം.

—o—

## രാം രാമന്റെ ജീവചരിത്രം

—•—

(സുന്ദരനാൽ രചിക്കപ്പെട്ടതു്)

ആത്മകശമനകേന്ദ്രം

ആർ. എസ്. പുരം കോയമ്പത്തൂർ.

അശോകചക്രവർത്തിയുടെ കാലത്തു് അദ്ദേഹത്തിന്റെ കൈവല്യം ബുദ്ധമതപ്രചാരകനായി ജീവിച്ചിരുന്ന നന്ദരൂപനാണ് രാം രാം എന്ന പേരിൽ ഈ ജീവചരിത്രംകൊണ്ടു വെളിപ്പെടുന്നതു്. സനാതനിയും വൈദികനിഷ്ഠനും ആയ അത്രിയുടെ പുത്രനായി ഒരു ജന്മികുമാരനായിരുന്ന മട്ടത്ത നന്ദരൂപൻ ബുദ്ധമതാനുയായിയായിത്തീർന്ന വിധിവിഹിതസംഭവങ്ങൾ മായാസങ്കടം മനുഷ്യജന്മത്തിങ്കലദർക്കില്ലാത്തു എന്ന ചോദ്യത്തിനുത്തരം കല്പിക്കുന്ന തരത്തിൽ ഇതിൽ വിന്യസിച്ചുകാണാം. നമ്മുടെ അറിവിൽപെടാത്ത ഒരു ചരിത്രകഥ എന്ന നിലയിലും ബുദ്ധനേയും അശോകനേയും സംബന്ധിക്കുന്ന പവിത്രസ്മരണകൾ ഉദ്ദീപിക്കുന്ന വിധത്തിലും ഈ ഗ്രന്ഥം സ്വാഗതാർഹമായിട്ടുണ്ടു്. ഭാഷാപരമായി ഇതിലെ പ്രതിപാദനത്തിനു മെച്ചം കല്പിക്കാനില്ലെങ്കിലും കഥ കുതുകികൾക്കു രസിക്കത്തക്കവിധം സംഭവങ്ങളെ അവതരിപ്പിച്ചിട്ടുണ്ടു്. ആത്മകശമനകേന്ദ്രത്തിലെ ഈ സദ്‌വ്യവസായപ്രവണതയ്ക്കു സകല ഭാവുകങ്ങളും ആശംസിക്കുന്നു.

—o—

## തുഞ്ചെത്തെഴുത്തച്ഛൻ

മലയാളഭാഷയുടെ സാക്ഷാൽ എഴുത്തച്ഛനായ തുഞ്ചത്തുഗുരുവിന്റെ പാവനനാമധേയസ്മാരകമായി ചിറ്റൂരിൽനിന്നു മാസികാരൂപത്തിൽ പ്രകാശിപ്പിച്ചു തുടങ്ങിയിട്ടുള്ളതാണു പ്രസ്തുത പ്രസിദ്ധീകരണം. ഇതിന്റെ നിലനില്പിനു സുശക്തമായ രക്ഷാവ്യവസ്ഥകൾ പുറംചട്ടയിൽ ആമുഖംചെയ്തുകാണുന്നതിൽ നമുക്കഭിമാനിക്കാം. കേരളീയർക്കു ആത്മാഭിമാനത്തോടുകൂടി അനുസ്മരിക്കാനുള്ള ഈ പ്രസ്ഥാനം വിജയമാക്കേണ്ട ധാർമ്മികമായ പിൻതുണ തൽപ്രവർത്തകർ മലയാളികൾ നൽകേണ്ടതാണെന്നു ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. മാസികയ്ക്കു സർവ്വവിജയങ്ങളും ആശംസിക്കുന്നു.

(സി. എം. പി.)




# പുരുഷൻ എങ്ങനെയുണ്ടായി?

കുഞ്ചിയമ്മ

മലയാളരാജ്യത്തിൽ ഒരു വനിതാപംക്തി ആരംഭിച്ചിരിക്കുന്നതു് മി. പി. കെ. രാജരാജവർമ്മ എന്ന കാണിച്ചു. അതിൽ വനിതകൾക്കുള്ള ചരിത്രാർത്ഥം അവരുടെ ഒരു ലക്ഷ്യമാവു എന്ന നിലയിൽ ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു. ജനസംഖ്യയുടെ ൫൦-ശതമാനംവരുന്ന സ്ത്രീകൾക്ക് ൧൬-പേജിൽ ഒരുപേജുമാത്രം നീക്കിവച്ചിരിക്കുന്നതു് പ്രത്യക്ഷത്തിൽ അനീതിയായിത്തോന്നാമെങ്കിലും നിയമസഭയിലും മന്ത്രിസഭയിലും പബ്ലിക്സർവീസിലും മററും സ്ത്രീകൾക്ക് ഇന്നുള്ള പ്രാതിനിധ്യത്തിന്റെ അളവുനോക്കുമ്പോൾ, 'ഒന്നുമില്ലാത്തതിൽ ഭേദമാണു് ഒരു മുറി അപ്പം' എന്ന തത്വമനുസരിച്ചു്, ഞാൻ ഇതിനെ സ്വാഗതംചെയ്യുന്നു. വനിതാപംക്തിയുടെ ഉൽഘാടനത്തിനു് ഈ നാട്ടിൽ സ്ത്രീകളാരും ഇല്ലാത്തതുപോലെ ഒരു പുരുഷനെ ഏല്പിക്കേണ്ടിയിരുന്നില്ല. സുപ്രസിദ്ധ സാഹിത്യകാരനായ ശ്രീ. മൂർക്കോത്തു കുഞ്ഞപ്പയോടു് വ്യക്തിപരമായി സ്ത്രീകൾക്കു ബഹുമാനമാണുള്ളതു് എന്നു് വ്യക്തമാക്കിക്കൊള്ളട്ടെ. എന്നാൽ, "സ്ത്രീ എങ്ങനെയുണ്ടായി?" എന്ന ഉൽഘാടനലേഖനത്തിൽ, പുരുഷനുവേണ്ടി ദൈവം ഉണ്ടാക്കിയ ഒരു ലേഹ്യമോ കഷായമോ മറേറാ ആയിട്ടാണു് സ്ത്രീയെ ചിത്രീകരിച്ചിരിക്കുന്നതു്. ആനമുട്ടയുടെ മന്നവും കാറിക്കൊമ്പിന്റെ മൂർച്ചയും പട്ടയുടെ ഘനവും പൂച്ചയുടെ ഇണക്കവും ഒഴിച്ചു ബാക്കിയുള്ള സകല സാധനങ്ങളുടെയും ചേരു പറഞ്ഞിട്ടു്, ദൈവം അവ "കൂട്ടി, കുഴച്ചു്, കലക്കി, കാച്ചി, കുറുക്കി അരിച്ചു്, ഒഴിപ്പാകത്തിൽ വാങ്ങിവെച്ചു് സ്ത്രീയെ സൃഷ്ടിച്ചു് പുരുഷനു പ്രദാനം ചെയ്തു" എന്നത്രെ അദ്ദേഹം സമർത്ഥിച്ചിരിക്കുന്നതു്.

പുരുഷന്റെ ആവശ്യത്തിനുള്ള ഒരു സാധനം—അതു കഷായമോ, ലേഹ്യമോ, കളിപ്പാട്ടമോ, സുഖപ്രദമായിനിയന്ത്രമോ ആയിക്കൊള്ളട്ടെ—ആയിമാത്രമെ സ്ത്രീയെപ്പററി ചിന്തിക്കാൻ പുരുഷനു കഴിവുള്ളൂ എന്ന ശോചനീയമായ യാഥാർത്ഥ്യമാണു് ഇതു വെളിവാക്കുന്നതു്. ഇതു സ്ഥാപിക്കുവാനുള്ള പ്രമാണങ്ങളെല്ലാം പുരുഷൻ എവിടെ നിന്നെങ്കിലും തപ്പിഎടുത്തുകൊണ്ടുവരും. ഇതിനെതിരായിട്ടുള്ള പ്രമാണങ്ങൾ അവന്റെ ദൃഷ്ടിയിൽ പെടുകയില്ല! കുറെ കൊല്ലങ്ങൾക്കുമുമ്പു് ബ്ലഷർ എന്നൊരു വനിത പുരുഷന്റെ ഉത്ഭവത്തെപ്പററി നടത്തിയ ഗവേഷണങ്ങളുടെ ഫലം വിവരിച്ചിരുന്നു. ബ്ലഷറിനെ പിന്തുടർന്നു് (സുഖത്തിന്റെ പിന്നാലെഅല്ല) ഞങ്ങളും ചില ഗവേഷണങ്ങൾ നടത്തി. ഇവയുടെ ഒരു ചുരുക്കം ഈ സന്ദർഭത്തിൽ പറയേണ്ടതു് എന്റെ കടമയായിത്തീർന്നിരിക്കുന്നു. ഇതിനെപ്പററി മുമ്പു കേട്ടിട്ടുള്ളവർ മുഷിയരുതു്. ഇതുവരെ പ്രസിദ്ധീകൃതമാകാത്ത ലേററസ്റ്റ് ഗവേഷണഫലങ്ങളും ഇതിൽ ചേർത്തിട്ടുണ്ടു്.

അഞ്ചു ദിവസത്തെ സൃഷ്ടി കഴിഞ്ഞിട്ടു് ദൈവം കുറെ കളിമണ്ണെടുത്തു കുഴച്ചു് ഉരുട്ടിനീട്ടി തന്റെ സ്വന്തം രൂപത്തിലാക്കിയിട്ടു് അതിന്റെ മൂക്കിൽ ഒരു ഊതു് ഊതി. അപ്പോൾ അതിനു ജീവൻ വന്നു. അതിനു മനുഷ്യൻ എന്നപേരും കൊടുത്തു. ലോകത്തിൽ ആകെ ഒരു മനുഷ്യൻ മാത്രമേ ഉണ്ടായിട്ടുള്ളു. എന്നാൽ അധികം താമസിയാതെ ദൈവം ആ മനുഷ്യനെ പുരുഷൻ എന്നും സ്ത്രീ എന്നും രണ്ടുഭാഗമായി വിഭജിച്ചു. അതെങ്ങനെയെന്നു പറയാം. ആ മനുഷ്യൻ ഉറങ്ങിക്കിടക്കുമ്പോൾ അയാളുടെ ഒരെല്ലു് ദൈവം ഊരിയെടുത്തു. അതു് ഒരു വാരിയെല്ലായിരുന്നു എന്നാണു് പലരും വിശ്വസിച്ചുപോന്നിരുന്നതു്. എന്നാൽ അതു അയാളുടെ നട്ടെല്ലായിരുന്നു എന്നു് അനിഷേധ്യമായി തെളിയിക്കപ്പെട്ടിരിക്കുന്നു. നട്ടെല്ലു ഊരിയെടുത്തപ്പോൾ ആ മനുഷ്യനിലുണ്ടായിരുന്ന സകല സൽഗുണങ്ങളുടെയും സത്തു് ആ നട്ടെല്ലിന്റെ കൂടെ കൂട്ടിയിങ്ങുപോന്നു. ആ നട്ടെല്ലിനു് മാംസവും ആകൃതിയും മററും ദൈവം കൊടുത്തു. അതിനു് സ്ത്രീ എന്ന പേരും നൽകി.

മാററപ്പെട്ട നട്ടെല്ലിന്റെ സ്ഥാനത്തു് പകരംവെച്ചുകെട്ടാൻ ഒന്നും കാണാതെ സ്രഷ്ടാവു് ഒന്നു കുഴങ്ങി. വേഗത്തിൽ അദ്ദേഹം ഒരു പണിചെയ്തു. സിംഹത്തിന്റെ ഗർജ്ജനവും വ്യാഘ്രത്തിന്റെ ക്രൂരതയും കുറുക്കന്റെ കൌശലവും മന്നിന്റെ ധൈര്യവും മൂരിക്കാളയുടെ ശ്രമവും പൂവൻകോഴിയുടെ അഹംഭാവവും കരടിയുടെ തൊലികട്ടിയും പന്നിയുടെ വിവേചനശക്തിയും പട്ടിയുടെ സ്വാർത്ഥസ്നേഹവും നീറിന്റെ നിർബന്ധബുദ്ധിയും മററും കൂട്ടിച്ചേർത്തു് ഒരു കയറുപിരിച്ചു്, വങ്കോപമാകുന്ന മെഴുകുതേച്ചു് അതു വടിപോലെയാക്കി, നട്ടെല്ലിന്റെ സ്ഥാനത്തുപ്രതിഷ്ഠിച്ചു. നട്ടെല്ലു ഇല്ലാത്ത ആ മനുഷ്യനു് പുരുഷൻ എന്നും പേരിട്ടു.

അങ്ങനെയാണു് പുരുഷൻ നട്ടെല്ലില്ലാത്ത മനുഷ്യനും, സ്ത്രീ പുരുഷന്റെ നട്ടെല്ലും ആയി തീർന്നതു്.

സ്ത്രീ തന്റെ സ്രഷ്ടാവിനെ വന്ദിച്ചു. സ്രഷ്ടാവു് വാത്സല്യപൂർവം അവളെ തലോടിച്ചു. അവളുടെ ദൃഷ്ടി കുറെ മാറിനിന്നിരുന്ന പുരുഷരൂപത്തിൽ പതിച്ചു.

"അയ്യോ! പിതാവേ! അതാ ഒരു ഉന്മാദി! എനിക്കു വല്ലാതെ പേടിയാകുന്നു എന്നേ രക്ഷിക്കണേ!" എന്നു് അവൾ ഭയവിഹ്വലയായി കരഞ്ഞു.

സ്രഷ്ടാവു് ചിരിച്ചുകൊണ്ടു പറഞ്ഞു. "മോളേ, നീ ഭയപ്പെടേണ്ട. അതു് പുരുഷനാണു്. നിനക്കുവേണ്ടിയാണു് ഞാൻ അവനെ ഈവിധത്തിലാക്കിവെച്ചിരിക്കുന്നതു്. നീയും അവനും ഒന്നിച്ചു ഈ ഭൂമിയിൽ താമസിച്ചുകൊള്ളണം. നിന്റെ സകല ആവശ്യങ്ങളും അവൻ സാധിച്ചുതരും."

"അയ്യോ വേണ്ട! എനിക്കു പേടിയാ! ഞാൻ എന്നും പിതാവിന്റെകൂടെ താമസിച്ചുകൊള്ളാം." അവൾ ദയനീയമായി അപേക്ഷിച്ചു.

പുരുഷൻ തിരിഞ്ഞുനോക്കിയപ്പോൾ തന്റെ പിതാവിന്റെ സന്നിധിയിൽ ഒരു യുവതി നിൽക്കുന്നതുകണ്ടു അസൂയയും കോപവും അവനുണ്ടായി. സിംഹത്തെപ്പോലെ ഗർജ്ജിച്ചുകൊണ്ടു അവൻ ചാടിഅടുത്തു. പാവം സ്ത്രീ വല്ലാതെ ഭയപ്പെട്ടുപോയി.

"പേടിക്കാതെ! നീ താഴെയ്ക്കുനോക്കി കാലിലെ പെരുവിരൽകൊണ്ടു ശ എന്നെഴുതിക്കൊണ്ടു നിന്നാൽ ഇടയ്ക്കിടയ്ക്കു അവന്റെ മുഖത്തേക്കു ഒരു കടക്കണ്ണു എറിഞ്ഞേക്കൂ." ദൈവം ഉപദേശിച്ചു.

പാഞ്ഞടുത്ത പുരുഷൻ സ്ത്രീയുടെ മുഖവും മാറും ദേഹവും അടുത്തു കണ്ടപ്പോൾ കണ്ണുംമിഴിച്ചു വായുംപൊളിച്ചു്,

'നിലവിട്ടുടൻ പകച്ചുനിന്നുപോയി
കുലവെട്ടിയിട്ട കാറിവാഴപോലെ'

അവളുടെ ആ നോട്ടത്തിൽ അവന്റെ കൃത്രിമനട്ടെല്ലു് ചൂടുപിടിച്ചു. അതിലെ മെഴുകു് ഉരുകി. അവന്റെ നട്ടെല്ലു് ബലമില്ലാതെ വളഞ്ഞു ഉലഞ്ഞുതുടങ്ങി. തന്നെത്താൻ നിവർന്നു നില്ക്കാനുള്ള കരുത്തു നശിച്ചു. സ്രഷ്ടാവിനെയും തന്റെ അഭിമാനത്തെയും മറന്നു അവൻ കയ്യുകൾ നീട്ടി ഒരു വിടലച്ചിരിയോടെ അവളെ സമീപിച്ചു.

അവൾ രൂക്ഷമായി ഒരു നോട്ടംനോക്കി. അവൻ ഇളിഭ്യനായി പിന്നോട്ടുമാറി. എങ്കിലും അസഹ്യമായ വികാരാവേശത്താൽ അവൻ ഒരാംഗ് ഉട്ടാങ്ങിന്റെ ചിരി വീണ്ടും ചിരിച്ചുകൊണ്ടു് ഒരു കയ്യെടുത്തു അവളുടെ തോളിലിട്ടു. അവൾ ഛീ! എന്നു പറഞ്ഞു ഒരു തട്ടുകൊടുത്തു. പുരുഷനു അപ്പോൾ നിരാശയും ദൈവവിചാരവും ഉണ്ടായി. "പിതാവേ, അങ്ങേക്കു് എന്നോടു സ്നേഹമുണ്ടെങ്കിൽ ഇവളെ എനിക്കു തരേണമേ' എന്നു പ്രാർത്ഥിച്ചു.

"മററെന്തുവേണമെങ്കിൽ ചോദിച്ചോളൂ, ഞാൻ അതെല്ലാം തന്നേക്കാം" ദൈവം പറഞ്ഞു.

"എനിക്കുമറെറന്തും വേണ്ട ഇവളെ മാത്രം മതി. ഇവളില്ലാതെ ഒരുനിമിഷംപോലും എനിക്കു ജീവിക്കാൻ വയ്യ. പിതാവേ, എന്നിൽ കരുണവർഷിക്കേണമേ" ആ തടിയൻ വിക്കിവിക്കി കരഞ്ഞുതുടങ്ങി.

"നിന്നെ അവൾക്കു കൊടുക്കാനാണു് ഞാൻ വിചാരിച്ചതു്" ദൈവം അരുളിച്ചെയ്തു.

പുരുഷൻ സ്വല്പനേരം ആലോചിച്ചു. "എന്നാലും മതി."

"അവളുടെ ആവശ്യങ്ങളും ഹിതങ്ങളും എല്ലാം സാധിച്ചുകൊടുക്കേണ്ടതു നിന്റെ ചുമതലയാണു്. ഈ ചുമതല നിഷ്ഠയോടെ പാലിക്കാമെങ്കിൽ അവളുടെ കൂടെ താമസിക്കുന്നതിനു ഞാൻ അനുവദിക്കാം."

"മഹാഭാഗ്യം! അത്രയുള്ളോ?" എന്നു പറഞ്ഞുകൊണ്ടു പുരുഷൻ സ്ത്രീയുടെ മുമ്പിൽചെന്നു മുട്ടുകുത്തി അവളുടെ പാദങ്ങൾ തൊട്ടു് തലയിൽവെച്ചു. "ഭവതിക്കെന്താണു വേണ്ടതു? ഞാൻ ഉടൻ കൊണ്ടുതരാമല്ലോ. ഹിമാലയപർവതം പിഴുതു ഇവിടെ കൊണ്ടുവരട്ടെയോ? പസഫിക്കു സമുദ്രത്തിലെ വെള്ളംവാററിച്ചു് അവിടം ഒരു മൈതാനമാക്കി സായാഹ്ന സവാരിക്കു ഒരുക്കട്ടെയോ? ഭവതിയുടെ മുഖത്തോടു മത്സരിക്കുന്ന പൂർണ്ണചന്ദ്രന്റെ മേൽ കരിതേച്ചിട്ടു വരട്ടെയോ? നക്ഷത്രങ്ങളെ കോർത്തുകെട്ടി ഒരു മാല ഉണ്ടാക്കട്ടെയോ?' അവൻ ചോദ്യങ്ങൾ വർഷിച്ചു.

സ്ത്രീക്കു ചിരിവന്നു. "ഇതെന്തൊരു കൂത്താണോ? എന്താന്നു പിതാവേ ഇതു? ഇയാൾക്കു ഭ്രാന്തുണ്ടോ?" അവൾ ദൈവത്തോടു ചോദിച്ചു.

ദൈവം ചിരിച്ചുകൊണ്ടു അവളുടെ ചെവിയിൽ മന്ത്രിച്ചു "നിന്റെ പേടിയെല്ലാം ഇപ്പോൾ പോയില്ലേ? അവനെ നിന്റെ ഇഷ്ടംപോലെ ഇട്ടു ചാടിക്കാം. അവന്റെ നട്ടെല്ലു് മെഴുകുകൊണ്ടു ഉണ്ടാക്കപ്പെട്ടതാണു്. നിന്റെ മുമ്പിൽ അവനു നിവർന്നുനിൽക്കാൻ സാധിക്കയില്ല. പക്ഷേ ഈ വിവരം അവനറിഞ്ഞുകൂട. പണ്ടത്തെ നട്ടെല്ലുള്ള മനുഷ്യനാണു അവൻ എന്നു അവൻ ഇപ്പോഴും വിചാരിക്കുന്നു. ഈ അന്ധവിശ്വാസം പുലർത്തിക്കൊള്ളുവാൻ നീ അനുവദിച്ചുകൊടുക്കണം."

സ്ത്രീ അനുകമ്പയോടും സ്നേഹത്തോടുംകൂടി പുഞ്ചിരിതൂകിക്കൊണ്ടു പുരുഷനെ ഒന്നു നോക്കി. അവൻ ആനന്ദനിമഗ്നനായി, ആവേശഭരിതനായി, അവളുടെ പാണിഗ്രഹിച്ചു. അവൾക്കും എന്തെന്നില്ലാത്ത ഒരു സുഖാനുഭവം ഉണ്ടായി. അവളും അവന്റെ കരങ്ങളിൽ കുഴഞ്ഞുവീണു. അവർ സർവ്വവും മറന്നു, ദൈവം കണ്ണടച്ചു. അവർ ദൈവത്തെയും മറന്നു പുതിയ ആനന്ദച്ചാർ കുടിച്ചു മദിച്ചു.

ലോകത്തിൽ സുഖമായി ജീവിക്കുന്നതിനു ചില നിർദ്ദേശങ്ങൾകൊടുത്തിട്ടു സ്വർഗ്ഗത്തേക്കു പൊയ്ക്കളയാം എന്നു ദൈവം വിചാരിച്ചു. "മോളേ!" അദ്ദേഹം വിളിച്ചു.

സ്ത്രീയുടെ ചുണ്ടുകൾ പുരുഷന്റെ സ്വാതന്ത്ര്യത്തിനു അടിമപ്പെട്ടിരുന്നതിനാൽ വിളികേൾക്കുന്നതിനു അവൾക്കു സാധിച്ചില്ല.

"മോനേ!" ദൈവം പുരുഷനെ വിളിച്ചു.

"എന്തൊരു ബോറാണിതു്?" പുരുഷൻ ക്ഷുഭിതനായി വിളിച്ചുപറഞ്ഞു. "ഉപദ്രവിക്കാതെ വല്ലയിടത്തും പോകരുതോ? ഈ ലോകം ഞങ്ങളുടേതാണു്. നീ നിന്റെ സ്വർഗ്ഗത്തു പോയിരി."

ദൈവം നടുങ്ങിപ്പോയി.

"മോളെ!" ദൈവം ഒന്നുകൂടി വിളിച്ചു.

സ്ത്രീയുടെ വായു് പുരുഷൻ തന്റെ മൃഗീയശക്തികൊണ്ടു് മൂടിക്കെട്ടി. അവൾ മിണ്ടിയില്ല.

ദൈവത്തിനു് കോപംവന്നു. അദ്ദേഹം ശപിച്ചു. "പുരുഷാ! ഞാൻ പോകണമെന്നും ലോകഭരണം നിനക്കുവേണമെന്നും ആണു് നിന്റെ ആഗ്രഹം. അങ്ങനെയാകട്ടെ. നിന്റെ ബലഹീനതകൾ നീ അറിയാതിരിക്കട്ടെ! സ്ത്രീയേ! പുരുഷന്റെ മൃഗീയശക്തിക്കു് അടിമപ്പെട്ടു കിടക്കുന്നതു് സുഖമായി നീ കരുതുന്നു എന്നു തോന്നുന്നു. അങ്ങനെതന്നെ നടക്കട്ടെ നിന്റെ ബലം നീ അറിയാതിരിക്കട്ടെ!" ദൈവം അപ്രത്യക്ഷനായി.

സ്ത്രീ വ്യാകുലചിത്തയായി.

"പേടിക്കാതെ!" പുരുഷൻ സമാധാനപ്പെടുത്തി. "എന്റെ കഴിവുകൾ അസംഖ്യങ്ങളാണു്. ദൈവവും അവന്റെ സത്യധർമ്മാദികളും എന്റെ കളിപ്പാട്ടങ്ങളാണു്. ആററംബോംബും ഹൈഡ്രജൻബോംബും മുതൽ ദേവസ്വംബില്ലു വരെ സൃഷ്ടിക്കുന്നതിനു് ഞാൻ വിചാരിച്ചാൽ സാധിക്കും! നീ എന്നിൽ വിശ്വസിക്കുക."

"ഇവൻ എന്നെ ചതിക്കും! ദൈവമേ, അങ്ങു് എന്നെ മറക്കരുതേ!" സ്ത്രീ മനസ്സുകൊണ്ടു പറഞ്ഞു. സ്വന്തബലം മറന്ന അവൾ അവന്റെ മുമ്പിൽവെച്ചു് അതു ഉറക്കെ പറയാൻ ധൈര്യപ്പെട്ടില്ല.

—൦—



സാൻഫ്രാൻസിസ്കോയിലെ കാമൺവെൽത്ത് ക്ലബ്ബിൽവച്ചു് റഷ്യൻകമ്യൂണിസമാണു് ഇന്നു് ഏഷ്യയിലെ സ്വാതന്ത്ര്യത്തിനുള്ള വലിയ വിപത്തെന്നു് സമർത്ഥിച്ചുകൊണ്ടു് യു. എസ്സ്. സ്റ്റേററ്സെക്രട്ടറി മി: ഡീൻആച്ചെസൻ പ്രസംഗിച്ചയവസരത്തിലെടുത്ത ചിത്രം.

---

കല്പസിദ്ധനായ ചിത്രമെഴുത്തുകോയിത്തമ്പുരാന്റെ മകനും ശിഷ്യനുമായ അവിടുത്തേക്കു് ആ കലയിലുള്ള പാടവം അനിതരസാധാരണമാകുന്നു. റീജന്റ മഹാറാണിയേയും അമ്മമഹാറാണിയേയും ഉത്സവമഠം ശാഖയിൽനിന്നാണു് ൧൦൭൫-ൽ ദത്തെടുത്തതു്. രാജപ്രമുഖൻ ശ്രീചിത്തിരതിരുനാൾ തിരുമനസ്സുകൊണ്ടു് അമ്മമഹാറാണി തിരുമനസ്സിലെ പ്രഥമപുത്രനായി ൧൦൮൮ തുലാം ൨൨-ാംനു ഭൂജാതനായി. ഈശ്വരഭക്തി, ആശ്രിതവാത്സല്യം, പ്രജാക്ഷേമതല്പരത, സംസ്കാരസംരക്ഷണസന്നദ്ധത, സമചിത്തത, മുതലായ വിശിഷ്ട ഗുണങ്ങൾക്കു തിരുമനസ്സുകൊണ്ടു വിളനിലമാണു്. തിരുമനസ്സിലെ അനശ്വരമായ കീർത്തി, വിശ്വവിശ്രുതമാണു്.

മാവേലിക്കര രാജകുടുംബത്തിനു് ഇവിടെ ൧൫൦ കൊല്ലത്തിലധികം പഴക്കമില്ല. പക്ഷേ, ചങ്ങനക്കോവിലകം, കോലത്തിരിവംശം, ചേരരാജവംശം എന്നീ നിലകളിൽക്കൂടി ദൃഷ്ടി പതിയുമ്പോൾ അതിന്റെ പഴമയ്ക്കു്, അത്യന്തം ആഴമുണ്ടെന്നുകാണാം.

—൦—

## സോമൻ ആൻറ് പാർട്ടി: വ്വ



# വിനോദപംക്തി

—०—

സരോജാ രമേശ്

കണ്ടക്ടർ—"കാറോടിക്കാനുള്ള ലൈസൻസ് എടുക്കത്തക്ക സൂക്ഷ്മത നിങ്ങളുടെ കണ്ണിന് ഉണ്ടെന്നുതോന്നുന്നില്ല. എന്തായാലും ഇവിടെ ഇരിക്കൂ. ഇതാ, ഈക്കാണുന്ന പോർട്ടിക്കോവിൽ നിൽക്കുന്ന കാറിന്റെ നമ്പർ ഒന്നു വായിക്കൂ."

രോഗി—"കാറോ? എവിടെ? ആ കറുപ്പുനിറംകാണുന്നതു കാറാണോ?"

*　　*　　*　　*

അമ്മ—"കുഞ്ഞേ, രാവിലെ പള്ളിയിൽ പോയാൽ പ്രാർത്ഥനാസമയത്തു് എല്ലാപേരേയും പോലെ നീയും കണ്ണടയ്ക്കണം. ഇന്നലെ നീ കണ്ണടച്ചില്ല."

കുഞ്ഞ്—"അമ്മ അതു് എങ്ങനെ അറിഞ്ഞു."

*　　*　　*　　*

പിശുക്കനായ യുവാവ്— (അയാൾ വിവാഹം ചെയ്യാൻനിശ്ചയിച്ച സ്ത്രീയെ വഴിയിൽ വച്ചുകണ്ടപ്പോൾ) "നിനക്ക് എന്റെകൂടെയിരുന്നുകാപ്പികുടിക്കാൻ ആഗ്രഹമുണ്ടോ?"

യുവതി—"തീർച്ചയായും ഉണ്ട്."

യുവാവ്—"എന്നാൽ ഞാൻ നേരത്തേതന്നെ നിന്റെ വീട്ടിൽ എത്തിക്കൊള്ളാമെന്ന് നിന്റെ അമ്മയോടു പറഞ്ഞേക്കൂ.

*　　*　　*　　*

കൃഷ്ണൻ—(വഴിയിൽവച്ച്) "രാമാ, നിനക്ക് ഇടയ്ക്കുതന്ന ആ ഷർട്ട് തിരിയെ വാങ്ങിക്കാനായി ഞാൻ അങ്ങോട്ടുവരാൻഭാവിക്കുകയായിരുന്നു."

രാമൻ—"സ്നേഹിതാ, അതു് എന്റെ ഒരു സഹപാഠിക്കു കൊടുത്തിരിക്കുകയാണല്ലോ. ഇപ്പോൾ അത്യാവശ്യമാണോ?"

കൃഷ്ണൻ—"അല്ലല്ല, എനിക്കു് അതുപയോഗിക്കാൻതന്നയാൾ വന്നു് അതിന്റെ ഉടമസ്ഥൻ തിരിയെ ചോദിക്കുന്നതായി പറഞ്ഞു. അതുകൊണ്ടു ഞാൻ അന്വേഷിച്ചെന്നേയുള്ളു."

*　　*　　*　　*

ഒരാൾ ഒരു സിനിമാതാരത്തിനെ വിവാഹംകഴിക്കാൻ ആഗ്രഹിച്ചു. എന്നാൽ അയാൾക്ക് അവളെപ്പോലെ ധനമില്ലായിരുന്നു. അവളെ ആശ്വസിപ്പിക്കാനായി അയാൾ പറഞ്ഞു, "ധനത്തിന്റെകാര്യത്തിൽ നീ വിഷമിക്കേണ്ട. ഇതാ, ഇപ്പോൾത്തന്നെ അൻപതിനായിരത്തിനു് ഒരു ഇൻഷ്വർചെയ്യേക്കാം."

അവൾ അല്പം ആലോചിച്ചിട്ടു പറഞ്ഞു: നിങ്ങൾ വേഗം മരിച്ചില്ലെങ്കിൽ എനിക്കു് അതുകൊണ്ടു് എന്താണു പ്രയോജനം?"

*　　*　　*　　*

ഒരു സന്ധ്യാസമയത്തു രാമചന്ദ്രൻ റോഡിൽക്കൂടെ നടക്കുകയായിരുന്നു. കുറച്ചകലെയായി ഒരു തടിയനും ഒരു ഹ്രസ്വകായനുംതമ്മിൽ അടികൂടുന്നതു് അയാൾ കണ്ടു. രാമചന്ദ്രൻ ഓറക്കുതിക്കു് അവരുടെ അടുത്തെത്തി, ആ തടിയനു് നല്ല വീക്കുവച്ചുകൊടുത്തു. അയാൾ നിലംപതിച്ചു.

"വളരെ ഉപകാരം." ആ കൊച്ചുമനുഷ്യൻ പറഞ്ഞു. നിങ്ങൾ സമയത്തിനു വന്നുചേർന്നതു വളരെ നന്നായി. അല്ലെങ്കിൽ ഇയാൾ എന്നെ കൊന്നേനെ. ഇതാ, ഞാൻ അയാളുടെകയ്യിൽനിന്നും തട്ടിപ്പറിച്ച രൂപാ, നമുക്കു പങ്കിട്ടെടുക്കാം."

—०—

# ഗണിതവിഹാരം

എസ്. പരമേശ്വരൻ

## V. ഗ്രീക്കുകാർ

യൂറോപ്പ് ഖണ്ഡത്തിന്റെ ഭൂപടമൊന്നു നോക്കുക. ആ ഭൂവിഭാഗത്തിന്റെ തെക്കുവശത്തായി മദ്ധ്യധരണിക്കടൽ കിടക്കുന്നു. മദ്ധ്യധരണിക്കടലിനുള്ളിലേയ്ക്കു നീണ്ടുകിടക്കുന്ന രണ്ടു ഉപദ്വീപുകൾ കാണുന്നില്ലേ; ഇറ്റാലി, ഗ്രീസ്സ് എന്ന രാജ്യങ്ങളാണവ. ഏകദേശം മൂവായിരം കൊല്ലങ്ങൾക്കു മുമ്പുതന്നെ ജനങ്ങൾ ഈ പ്രദേശങ്ങളിൽ കുടിയേറിപ്പാർത്തിരുന്നു; ഒരുതരത്തിലുള്ള സംസ്കാരവും അവിടങ്ങളിൽ ഉണ്ടായിവന്നു.

അങ്കഗണിതത്തെക്കുറിച്ചും അവർക്കു അല്പം അറിവുണ്ടായിരുന്നു. സംഖ്യകളെഴുതുവാൻ ഗ്രീക്കുകാർ രണ്ടുതരം ചിഹ്നവ്യവസ്ഥകൾ സ്വീകരിച്ചിരുന്നതായി കാണുന്നുണ്ട്. അതാതു സംഖ്യകളെക്കുറിക്കുന്ന വാക്കുകളുടെ ഒന്നാമത്തെ അക്ഷരങ്ങളിൽനിന്നുമുണ്ടായവ ഒരുതരം; മറ്റൊന്നു ഒരു അക്ഷരമാലയിലെ അക്ഷരങ്ങൾതന്നെ. അക്ഷരമാലയിലെ അക്ഷരങ്ങളെ സംഖ്യകളുടെ ചിഹ്നങ്ങളായി കരുതുന്ന ഏർപ്പാട് ബി. സി അഞ്ചാംശതാബ്ദത്തോടടുപ്പിച്ചു നടപ്പിൽ വന്നതാണ്. ഈ രീതി അവലംബിക്കുന്നതിൽ അവർക്കു ആദ്യം ഒരു വൈഷമ്യം നേരിടേണ്ടിവന്നു. 1, 2, 3, 4, 5, 6, 7, 8, 9, 10, 20, 30, 40, 50, 60, 70, 80, 90, 100, 200, 300, 400, 500, 600, 700, 800, 900 എന്ന ഇരുപത്തേഴു സംഖ്യകൾക്കു പ്രത്യേകം പ്രത്യേകം ചിഹ്നങ്ങൾ അവർക്കു വേണ്ടിയിരുന്നു. പക്ഷെ, അവർ സ്വീകരിച്ചിരുന്ന അക്ഷരമാലയിൽ ഇരുപത്തിനാലു് അക്ഷരങ്ങളേ ഉണ്ടായിരുന്നുള്ളു. ബാക്കിവന്ന മൂന്നു സംഖ്യകളെക്കുറിക്കുന്നതിനു് അക്ഷരങ്ങളില്ലാതായിരുന്നു അവർക്കു നേരിട്ട വൈഷമ്യം. ലുപ്തപ്രായമായിരുന്ന അക്ഷരങ്ങളിൽ മൂന്നെണ്ണംകൂടി സ്വീകരിച്ചു് അവർ ആ കുറവു നികത്തി. അങ്ങനെ അക്ഷരമാലയിലെ ഇരുപത്തിനാലക്ഷരങ്ങളോടുകൂടി മൂന്നു പഴയ അക്ഷരങ്ങളെക്കൂട്ടിച്ചേർത്തു് ഇരുപത്തേഴു ചിഹ്നങ്ങളുണ്ടാക്കി, ആ ചിഹ്നങ്ങൾകൊണ്ടു് മുൻപറഞ്ഞ ഇരുപത്തേഴു സംഖ്യകളെ സൂചിപ്പിച്ചുപോന്നു.

ചിഹ്നങ്ങളുപയോഗിച്ചു സംഖ്യകളെഴുതുമ്പോൾ നാലിൽ കൂടുതൽ പ്രാവശ്യം ഒരു ചിഹ്നം അടുപ്പിച്ചു വരാതിരിക്കുവാൻ അവർ പ്രത്യേകം സൂക്ഷിച്ചിരുന്നു. മുമ്പു കാണിച്ച ഇരുപത്തേഴു സംഖ്യകൾക്കും വെവ്വേറെ ചിഹ്നങ്ങൾ സ്വീകരിച്ചുകഴിഞ്ഞാൽ അതിനു വിഷമമില്ലല്ലോ. അവർ സംഖ്യകളെഴുതിപ്പോന്നതു് ഇപ്രകാരമായിരുന്നു.



ഗ്രീക്കുകാരുടെ ഈ ചിഹ്നവ്യവസ്ഥകൾ ഉപയോഗിച്ചു് ഗണിതക്രിയകൾ നിർവഹിക്കുന്നതു് അത്ര എളുപ്പമല്ലതന്നെ. അതുകൊണ്ടു്, അവർക്കു് ഗണിതപരമായി വളരെയൊന്നും മുന്നേറുവാൻ സാധിച്ചില്ല; അതിൽ അത്ഭുതത്തിനവകാശവുമില്ല. അവരുടെ ഇടയിൽ പ്രചരിച്ചിരുന്ന ഗണിതശകലങ്ങളിലധികവും അവർക്കു് അറബികളിൽനിന്നു ലഭിച്ചതാണത്രേ. ഗ്രീക്കുകാരുടെ മാഹാത്മ്യം മറ്റൊരുവഴിക്കുള്ളതാണ്. തത്വജ്ഞാനപരമായ അവരുടെ പ്രവൃത്തിയുടെ ഫലമാണതു്. ഗ്രീക്കുകാർ ആദ്യംമുതല്ക്കേ നല്ല തത്വജ്ഞാനികളായിരുന്നു. ഗണിതശാസ്ത്രത്തിലെ ക്രിയകളെക്കാൾ, അതിന്റെ തത്വജ്ഞാനപരമായവശമായിരുന്നു അവരെ കൂടുതൽ ആകർഷിച്ചിരുന്നതു്.

പ്രാചീനഗ്രീക്കുചരിത്രത്തിലൂടെ ഒന്നുകണ്ണോടിച്ചാൽ നാം കണ്ടുമുട്ടുന്നതു ചില പണ്ഡിതന്മാരെയാണ്. അവരുടെ എല്ലാം നേതാവായി പരിലസിച്ചിരുന്ന മഹാനാണ് പൈതഗോറസ്സ്. ഒന്നാംകിടയിലുള്ള ഗണിതപണ്ഡിതൻ, ലോകവന്ദ്യനായ തത്വജ്ഞാനി, സംപൂജ്യനായ ലോകാചാര്യൻ ഇവയുടെയെല്ലാം ആകെത്തുകയായിരുന്നു ആ ശ്രേഷ്ഠപുരുഷൻ. ബി. സി. ആറാംശതകത്തിലായിരുന്നു അദ്ദേഹം ജീവിച്ചിരുന്നതു്. അക്കാലത്തു് സംസ്കാരത്തിന്റെ മുന്നണിയിലെത്തിയിരുന്ന ഈജിപ്തുരാജ്യവും പൈതഗോറസ്സ് സന്ദർശിക്കുകയുണ്ടായി; തൽഫലമായി ആ പ്രദേശത്തു നിലവിലിരുന്ന വിജ്ഞാനശകലങ്ങൾ ഗ്രഹിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. മടങ്ങിവന്ന ശേഷം, ബി. സി. 530-ാമാണ്ടോടുകൂടി ഗ്രീസ്സ് രാജ്യത്തിലുള്ള ക്രൊട്ടോണാ എന്ന സ്ഥലത്തു് പൈതഗോറസ്സ് സ്ഥിരവാസമുറപ്പിച്ചു, അവിടെ ഒരു വിദ്യാലയവും തുടങ്ങി. അല്പകാലത്തിനുള്ളിൽ വളരെപ്പേർ ആ വിദ്യാലയത്തിൽ ചേർന്നു പഠിക്കുവാൻവന്നെത്തി, ധനികദരിദ്രവ്യത്യാസംകൂടാതെ പലരും വിദ്യാർത്ഥികളായിച്ചേർന്നു. അന്നത്തെ ആചാരങ്ങൾക്കും മര്യാദകൾക്കും എതിരായി സ്ത്രീകൾ പൊതുസമ്മേളനങ്ങളിലും മറ്റും സന്നിഹിതരാവാനാരംഭിച്ചു. വിദ്യാർത്ഥികളിൽ ചിലരെമാത്രം ഉൾപ്പെടുത്തിക്കൊണ്ടു് അദ്ദേഹം "പൈതഗോറിയൻസുഹൃൽസംഘം" എന്നൊരു സംഘടന സമാരംഭിച്ചു.

[പൈതഗോറിയൻ സുഹൃത്സംഘത്തെക്കുറിച്ചുള്ള ഒരു വിവരണത്തിൽ ഇങ്ങനെ കാണുന്നു.—"പ്രാപഞ്ചികവ്യാപാരങ്ങളിൽ വിരക്തിയുണ്ടായി. തൽഫലമായി ആത്മസംയമനം സിദ്ധിച്ചവരെ മാത്രം അംഗങ്ങളായിച്ചേർത്തു് രൂപീകരിച്ച ഒരു സംഘടനയാണ് പൈതഗോറിയൻസുഹൃത്സംഘം. നിർദ്ദിഷ്ടയോഗ്യതകളിൽ അല്പംപോലും കുറവുള്ള വ്യക്തികൾക്കു് അവിടെ പ്രവേശനമില്ലായിരുന്നു. കുടുംബമഹിമയ്ക്കോ സമുദായോന്നതിയ്ക്കോ ആ കവാടം തുറന്നുകൊടുത്തിരുന്നില്ല; വൈരാഗ്യപ്രകൃതിയില്ലാത്തവരെ, അവഹേളിച്ചു് നിർദ്ദയമായി ബഹിഷ്കരിച്ചുപോന്നു. സ്ത്രീകൾക്കും പ്രവേശനം അനുവദിച്ചിരുന്നു. ഇതേ നിബന്ധനകളോടുതന്നെയായിരുന്നു അബലകളേയും ആ സംഘത്തിൽ അംഗങ്ങളായി ചേർത്തിരുന്നതു്. സ്ത്രീകളെ വിദ്യാഭ്യാസസംഘത്തിൽ അംഗങ്ങളായി സ്വീകരിക്കുക എന്ന ഏർപ്പാട് അതിനുമുമ്പ് ഉണ്ടായിരുന്നില്ല. അവരെല്ലാവരും ഒരു കുടുംബത്തിലെ അംഗങ്ങളെന്നോണം സൌഹാർദ്ദമായാണ് കഴിഞ്ഞുകൂടിയതു്. നല്ല ശിക്ഷണബോധത്തോടുകൂടിയാണ് അവർ ജീവിച്ചുവന്നതും. നൂതനങ്ങളായ ആവിഷ്കാരങ്ങളുടെ— അവ ആരുടെ ആവിഷ്കാരമായിരുന്നാലും ശരി—എല്ലാം കീർത്തി പൈതഗോറസ്സിനു ചേരണമെന്നതും ആ സംഘടനയിലെ ഒരു നിബന്ധനയായിരുന്നു. "പുതിയ വിജ്ഞാനശകലങ്ങൾ പുറത്തു പരസ്യപ്പെടുത്തുകയില്ലെന്നും, സംഘാംഗങ്ങൾക്കുമാത്രമേ വാഗ്രൂപേണ നൽകുകയുള്ളുവെന്നും" കൂടി ഓരോ അംഗവും പ്രതിജ്ഞചെയ്യേണ്ടിയിരുന്നു. ഹിപ്പാസസ്സ് എന്ന ഒരംഗം ഈ പ്രതിജ്ഞ ലംഘിച്ചു. അവൻ കാലാന്തരത്തിൽ മുങ്ങിമരിക്കുകയാണുണ്ടായതു്; ഈ ദുർമ്മരണത്തിനു കാരണം പ്രതിജ്ഞാലംഘനമാണെന്നു സംഘാംഗങ്ങൾ വിശ്വസിച്ചുപോന്നു."]

പൈതഗോറിയൻസുഹൃത്സംഘാംഗങ്ങൾ കൈകാര്യംചെയ്തുപോന്ന ഗണിതശാഖകളെ നാലായി വിഭജിച്ചിരുന്നു. 1. കേവലമായ സംഖ്യകളെക്കൊണ്ടു പെരുമാറുന്ന ശാസ്ത്രം അഥവാ അങ്കഗണിതം. 2. സംഖ്യോപാധിയായ ശാസ്ത്രം അഥവാ സംഗീതം. 3. അചേതനങ്ങളായ പരിമാണങ്ങളെക്കുറിച്ചുള്ള ശാസ്ത്രം അഥവാ ജ്യാമിതി. 4. ചേതനങ്ങളായ പരിമാണങ്ങളെസംബന്ധിക്കുന്ന ശാസ്ത്രം അഥവാ ജ്യോതിശ്ശാസ്ത്രം. ഏതു വിദ്യാഭ്യാസപദ്ധതിയും ഈ ചതുർവിദ്യകൾ (quadrivium) ഉൾക്കൊള്ളേണ്ടതാണെന്നും, എങ്കിലേ അതു സമ്പൂർണ്ണമാകൂ എന്നും അവർ കരുതിയിരുന്നു.

പൈതഗോറസ്സിന്റെ മരണശേഷം കുറേ ശതാബ്ദങ്ങളിലേയ്ക്കുകൂടി ഈ സുഹൃത്സംഘം നിലനിന്നിരുന്നു.

പൈതഗോറസ്സ് എന്ന പേരുകേൾക്കുമ്പോൾത്തന്നെ ജ്യാമിതി പഠിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കു് അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന ഒരു സിദ്ധാന്തം ആണല്ലോ ഓർമ്മവരുന്നതു്. "ഒരു സമകോണത്രികോണത്തിന്റെ വിപുലഭുജത്തിന്മേൽ വരച്ച സമചതുരം, ക്ഷേത്രഫലത്തെ സംബന്ധിച്ചേടത്തോളം, മററു രണ്ടു ഭുജങ്ങളിന്മേൽ വരച്ച സമചതുരങ്ങളുടെ തുകയ്ക്കു തുല്യമാകുന്നു." [The Square on the hypotenuse of a right angled triangle is equal to the sum of the squares on the two legs] ഈ സിദ്ധാന്തത്തിനു സമഞ്ജസമായ ഒരു ഉപപത്തി (proof) ആദ്യമായി നൽകിയതു് പൈതഗോറസ്സാണെന്നതു് തർക്കമററ വസ്തുതയാണെങ്കിലും ഈ ഫലം പൈതഗോറസ്സിന്റെ കാലത്തിനു മുമ്പുതന്നെ കണ്ടുപിടിക്കപ്പെട്ടിരുന്നതായി കാണുന്നു. അല്പകാലംമുമ്പു വിവർത്തനം ചെയ്യപ്പെട്ട ഒരു ബാബിലോണിയൻ ലിഖിതമാണതിനു തെളിവു്. ആ ലിഖിതത്തിൽ കാണുന്നതു് ഈ ഫലം ബാബിലോണിയായിലെ ഒന്നാം സാമ്രാജ്യകാലത്തു്—ഹമ്മുറാബിയുടെ കാലത്തു് അതായതു് ബിസി 2100 നോടടുപ്പിച്ചു—തന്നെ അറിയപ്പെട്ടിരുന്നു എന്നാണ്.

ഗ്രീക്കുകാരുടെ ഗണിതം പുലർന്നിരുന്നതു് ഗ്രീസ്സിൽ മാത്രമല്ല; പിന്നെയോ പുറമേ ഒരു കേന്ദ്രത്തിൽക്കൂടിയുണ്ടായിരുന്നു. ഈജിപ്തു് രാജ്യത്തിലെ അലക്സാണ്ട്റിയാ എന്ന സ്ഥലമാണ് ആ കേന്ദ്രം. ടാളമിഒന്നാമനും അദ്ദേഹത്തിന്റെ ശിഷ്യന്മാരും കൂടിയാണ് അവിടെ ഒരു വിദ്യാപീഠം ആരംഭിച്ചതും വളർത്തിവന്നതും. ശാസ്ത്രം, ഗണിതം, സാഹിത്യം, തത്വജ്ഞാനം ഈ ശാഖകളെല്ലാം ആ സ്ഥാപനത്തിൽ വികസിച്ചുവന്നു. പ്രത്യേകിച്ചു ക്രിസ്തുവിനുമുമ്പുള്ള മൂന്നു ശതാബ്ദക്കാലത്തിനിടയ്ക്കാണ് ഏററവും അഭിവൃദ്ധിയെപ്രാപിച്ചിരുന്നതു്. അലക്സാൺട്രിയായിലുണ്ടായിരുന്ന പണ്ഡിതന്മാരിൽ ചിലരെപ്പററി കുറഞ്ഞൊന്നു പറയാം.

യൂക്ലിഡ്—അടുക്കും മുറയുമുള്ള ഒരു ജ്യാമിതിഗ്രന്ഥം ആദ്യമായി രചിച്ച പണ്ഡിതൻ; ജ്യാമിതിയുടെ പിതാവെന്നുതന്നെപറയാം.

ഇറെട്ടോസ്തനീസ്—അദ്ദേഹം ഭൂമിയുടെ വലുപ്പം (Size) നിർണ്ണയിക്കുകയുണ്ടായി. ഒരു പഞ്ചാംഗം നിർമ്മിച്ചു. ആ പഞ്ചാംഗം പിന്നീടുണ്ടായിട്ടുള്ള പഞ്ചാംഗങ്ങൾക്കാധാരമായി വിളങ്ങിയത്രേ. കൂടാതെ അദ്ദേഹം ഒരു ഭൂമിശാസ്ത്രഗ്രന്ഥവും രചിച്ചിട്ടുണ്ടു്.

അരിസ്റ്റാർക്കസ്സ്:—ഇദ്ദേഹം സൂര്യൻ, ചന്ദ്രൻ ഇവയെക്കുറിച്ചു പഠനംനടത്തി, ചില വിവരങ്ങൾ ഗണിച്ചറിയുകയുണ്ടായി.

അപ്പലോണിയസ്—ഒരു ഗണിതപണ്ഡിതൻ. ജ്യാമിതിയായിരുന്നു അദ്ദേഹത്തിന്റെ 'ഇഷ്ടദേവത.'

ഹിപ്പർക്കസ്—ഇദ്ദേഹം ഒരു വർഷത്തിന്റെ ദൈർഘ്യം കണക്കാക്കി, സൂക്ഷ്മമായ ഫലത്തിൽനിന്നു് അദ്ദേഹം കണ്ടെത്തിയ ഫലത്തിനു് ആറു മിനിട്ടുമാത്രമേ വ്യത്യാസമുണ്ടായിരുന്നുള്ളു

ഹൈപ്പേഷ്യ—ഇതുവരെ നമുക്കു ലഭിച്ചിട്ടുള്ള അറിവുവച്ചുനോക്കുന്നതായാൽ, ഒന്നാമത്തെ ഗണിതജ്ഞ. അലക്സാണ്ട്റിയായിലെ വിദ്യാപീഠത്തിന്റെ അദ്ധ്യക്ഷനായിരുന്ന 'തിയോൺ'ന്റെ പുത്രി. പിതാവിന്റെ കാലശേഷം ഈ വനിത, ആ സ്ഥാപനത്തിന്റെ അദ്ധ്യക്ഷയായി വരിക്കപ്പെട്ടു. അവർ ഒരു തത്വജ്ഞാനികൂടിയായിരുന്നു.

## VI ചൈനാക്കാർ

ഏഷ്യാഖണ്ഡത്തിന്റെ ഭൂപടമൊന്നു നോക്കുക. ഇന്ത്യാമഹാരാജ്യത്തിന്റെ വടക്കുകിഴക്കായി ഒരു ഭൂഭാഗം കാണുന്നില്ലേ; മഞ്ഞനിറത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നതു്. ചൈനാമഹാരാജ്യമാണതു്. നാലയ്യായിരം കൊല്ലങ്ങൾക്കുമുമ്പുതന്നെ ചൈനക്കാർക്കു നല്ല സംസ്കാരം സിദ്ധിച്ചിരുന്നു. ചൈനാസാമ്രാജ്യത്തിന്റെ ഒന്നാമത്തെ ചക്രവർത്തി എന്നറിയപ്പെട്ടുപോരുന്ന ഫൂഹി (ബി. സി ൨൮൫൨—൨൭൩൮)യുടെ കാലത്തു് അവിടെ ജ്യോതിശ്ശാസ്ത്രവിജ്ഞാനത്തിനു് നല്ല നിലയുണ്ടായിരുന്നതായിക്കാണുന്നുണ്ടു്. അക്കാലത്തു് ജ്യോതിശ്ശാസ്ത്രസംബന്ധമായി പല നിരീക്ഷണങ്ങളും നിർവഹിക്കപ്പെട്ടുപോന്നു. ഹ്വാങ്ടി (ബി. സീ. ൨൭൦൦ നടടുപ്പിച്ചു); യൂ (ഏകദേശം ബി. സി. 2357—2258 എന്നീ ചക്രവർത്തിമാരുടെ കാലത്തും ജ്യോതിശ്ശാസ്ത്രം, അങ്കഗണിതം മുതലായ ശാസ്ത്രവിഭാഗങ്ങൾ അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരുന്നു. ദശസംഖ്യാക്രമവും മററും അന്നു് അവിടെ നിലവിലിരുന്നതായി വെളിവായിട്ടുണ്ടു്. ബി. സി. 1182 മുതൽ 1135 വരെ ജീവിച്ചിരുന്ന 'വെൻ-വാങ്ങ്' എന്ന പണ്ഡിതൻ രചിച്ചതായി വിശ്വസിക്കപ്പെട്ടുപോരുന്ന 'ഐ-ക്കിങ്ങ്' ആണ് അവരുടെ പഴയ ഗ്രന്ഥങ്ങളിൽവെച്ചു സുപ്രധാനമായതു്. അതിൽ ഗണിതതത്വങ്ങളെക്കുറിച്ചും അല്പം പ്രതിപാദിച്ചിരുന്നുവത്രേ. പഴയ ഗ്രന്ഥങ്ങളെപ്പററി പ്രസ്താവിക്കുമ്പോൾ 'ചൌ—പൈ' എന്ന ഗണിതഗ്രന്ഥത്തെക്കുറിച്ചുകൂടി പറയേണ്ടതുണ്ടു്. ഉദ്ദേശം ബി. സി. 1105-ലാണ് അതു രചിക്കപ്പെട്ടതെന്നു് ഗണിതശാസ്ത്രചരിത്രകാരന്മാർ ഊഹിച്ചിരിക്കുന്നു; പക്ഷേ ഗ്രന്ഥകാരനെക്കുറിച്ചു വിവരമൊന്നും നൽകക്കാണുന്നില്ല. ചൈനാക്കാരുടെ പ്രാചീനസംസ്കാരത്തെ വെളിപ്പെടുത്തുവാൻപോരുന്ന രേഖകൾ കിട്ടുന്നതല്ല. അവിടത്തെ ഒരു ചക്രവർത്തിയുടെ ബുദ്ധിമോശമാണതിനു കാരണം. ചിൻവംശസ്ഥാപകനായ 'ഷി—ഹ്വാങ്ങ്ടി' എന്ന ചക്രവർത്തി ബി. സി. 213-ൽ അന്നുണ്ടായിരുന്ന സകല ഗ്രന്ഥങ്ങളേയും ചുട്ടുനശിപ്പിക്കുവാൻ ആജ്ഞാപിച്ചു. ആജ്ഞ അനുസരിക്കാത്തവർ ദേഹോപദ്രവം ഏല്പിക്കുകയും, ജീവനോടെ കുഴിച്ചുമൂടുകപോലും ചെയ്തു. നിഷ്ഠൂരമായ ഈ ദുശ്ശാസനം പല പ്രമാണങ്ങളെയും നശിപ്പിക്കുവാനിടയാക്കി. 'വിദ്യാഭ്യാസചരിത്രത്തിൽ ഒരു നവീന ദശസമാരംഭിച്ച മഹാനാണുതാൻ' എന്നു ഭാവിതലമുറകളാൽ പ്രകീർത്തിക്കപ്പെടുമെന്ന മൂഢവിശ്വാസമാണ് ഈ കടുംകൈയ്ക്കു് അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. എത്ര വലിയ നഷ്ടമാണ് അതുകൊണ്ടു ലോകത്തിനും ശാസ്ത്രവിജ്ഞാനത്തിനും ഉണ്ടായിട്ടുള്ളതെന്നു പറയുവാൻ സാദ്ധ്യമല്ല.

'ഷി—ഹ്വാങ്ങ്ടി'യുടെ കാലത്തു ജീവിച്ചിരുന്ന 'ചാങ്ങ്—സാങ്ങ്' (ബി സി 250—152) എന്ന ഒരു രാജ്യതന്ത്രജ്ഞൻ ബി. സി. 176-ൽ ഒരു ഗണിതഗ്രന്ഥം രചിച്ചു. മുമ്പുണ്ടായിരുന്ന പല ഗ്രന്ഥങ്ങളും ഉൾക്കൊണ്ടിരുന്ന തത്വങ്ങൾതന്നെയാണ് അതിലും പ്രതിപാദിക്കപ്പെട്ടിട്ടുള്ളതു്. ബി. സി. 104-ാമാണ്ടോടടുപ്പിച്ചു് ഒരു പുതുപ്പഞ്ചാംഗവും രൂപീകൃതമായി. എ ഡി. മൂന്നാംശതകത്തിൽ 'ലിയു—ഹ്വു' എന്നൊരു ഗണിതജ്ഞനും, അഞ്ചാംശതകത്തിൽ 'ചെ—യെൻ—സുങ്ങ്' (400—450) 'സൂചുങ്ങ്ചി' (430—501) എന്നു രണ്ടു ഗണിതജ്ഞന്മാരും ജീവിച്ചിരുന്നതായിക്കാണുന്നു.

ചൈനാക്കാർ ഓരോ കാലഘട്ടത്തിലും സംഖ്യകളെഴുതുവാൻ ഓരോതരം ചിഹ്നവ്യവസ്ഥയാണ് സ്വീകരിച്ചിരുന്നതു്. ഓരോ കാലത്തു നിലവിലിരുന്ന നാണയങ്ങളിൽ ഓരോതരം ചിഹ്നങ്ങളാണ് കൊത്തിയിരിക്കുന്നതെന്ന വസ്തുതയിൽനിന്നു് അങ്ങിനെയല്ലാതെ അനുമിക്കുവാൻ തരമില്ലല്ലോ. ആകെക്കൂടി, ചൈനാക്കാരുടെയിടയിൽ പഴയകാലത്തു നിലവിലിരുന്ന ഗണിതവിജ്ഞാനത്തെക്കുറിച്ചു ശരിയായബോധം നൽകുവാൻ സാദ്ധ്യമല്ല. അത്രയ്ക്കു അപൂർണ്ണമാണ് അവിടെനിന്നു ലഭിച്ചിട്ടുള്ള രേഖകൾ എങ്കിലും വളരെ ശതാബ്ദങ്ങൾക്കുമുമ്പുതന്നെ ചൈനാക്കാർ ഗണിതപരമായി ഉയർന്നനിലപ്രാപിച്ചിരുന്നു എന്നു പറയുന്നതിൽ തെററില്ല നമുക്കിതുവരെ ലഭിച്ചിട്ടുള്ള രേഖകളിൽനിന്നു് അങ്ങനെയാണ് മനസ്സിലാകുന്നതു്.

ഇന്നു് ചൈനാക്കാർ ഒന്നുമുതൽ പത്തുവരെയുള്ള അക്കങ്ങളെഴുതിപ്പോരുന്നതിപ്രകാരമാകുന്നു.



—o—


## ആവശ്യമുണ്ട്

പുതിയ ഡിസൈനിലുള്ള യു. എസ്. ഏ. ഫൌണ്ടൻപേനകളുടെ വില്പനയ്ക്കായി കമ്മീഷൻ വ്യവസ്ഥയിലോ, 300 രൂപ മുതൽ 700 രൂപ വരെയുള്ള ശമ്പളവ്യവസ്ഥയിലോ ഏജൻറന്മാരെ ആവശ്യമുണ്ടു്, സാമ്പിളിനും സൌജന്യ ഏജൻസിവ്യവസ്ഥകൾക്കും എഴുതുക. എഴുത്തുകുത്തു ഇംഗ്ലീഷിൽമാത്രം.

Imperial Trading Co. (M. R. Q.)
Saader Bazaar, DELHI.

## ജാതകാദേശം

(സവ്യാഖ്യാനം)

ജ്യോതിഷസംബന്ധമായും ജാതകസംബന്ധമായും അനർഘങ്ങളായ വിവരങ്ങൾ അടങ്ങിയ ഉത്തമജ്യോതിഷഗ്രന്ഥം. വില ണ. 15.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.



ചെറുകഥ

# എരിയുന്ന ഹൃദയം

മാക്സിംഗോർക്കി

വിവ:- പി. ഗോപിനാഥൻനായർ B. Sc.
(വിശ്വഭാരതി)

ബെസ്സറാബിയൻ കടൽതീരത്തുവച്ചാണ് ഞാൻ ഈ കഥ കേൾക്കുവാൻ ഇടയായത്.

ആ വിശാലമായ ശാദ്വലത്തിന്റെ ഉദരത്തിൽനിന്നെന്നപോലെ പൂർണ്ണചന്ദ്രൻ ചുവന്നു വിളറി വളരെ വലിപ്പത്തിൽ ഉദിച്ചുയർന്നു. ചന്ദ്രൻ ഉദിച്ചുയർന്നുതുടങ്ങിയപ്പോൾ ചുറ്റും പടർന്നിരുന്ന മുന്തിരിച്ചെടികളുടെ നേരിയ നിഴൽപാടുകൾ ഒരു വലപോലെ ഞങ്ങളെ ആവരണംചെയ്തു.

ആ സമതലപ്രദേശത്തിന്റെ പൂർവ്വവൃത്താന്തങ്ങൾ മുഴുവൻ അറിയാമായിരുന്ന ആ വയോവൃദ്ധ എന്റെ അരികിൽ ഇരുന്നുകൊണ്ട് തന്റെ കരങ്ങൾ കടലിനു നേരെ ചൂണ്ടിക്കാണിച്ചു. അവിടെ കടൽപ്പുറം ശാന്തമായിരുന്നു. കറുത്തിരുണ്ട ഭയങ്കരാകൃതിയോടുകൂടിയ ഒരു മേഘം കടലിൽനിന്നും സാവധാനം ഉയർന്നു. അതു ആ ശാദ്വലത്തിന്റെ മുകളിൽക്കൂടി നീങ്ങിത്തുടങ്ങി. അങ്ങനെ നീങ്ങുംതോറും അതിൽനിന്നും ഓരോ ഭാഗങ്ങൾ ചിന്നിച്ചിതറി നക്ഷത്രങ്ങളെ മുഴുവൻ മറച്ചു. കടൽ കൂടുതൽ ഉച്ചത്തിൽ ഇരമ്പുവാൻ തുടങ്ങി. മങ്ങിയ ചന്ദ്രബിംബം ഇടയ്ക്കിടെ പുറത്തു കണ്ടെങ്കിലും ഒടുവിൽ നിശ്ശേഷം മറഞ്ഞു. ആ സമതലം ചക്രവാളാന്തത്തോളം ഇരുണ്ട് ഭയാനകമായി. അപ്പോൾ ഒരു വിശേഷമുണ്ടായി. വിദൂരതയിൽ തന്നിൽ എന്തോ മറച്ചുവെച്ചിരിക്കുന്നതുപോലെ തോന്നിക്കുന്ന ഒരുതരം നീലിച്ച അഗ്നിസ്ഫുലിംഗങ്ങൾ മിന്നിക്കൊണ്ടിരുന്നു. അവ ക്ഷണനേരത്തേയ്ക്കു അവിടെയും ഇവിടെയും എവിടെയും പ്രകാശിക്കയും അണയുകയും ചെയ്തുകൊണ്ടിരുന്നു. ആ സമതലത്തിൽ എന്തോ കളഞ്ഞുപോകയാൽ അവിടവിടെയായി ആളുകൾ തീക്കൊളുത്തി നോക്കുകയും തത്സമയം കാറ്റടിച്ചു അവ അണയുകയും ചെയ്യുന്നതുപോലെയാണ് ഈ തീപ്പൊരികൾ കത്തിയും അണഞ്ഞും കാണപ്പെട്ടത്. അതിൽ എന്തോ ഒരു വിശേഷമുണ്ടെന്നു എനിക്കു തോന്നി.

ഞാൻ ആ വൃദ്ധയോടു ചോദിച്ചു: "ആ നീലിച്ചു മങ്ങി മറയുന്ന തീപ്പൊരികൾ എന്താണ്? അവ എവിടെനിന്നു വരുന്നു."

അവർ പറഞ്ഞു:—"ആ തീപ്പൊരികൾ ഡാങ്കോയുടെ എരിയുന്ന ഹൃദയത്തിൽനിന്നു വരുന്നതാണ്. പണ്ടൊരുകാലത്തു ഒരു ഹൃദയമുണ്ടായിരുന്നു. അതു ഒരുദിവസം അഗ്നിയെപ്പോലെ എരിഞ്ഞുതുടങ്ങി. അതേ ആ സ്ഫുലിംഗങ്ങൾ ആ അഗ്നിയിൽനിന്നും വരുന്നതാണ്. ഹാ! അതൊരു പഴംകഥയാണ്. എന്തെല്ലാം അത്ഭുതസംഗതികളാണു പണ്ടൊക്കെ നടന്നിട്ടുള്ളതെന്നോ? ചെറുപ്പക്കാർക്കു എന്തറിയാം! പൂർവ്വകാലത്തേയ്ക്കു തിരിഞ്ഞുനോക്കിയാൽ നിങ്ങളുടെ ഏതു പ്രശ്നത്തിനാണു പരിഹാരം കാണാത്തതു?"—

അവർ ആ കഥ പറയാൻതുടങ്ങി:

മൂന്നുവശവും ഇരുണ്ട കാടുകൾകൊണ്ടു ചുറ്റപ്പെട്ടിരുന്ന ഒരു വിസ്തൃതമായ മൈതാനപ്രദേശത്തു വളരെ വളരെ കാലങ്ങൾക്കുമുമ്പു ഒരു വർഗ്ഗത്തിൽപ്പെട്ട ജനങ്ങൾ പാർത്തിരുന്നു. ബലിഷ്ഠരും ധീരന്മാരും ഉന്മേഷമുള്ളവരുമായിരുന്നു അവർ. പക്ഷെ പെട്ടെന്നു ഒരുദിവസം അവർ ദുർവിധിക്കു വിധേയരായി. ഒരുകൂട്ടം ഭിന്നവർഗ്ഗീയർ അവിടെ പ്രത്യക്ഷപ്പെടുകയും ഇവരെയെല്ലാം ചുറ്റുമുള്ള കാട്ടിലേയ്ക്കു അടിച്ചു പായിക്കുകയും ചെയ്തു. ആ വനമാകട്ടെ ഇരുണ്ടും ചെളിനിറഞ്ഞതും ആയിരുന്നു. അവിടെ വൃദ്ധവൃക്ഷങ്ങളുടെ ശിഖരങ്ങൾ ഇടപിണഞ്ഞു ഇലകളെക്കൊണ്ടു നീരന്ധ്രമായ ഒരു മേൽക്കട്ടി ചമച്ചിരുന്നു; ആകാശം അദൃശ്യമായിരുന്നു. സൂര്യപ്രകാശം അകത്തു കടന്നിരുന്നതുമില്ല. എപ്പോഴെങ്കിലും സൂര്യരശ്മി അകത്തു കടക്കുമ്പോൾ തറയിൽനിന്നും ഉയർന്നിരുന്ന അഴിഞ്ഞ വിഷഗന്ധംകൊണ്ടു ജനങ്ങൾ മരിച്ചുതുടങ്ങി. ഈ കഷ്ടാവസ്ഥയിൽ ആ വർഗ്ഗത്തിൽപ്പെട്ട സ്ത്രീജനങ്ങളും കുട്ടികളും കണ്ണീർ പൊഴിക്കുകയും പുരുഷന്മാർ നിരാശരാവുകയും ചെയ്തു. എന്നാൽ ഒരു കാര്യം അവർക്കു ബോദ്ധ്യമായി. രക്ഷ വേണമെങ്കിൽ ആ കാട്ടിൽനിന്നു നിഷ്ക്രമിക്കണം. അതിനു രണ്ടു മാർഗ്ഗങ്ങളേ ഉണ്ടായിരുന്നുള്ളു. അവരുടെ പഴയ നിവാസസ്ഥലത്തേയ്ക്കു അവർക്കു തിരിച്ചുപോകാം. പക്ഷെ അവിടെ ബലിഷ്ഠരും ദുഷ്ടന്മാരുമായ അവരുടെ ശത്രുക്കളെ നേരിടേണ്ടിവരും. അല്ലെങ്കിൽ കാട്ടിൽക്കൂടി അവർ മുന്നോട്ടു പോകണം. അവിടെയാകട്ടെ അവരുടെ മാർഗ്ഗമദ്ധ്യത്തിൽ ഭയങ്കരന്മാരായ വൃക്ഷരാക്ഷസന്മാർ കൊമ്പുകൾ പിണച്ചു തമ്മിലുരുമ്മി തിങ്ങിഞെരുങ്ങിനില്ക്കുന്നു. തറയോ; ചതുപ്പുനിലംപോലെ പുതയുമായിരുന്നു. പകൽസമയം ഈ വൃക്ഷങ്ങൾ നിശ്ശബ്ദരായി നിശ്ചഞ്ചലരായി വിളർത്തു വിഷാദമഗ്നരെന്നപോലെ നില്ക്കും. ഇരുട്ടായി, വിളക്കുകൾ കൊളുത്തിക്കഴിഞ്ഞാൽ ഈ മരങ്ങൾ പരസ്പരം കൂടുതൽ സമീപിച്ചു ജനങ്ങളെ ചുറ്റി കൂട്ടംകൂടി നിൽക്കുന്നതുപോലെ തോന്നും. രാത്രിയും പകലും അവർ ഈ ഇരുണ്ട ദുർഗ്ഗന്ധം നിറഞ്ഞ കാട്ടിൽ തിങ്ങിഞെരുങ്ങി കഴിഞ്ഞുകൂടി. പുല്ലുനിറഞ്ഞു തുറസ്സായ വിസ്തൃതമൈതാനപ്രദേശങ്ങളിൽ ജീവിച്ചു പഴകിയ ഈ ജനതയെ ഞെക്കിഞെരുക്കിക്കളയുവാൻ ആ വനം പൈശാചികത്വം ചെയ്യുമ്പോലെ തോന്നി. കൂടുതൽ ഭീതിജനകമായ ചില സന്ദർഭങ്ങളുണ്ടായിരുന്നു. മരങ്ങളുടെ മുകൾപ്പരപ്പിൽക്കൂടി കൊടുങ്കാറ്റു ചൂളിക്കൊണ്ടു പാഞ്ഞുപോകുമ്പോൾ ഭയാനകമായ ഒരു മുഴക്കംകൊണ്ടു ശ്മശാനയാത്രയിലെ വാദ്യഘോഷംപോലെ ആ വനാന്തരംഗം നിറഞ്ഞിരുന്നു. ഈ ജനങ്ങൾ വാസ്തവത്തിൽ ശക്തന്മാരായിരുന്നു. അവരെ തോല്പിച്ചവരെ അവർക്കു വീണ്ടും നേരിടാമായിരുന്നു. പക്ഷെ യുദ്ധംചെയ്തു മരിക്കാൻ അവർ തുനിഞ്ഞില്ല. എന്തെന്നാൽ അവർക്കു ചില പാരമ്പര്യങ്ങൾ പരിരക്ഷിക്കാനുണ്ടായിരുന്നു. അവർ മരിച്ചാൽ ആ പാരമ്പര്യവും അവരോടുകൂടി അവസാനിച്ചുപോകും. തന്നിമിത്തം ഭയങ്കരമായ മുഴക്കങ്ങൾക്കും വിഷഗന്ധങ്ങൾക്കും മദ്ധ്യേ ദുഃഖകരമായ ചിന്തകളോടുകൂടി അവർ ദീർഘരാത്രികൾ തള്ളിവിട്ടുകൊണ്ടിരുന്നു. ആ നിശാവേളകളിൽ അവർ കത്തിച്ചിരുന്ന ദീപങ്ങളുടെ നിഴലുകൾ അവരുടെ ചുറ്റും നിശ്ശബ്ദതാണ്ഡവം നടത്തി. അങ്ങനെ താണ്ഡവം നടത്തിയതു വെറും നിഴലുകൾ മാത്രമല്ലെന്നും, ഘോരാരണ്യത്തിന്റെയും ചതുപ്പുനിലത്തിന്റെയും ദുഷ്ടമായ ആത്മാവു് അതിന്റെ വിജയോത്സവം ആഘോഷിക്കുകയാണെന്നും തോന്നി. കഷ്ടം! ആ പാവങ്ങൾ അവിടെയിരുന്നു ദീർഘമായി ആലോചിച്ചു. ദുഃഖപൂരിതമായ ചിന്തകളെപ്പോലെ മനുഷ്യന്റെ ശരീരത്തെയും ആത്മാവിനെയും കരണ്ടുതിന്നുന്നതായി വേറൊന്നുംതന്നെയില്ല. ക്രമേണ ചിന്തമൂലം ഇവരുടെ ശക്തി ക്ഷയിച്ചുതുടങ്ങി. ഭയം അവരുടെ ഇടയിൽ പരന്നു. അതു അവരുടെ ബലിഷ്ഠഹസ്തങ്ങളെ ബന്ധിച്ചു. വിഷഗന്ധങ്ങൾനിമിത്തം മരിക്കുന്നവരെക്കുറിച്ചും ഭയംകൊണ്ടു ബന്ധിക്കപ്പെട്ടു ജീവിച്ചിരിക്കുന്നവരുടെ ഭാവിയെപ്പറ്റിയും സ്ത്രീജനങ്ങൾ നിരന്തരം വിലപിച്ചുകൊണ്ടിരുന്നു. ആ നിരന്തരവിലാപം അവിടെങ്ങും ഭയാനകത്വം വളർത്തി. ക്രമേണ ഭീരുത്വം നിറഞ്ഞ വാക്കുകൾ ആ വിപിനമെങ്ങും മാറ്റൊലിക്കൊണ്ടു. ആദ്യം അവ പതുക്കെ ആയിരുന്നു. പക്ഷെ കാലക്രമത്തിൽ അവ ഉച്ചത്തിലായി. ശത്രുമദ്ധ്യത്തിൽ പോയി തങ്ങളുടെ സ്വാതന്ത്ര്യം അവർക്കു കാഴ്ചവയ്ക്കുവാൻ ഈ ജനത ഇതിനിടയിൽ ഏതാണ്ടു തയാറായിക്കഴിഞ്ഞിരുന്നു. എന്നാൽ മരണഭയം അവരെ ആ ശ്രമത്തിൽനിന്നും പിൻവലിപ്പിച്ചു. അടിമജീവിതത്തെ ഒരു ഓറ്റ ഒരുത്തൻപോലും ഭയപ്പെട്ടില്ല. പക്ഷെ ആ സന്ദർഭത്തിൽ ഡാങ്കോ പ്രത്യക്ഷപ്പെടുകയും അവരെയെല്ലാം മറ്റു യാതൊരു സഹായവും കൂടാതെ രക്ഷപ്പെടുത്തുകയും ചെയ്തു.

* * *

ഡാങ്കോ അക്കൂട്ടത്തിൽ ഒരുത്തനായിരുന്നു. അയാൾ ഒരു സുന്ദരനായ യുവാവുമായിരുന്നു. സുന്ദരന്മാർ സദാ ധൈര്യശാലികളായിരിക്കുമല്ലോ? ആ യുവാവു് സഖാക്കളോടു പറഞ്ഞു: "വൃഥാ ചിന്തകൊണ്ടു് തടസ്സങ്ങൾ മാറുവാൻ സാദ്ധ്യമല്ല. ഒന്നും ചെയ്യാത്തവർക്കു് ഒന്നും പ്രാപിക്കുവാൻ കഴിയുകയില്ല. ചിന്തിച്ചും ദുഃഖിച്ചും നാം നമ്മുടെ ശക്തിയെ എന്തിനാണു് പാഴാക്കിക്കളയുന്നതു്. എഴുന്നേൽക്കുവിൻ! നമുക്കു ഈ കൊടുംകാട്ടിൽക്കൂടെ ഒരു മാർഗ്ഗം കണ്ടുപിടിക്കാം. ഈ ഘോരാരണ്യത്തിനും ഒരു അവസാനം കാണാതിരിക്കയില്ല. ഈ ലോകത്തിൽ ഒന്നുംതന്നെ അവധിയില്ലാത്തതല്ല. നമുക്കു് മുന്നോട്ടു പോകാം, വരുവിൻ".

അവർ അയാളുടെ മുഖത്തു നോക്കി. അവ

---

# പുലിയും പശുവും

എസ്. ഭാർഗ്ഗവി

കളിനേരമായപ്പോൾ ബാലികമാരെല്ലാം
കളിരങ്ഗശാലയിൽക്കൂടി.
നിഴലും വെളിച്ചവും വിളയാടും രംഗമൊ-
രഴകിന്റെ ചൈതന്യം നേടി.

തളിരിളംപാണികൾ തമ്മിലടിച്ചവർ
കളകളഗാനങ്ങൾ പാടി.
അലയുന്നചില്ലയിലോമൽക്കിളികളായ്
കലിതകൌതൂഹലമാടി.
കലുകിലെപ്പൊങ്ങും ചിരിയുമായുല്ലാസ-
കലികകൾ പിന്നെ നിരന്നു
പുലിയുംപശുവും കളിക്കാമിനിയെന്നു
'കല'യുടെ നാദമുയർന്നു.

'സരള' പുലിയായി 'ശാരി' പശുവായി
കരഘോഷം സമ്മതം നൽകി
വലയമായ് നിന്നവർ കൈകോർത്തു കാഞ്ചന-
വലയത്തിൽ ഭംഗിയെപ്പുൽകി.
പശിയോടെ ചുററിലും പായുന്നു ശാർദ്ദൂലം
പശുവിനെയാഞ്ഞുപിടിക്കാൻ.
ബലമായ ബന്ധനം ഭേദിച്ചുമാററണം
പുലിവീരനുള്ളിൽ കടക്കാൻ.

അറിയാതെതന്നെ പലപ്പോഴം 'പൂവാലി'
പുറമേ വരും പുല്ലുമേയും.
അരിയുടെ വായിൽപ്പെടാതെ പിടഞ്ഞോടി-
യഭയസങ്കേതമണയും.

മതിമോദം തുള്ളുന്ന പൂവിളംപാദങ്ങൾ
മഹിയുടെ മാറിൽപ്പതിഞ്ഞു.
ഇളകുന്ന ബാലതൃണങ്ങളാൽ വാത്സല്യ-
പുളകങ്ങൾ ദേവിയണിഞ്ഞു.
വെളുവെളെപ്പാൽച്ചിരിതൂവുന്ന മേഘങ്ങൾ
തെളിനീലവാനിൽ നിരന്നു.
കുരുവിയും മൈനയും മഞ്ഞക്കിളികളും
ചെറുപുള്ളും തത്തിപ്പറന്നു.
നിലപാടുതെററിയ പൂവാലി പെട്ടെന്നു
പുലിയുടെ തല്ലാൽ ഞെരിഞ്ഞു
തെരുതെരെക്കൈയടിച്ചെല്ലാരുമാഹ്ലാദ-
ത്ധരികയിൽ മുങ്ങിമറിഞ്ഞു.

പുതിയ പുലിയും പശുവുമായ്പ്പിന്നേയു-
മതുപോലെ ലീല തുടങ്ങി.
അവിരളഹർഷത്താൽ നാഴിക മൂന്നുനാ-
ലവരെപ്പുണർന്നുമടങ്ങി.

അഭിനന്ദനങ്ങളാം പൂക്കളാൽ മാരുത-
നഭിഷേകംചെയ്കയായ് ചാലേ.
ഇനി നാളെയാമെന്നു പോയ്മറഞ്ഞെല്ലാരു-
മരിയകിനാവുകൾപോലെ.

കളിയാണിതെങ്കിലും ഹിംസയെ ലാളിച്ചു
വളരുന്ന കൌതുകമേവം.
അവരറിയുന്നില്ല ലോകത്തിലായതിൽ-
പ്രവിഹാരമീകരഭാവം.

---

# * വൃന്ദാവനത്തിൽ

പാലാ നാരായണൻനായർ

ഒന്നു്

കതിരവനുയരുമ്പോൾ കാന്തിപൂരത്തിൽമുങ്ങി-
ക്കനകനിറമുലാവും ചാരുവൃന്ദാവനത്തിൽ,
തലയിലതിമനോജ്ഞം തൈർക്കുടംവച്ചു മന്ദ-
സ്മിതമൊടിതുവരുന്നു സുന്ദരീഗോപനാരു!......

രണ്ടു്

യമുനയിലലതല്ലുംമാരുതൻ തീരവല്ലീ-
കുസുമകിസലയത്തിൽത്തത്തി നൃത്തംതുടങ്ങി!...
കിളികൾ മധുരമായിപ്പാടിടുന്നു; വസന്തം
മിളിതരസമുണർന്നു; കാനനം ശ്രീനിധാനം!

മൂന്നു്

തരുനിരമറപററി,ത്താരൊളിപ്പട്ടുചുററി-
ക്കരിമുകിലണിവർണ്ണൻ കണ്ണനാനന്ദപൂർണ്ണൻ,
കരിവരനടയാളാ,ഗോപിതൻപിന്നിലെത്തി-
ക്കരതലധൃതദണ്ഡാൽ തൈർക്കുടം തല്ലിയിട്ടു.

നാലു്

തലയി,ലുടലിലാകെത്തൈരുവീണും നനഞ്ഞും
തരളമിഴിതിരിഞ്ഞു, കണ്ണനോടാൻതുനിഞ്ഞു!......
"തവ കപടകമിതേവംനല്ലതല്ലെ"ന്നരയ്ക്കും
തരുണിയുടെ കലാശംകണ്ടു രംഗംവിളങ്ങി.

അഞ്ചു്

"അരുതു, പരിഭവിക്കേണ്ടോമനേ! ക്രൂരതില്ലാ-
തരികിലിതുവിധം നീ പോകുവാനെന്തുബന്ധം?...
കരുതുകിവനു പാലും വെണ്ണയും നൽകിടാഞ്ഞാൽ,
വിരുതു പലതുകാട്ടും വീട്ടിലും കാട്ടിലും ഞാൻ"

ആറു്

"വനമിതു വിജനം ഹാ, കന്യയാമെന്നോടെന്തേ
വിനയലവമെഴാതെത്താൻ നീയെതിർക്കുന്നു കഷ്ടം!
വിനകളിതുസഹിക്കാനാവുകില്ലിന്നു, ഗോപീ-
തനയ! തവ വിനോദം സ്ത്രീകളോടല്ലവേണ്ടു!"

ഏഴു്

"മതിമുഖി, വിമലേ! ഞാൻ നൽകിടാം നഷ്ടമെല്ലാം
മതിസുഖമൊടു നമ്മൾക്കിങ്ങു പാടിക്കളിക്കാം
പുതിയപുതിയചെണ്ടും വണ്ടുമായ്ച്ചേർന്ന വല്ലി-
ക്കുടിലുകളിലിരുന്നും, പൂതരാഗംപകർന്നും!"

എട്ടു്

പരിഭവപരിതാപംപൂണ്ടു ചാരത്തുനിൽക്കും
പരഭൃതമൊഴിയെത്തൻകൈകളാൽത്താങ്ങി മന്ദം
പകരമുടലിലാളും തൈരു തുത്തും തുടച്ചും
പരിചൊടു നിടിലത്തിൽ ചുംബനംചെയ്തു കണ്ണൻ.

ഒൻപതു്

നളിനതതിവിളങ്ങും നല്ല കാളിന്ദിയാററിൻ-
പുളിനഭുവി മുകുന്ദൻ, ഗോപകന്യാസമേതൻ
കുളിരുടലുപുണർന്നും രാഗസാരംനുകർന്നും
കുതുകമൊടുനയിച്ചാൻ വാസരം ഭാസുരാഭം!!

---

* അഭിനയഗാനം:—നൃത്യകലാപ്രകടനത്തിനായി എഴുതിക്കൊടുത്തതു്.

തുടെക്കൂട്ടത്തിൽ അയാൾ ഒരു നായകനാണെന്ന് അവർക്ക് ബോദ്ധ്യപ്പെട്ടു. മഹത്തായ ശക്തിയും ചൈതന്യപ്രസരവും അയാളുടെ കണ്ണിൽ അവർ ദർശിച്ചു. 'ഞങ്ങളെ നയിക്കൂ!' അവർ പറഞ്ഞു. അങ്ങനെ അദ്ദേഹം അവരെനയിച്ചു.

*  *  *

അങ്ങനെ ഡെങ്കോ അവരെ നയിച്ചു. എല്ലാപേരും ഏകമോദേന അദ്ദേഹത്തെ അനുഗമിച്ചു. അദ്ദേഹത്തെ അവർ വിശ്വസിച്ചു. അവരുടെ മാർഗ്ഗം ദുർഗ്ഗമവും ദുർഘടവുമായിരുന്നു. എങ്ങും ഇരുട്ട്. ഓരോ അടി വെയ്പിലും പൂത്തുന്ന ചതുപ്പുനിലം, അതിന്റെ ദുർഗ്ഗന്ധമലീമസമായ വായ്പിളർന്ന് ആളുകളെ വിഴുങ്ങിക്കൊണ്ടിരുന്നു. മരങ്ങളാകട്ടെ ഒരു കോട്ടപോലെ അവരുടെ മാർഗ്ഗത്തെ തടഞ്ഞു. കൂട്ടിപിണഞ്ഞു നിന്നിരുന്ന ശിഖരങ്ങളും പാമ്പുകൾപോലെ ഇഴഞ്ഞുകിടന്നിരുന്ന വേരുകളും അവരുടെ മാർഗ്ഗത്തെ നിരോധിച്ചു. വിയർപ്പും രക്തവും കൂലികൊടുത്താണ് അവർ ഓരോ അടിയും മുന്നോട്ടു വച്ചതു്. വളരെദിവസങ്ങൾ അവർ ഇടവിടാതെ മുന്നോട്ടുപോയി. അവർ പോകുംതോറും കാട് ഘോരതരമായിത്തീർന്നു; അവരുടെ ശക്തി ക്ഷയിക്കുവാനും തുടങ്ങി. അവർ ഡാങ്കോയെപ്പററി പിറുപിറുക്കുവാനും, അയാൾ കേവലം യുവാവും പാകതയില്ലാത്തവനുമാണെന്ന് പഴിക്കുവാനും തുടങ്ങി. എവിടേയ്ക്കാണ് അയാൾ നയിക്കുന്നതെന്ന് അവർക്ക് മനസ്സിലായില്ല. പക്ഷെ അയാൾ അവരുടെമുമ്പിൽ ശാന്തനായി ഉന്മേഷവാനായി കാണപ്പെട്ടു.

ഒരുദിവസം പെട്ടെന്ന് ആ കാട്ടിൽ ഒരു കൊടുങ്കാററ് വീശുവാൻ തുടങ്ങി. മരങ്ങളുടെ മദ്ധ്യേ ഭയജനകമായ ഒരു ഇരമ്പൽ മുഴങ്ങിക്കൊണ്ടിരുന്നു. ആ കാനനം തമസ്സിൽ മുങ്ങി. ആദികാലംമുതൽക്കുള്ള ഘോരരാത്രികളിലെ അന്ധകാരം മുഴുവൻ തിങ്ങി ഞെരുങ്ങിനിന്നതുപോലെ അവിടം ഇരുണ്ടുകൂടി. ആ രാത്രിയിൽ ആ ചണ്ഡവാത്യയുടെ ഭീഷണരവം മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ ചെറിയ ഒരു ജനക്കൂട്ടം ആ മരങ്ങളുടെ ഇടയിൽക്കൂടി നീങ്ങുന്നുണ്ടായിരുന്നു. കാററിൽ ആടി ഉലഞ്ഞുകൊണ്ടിരുന്ന ആ വൃക്ഷരാക്ഷസന്മാർ ഇവരുടെ ഈ യാത്രകണ്ടുണ്ടായ കോപത്താൽ പരസ്പരം ഉരസി മുരമുരത്തു. ഇടയ്ക്കിടെ തെളിഞ്ഞുകണ്ട മിന്നലിന്റെ തണുത്തുനീലിച്ച വെളിച്ചം വന്നതുപോലെ വേഗത്തിൽ അന്തർദ്ധാനം ചെയ്തതേയുള്ളൂ. ആ ജനത ഭയന്നുപോയി. ആ തണുത്ത മിന്നൽപിണരേററ് തിളങ്ങിയ മരങ്ങൾ ജീവനുള്ളവയാണെന്നുപോലും അവർക്കുതോന്നി. ആ ഘോരതമസ്സിന്റെ അടിമത്വത്തിൽനിന്നും രക്ഷപ്പെട്ടുകളയാതെ തടുത്തുനിറുത്തുവാൻ അവരുടെ നീണ്ടുവളഞ്ഞ അനേകായിരം ബാഹുക്കൾ നാലുപാടും നീട്ടിപ്പിടിച്ചിരിക്കുന്നതായി അവർ വിചാരിച്ചു. തരുശാഖകളുടെ മദ്ധ്യത്തിലെ അന്ധകാരത്തിൽനിന്ന് ഭീഷണവും തമോവൃതവും ജഡവുമായ എന്തോ ഒന്ന് അവരെ തുറിച്ചുനോക്കി. അങ്ങനെ അതിദുർഗ്ഗമമായ ആ മാർഗ്ഗത്തിൽ സഞ്ചരിച്ച് അവർ തളർന്ന് നിരാശാവശംവദരായി. എന്നാൽ തങ്ങളുടെ ദൌർബല്യത്തെ ഏററുപറയുവാൻ അവർ ലജ്ജിച്ചു: തന്നിമിത്തം അവരുടെ ദേഷ്യം മുഴുവൻ അവരുടെ മുന്നിൽ നടന്നുകൊണ്ടിരുന്ന ഡാങ്കോയുടെനേരെ അവർ വിസർജ്ജിച്ചു. അയാൾക്ക് എങ്ങിനെയാണ് നയിക്കേണ്ടതു് എന്നറിവില്ലെന്ന് അവർ പരാതിപ്പെട്ടുതുടങ്ങി. ഹാ! അതിനെപ്പററി എന്തു വിചാരിക്കാനാണ്!

ഭയാനകമായ ശബ്ദംനിറഞ്ഞ ആ വിപിനമദ്ധ്യേ തളർന്നവശരായി ക്ലാന്തരായ ആ ജനത ഡാങ്കോയെ ശകാരിച്ചു—"ഹേ നീചാ! നിങ്ങളാണ് ഞങ്ങളുടെ ക്ലേശങ്ങൾക്ക് മുഴുവൻ കാരണഭൂതൻ. നിങ്ങൾ ഞങ്ങളെ നയിച്ച് നശിപ്പിച്ചു. ആ അപരാധത്തിന് നിങ്ങൾ ഇപ്പോൾ മരിക്കണം—"

ഡാങ്കോ തിരിഞ്ഞുനിന്ന് സാഭിമാനം അവരെനോക്കി പറഞ്ഞു; "ഞങ്ങളെ നയിക്കുക—എന്ന് നിങ്ങൾ എന്നോടുപറഞ്ഞു ഞാൻ നിങ്ങളെ നയിച്ചു. നയിക്കുവാൻ എനിക്ക് ധൈര്യം ഉള്ളതുകൊണ്ടാണ് ഞാൻ നിങ്ങളെ നയിക്കാൻ ഒരുമ്പെട്ടതു്. എന്നാൽ നിങ്ങളോ? നിങ്ങൾ സ്വയം എന്തു ചെയ്തു? നിങ്ങൾ നടക്കുകമാത്രമാണ് ചെയ്തതു! ആ ദീർഘയാത്രയെ സഹിക്കാനുള്ള ശക്തി നിങ്ങൾക്കില്ല. നിങ്ങൾ വൃഥാ നടക്കുന്നു. ഒരു ആട്ടിൻപററംപോലെ നടക്കുകമാത്രം ചെയ്തു"—പക്ഷേ ഈ വാക്കുകൾ അവരെ കൂടുതൽ കുപിതരാക്കുകയാണ് ചെയ്തതു്.

"നിങ്ങൾ മരിക്കണം! നിങ്ങൾ മരിക്കണം!"—അവർ നിലവിളിച്ചു.

ആ വനം അവരുടെ നിലവിളികൊണ്ട് പ്രതിധ്വനിച്ചു. കൊള്ളിയാൻ കൂരിരുട്ടിനെ ചീന്തിക്കീറി. താൻ ആർക്കുവേണ്ടി ഇത്രയും കഷ്ടതസഹിച്ചുവോ, അവരെ ഡാങ്കോ സൂക്ഷിച്ചുനോക്കി. തത്സമയം അവർ വെറും മൃഗപ്രായരാണെന്ന് അദ്ദേഹം കണ്ടു. അവർ അദ്ദേഹത്തെ വളഞ്ഞു. അവരിൽ ആരുടേയും മുഖത്ത് മനുഷ്യത്വത്തിന്റെ ലേശംപോലും കാണ്മാനില്ലായിരുന്നു. അവരിൽനിന്നും ഒരു കരുണയും പ്രതീക്ഷിക്കാനുമില്ലായിരുന്നു. ഡാങ്കോയുടെ ഹൃദയത്തിൽ കോപവഹ്നി ഉജ്ജ്വലിച്ചു. പക്ഷേ ആ സാധുക്കളോട് ദയവുതോന്നുകനിമിത്തം അദ്ദേഹം കോപത്തെ അടക്കി. അദ്ദേഹം അവരെ സ്നേഹിച്ചു. താനില്ലെങ്കിൽ അവർ നശിക്കുമെന്ന് അദ്ദേഹം അറിഞ്ഞു. അവരെ ഒരു എളുപ്പവഴി കാണിച്ചുകൊടുത്തു് രക്ഷിക്കുവാൻ അദ്ദേഹത്തിന്റെ ഹൃദയം ആശിച്ചു. ആ ഉൽക്കണ്ഠ അദ്ദേഹത്തിന്റെ നയനങ്ങളിൽ പ്രകാശിച്ചുകാണുകയുംചെയ്തു. ഇതുകണ്ടപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ കോപംകൊണ്ടാണ് ജ്വലിക്കുന്നതെന്ന് അവർ വിചാരിച്ചു. അതുകൊണ്ട് അവർ അരയും തലയും മുറുക്കി തയ്യാറായി. എന്തിന്? അദ്ദേഹം അവരുടെമേൽ ചാടിവീഴുമ്പോൾ ചെന്നായ്ക്കളെപ്പോലെ അദ്ദേഹത്തെ എതിർക്കാൻ. അവർ അദ്ദേഹത്തെ പിടികൂടി കൊല്ലുവാൻവേണ്ടി വളഞ്ഞു. അദ്ദേഹത്തിന് അവരുടെ ചിന്തകൾ എന്താണെന്ന് മനസ്സിലായി. ആ ഊഹം അദ്ദേഹത്തിന്റെ ഹൃദയാഗ്നിയെ കൂടുതൽ പ്രകാശമാനമാക്കി പ്രശോഭിപ്പിച്ചു. എന്തെന്നാൽ അവരുടെ ചിന്തകൾ അദ്ദേഹത്തെ ദുഃഖനിമഗ്നനാക്കി.

വനം അതിന്റെ വ്യസനപൂർണ്ണമായ വിലാപം മുഴക്കിക്കൊണ്ടിരുന്നു. മേഘരടിതം മുഴങ്ങുകയും ഘനാഘനങ്ങൾ ഘോരവർഷം ചൊരിയുവാൻ തുടങ്ങുകയും ചെയ്തു.

"ഈ ജനങ്ങൾക്കുവേണ്ടി എനിക്കെന്തു ചെയ്യുവാൻ കഴിയും"?—ഇടിനാദത്തെ തോല്പിക്കുന്ന സ്വരത്തിൽ ഡാങ്കോയുടെ ശബ്ദം മുഴങ്ങി.

പെട്ടെന്ന് അദ്ദേഹം തന്റെ മാറിടത്തിൽ കൈകൾ കുത്തിയിറക്കി. മാറിനെ രണ്ടായി പിളർന്ന് ഹൃദയത്തെ പറിച്ചെടുത്തു അതിനെ തലയ്ക്കുമുകളിൽ ഉയർത്തിപ്പിടിച്ചു!

അതു് സൂര്യനെപ്പോലെ, അഥവാ സൂര്യനെക്കാളും പ്രഭയോടെ പ്രകാശിച്ചു! ഇരുണ്ട കാനനം നിശ്ശബ്ദമായി. മനുഷ്യസ്നേഹത്തിന്റെ ഉജ്ജ്വലിക്കുന്ന ആ ദീപത്തിൽ അവിടമെങ്ങും തേജഃപൂർണ്ണമായി. ആ പ്രകാശംകണ്ട് ഭയന്ന് ഇരുട്ട് കാട്ടിന്റെ അന്തരാളത്തിലേയ്ക്കു പാഞ്ഞു മറഞ്ഞു. ആ മനുഷ്യരെല്ലാം അങ്ങനെ സ്തബ്ധരായി നിന്നു.

'നമുക്കു പോകാം' എന്നുള്ള ആഹ്വാനത്തോടുകൂടി തന്റെ ജ്വലിക്കുന്ന ഹൃദയംകൊണ്ട് മാർഗ്ഗത്തെ പ്രകാശമാനമാക്കിക്കൊണ്ട് ഡാങ്കോ മുന്നോട്ടു കുതിച്ചു.

മന്ത്രമുഗ്ദ്ധരെന്നപോലെ അവർ പുറകെ ഇരമ്പി പാഞ്ഞു. ആ ആരണ്യം വീണ്ടും ശബ്ദായമാനമായി. മരങ്ങൾ ആശ്ചര്യംകൊണ്ട് ചലിച്ചു. പക്ഷെ മുന്നോട്ടോടുന്ന ആളുകളുടെ പാദാഘാതംകൊണ്ട് മററു ശബ്ദങ്ങളെല്ലാം അടങ്ങി. എരിയുന്ന ആ ഹൃദയത്തിന്റെ അത്ഭുതകരമായ കാഴ്ചയിൽ ആകൃഷ്ടരായി അവരെല്ലാം ധൈര്യമായി അതിവേഗത്തിൽ മുന്നോട്ടു പാഞ്ഞു. ഈ അവസരത്തിലും ജനങ്ങൾ മരിച്ചുകൊണ്ടിരുന്നു. പക്ഷെ ഇപ്പോൾ അവർക്കു കണ്ണുനീരോ പരാതികളോ ഇല്ലായിരുന്നു. ഡാങ്കോ ഇപ്പോഴും അവരുടെ മുന്നണിയിൽ നീങ്ങുന്നുണ്ട്. അദ്ദേഹത്തിന്റെ ഹൃദയം ഉജ്ജ്വലമായി പ്രകാശിച്ചുകൊണ്ടിരുന്നു.

പെട്ടെന്ന് കാട് തെളിഞ്ഞുതുടങ്ങി. അവർ കാട്ടിനു പുറത്തായി. ആ കാട് ഇരുണ്ട് നിശ്ശബ്ദമായി അവരുടെ പിന്നിൽ അവശേഷിച്ചു. ഡാങ്കോയും അനുയായികളും പ്രകാശവും ശുദ്ധവായുവും നിറഞ്ഞതും മഴകൊണ്ട് മാലിന്യം മാറിയതുമായ ഒരു നവലോകത്തിൽ പ്രവേശിച്ചു. പിന്നിലുള്ള വനത്തിൽ കൊടുങ്കാററു ഇരമ്പിക്കൊണ്ടിരുന്നു. പക്ഷെ ഇവിടെയാകട്ടെ സൂര്യൻ തെളിഞ്ഞുപ്രകാശിച്ചു. ആ പുൽമൈതാനം ശ്വസിക്കുന്നതുപോലെ തോന്നി. തൃണാഗ്രങ്ങളിൽ വർഷബിന്ദുക്കൾ രത്നംപോലെ തിളങ്ങി. നദി സുവർണ്ണപ്രഭ ചിതറി. സായാഹ്നമാകയാൽ അസ്തമയാർക്കന്റെ ശോണകിരണകന്ദളങ്ങൾ നദീജലത്തിൽ പ്രതിബിംബിച്ചു പ്രകാശിച്ചു. (പിളർന്നെടുത്ത ഡാങ്കോയുടെ ഹൃദയത്തിൽനിന്നും പ്രവഹിച്ച ഉഷ്ണരക്തംപോലെ)

അഭിമാനിയും ധീരനുമായ ഡാങ്കോ തന്റെ മുമ്പിൽ പരന്നുകിടക്കുന്ന വിശാലമായ മൈതാനപ്രദേശത്തെ സൂക്ഷിച്ചുനോക്കി. ആ സ്വതന്ത്രമായ നാട്ടിനെ ആഹ്ലാദചിത്തനായി വീക്ഷിച്ചുകൊണ്ട് അദ്ദേഹം ചിരിച്ചു. ആ ചിരിയിൽ അഭിമാനത്തിന്റെ മണിനാദവും ഇടകലർന്നു മുഴങ്ങുന്നുണ്ടായിരുന്നു. അനന്തരം അദ്ദേഹം അവിടെ വീണു മരിക്കുകയുംചെയ്തു.

ആഹ്ലാദമത്തരായി ആശാനിർഭരഹൃദയരായ ആ ജനങ്ങൾ അദ്ദേഹംമരിച്ചതു കണ്ടില്ല. അദ്ദേഹത്തിന്റെ ജഡത്തിനരികിൽ അദ്ദേഹത്തിന്റെ ധീരഹൃദയം അപ്പോഴും ഉജ്ജ്വലിച്ചുകൊണ്ടിരുന്നതു അവർ കണ്ടില്ല. എല്ലാവരെയുംകാൾ കൂടുതൽ സൂക്ഷ്മതയുള്ള ഒരുവൻ മാത്രമേ ഇതു കാണുകയുണ്ടായുള്ളു. ആ കാഴ്ച അവനെ ഭയാകുലനാക്കുകയും അവൻ ആ അഭിമാനപൂർണ്ണമായ ഹൃദയത്തിൽ ഭയംകൊണ്ട് തൊഴിക്കുകയും ചെയ്തു. ആ ഹൃദയം തീപ്പൊരികളായി ചിന്നിച്ചിതറുകയും അങ്ങനെ അണയുകയും ചെയ്തു.

ഈ സംഭവംനിമിത്തമാണ് കൊടുങ്കാററടിക്കുന്നതിനുമുമ്പ് ഈ മൈതാനപ്രദേശത്തു് നീലസ്ഫുലിംഗങ്ങൾ പ്രത്യക്ഷപ്പെടുന്നതു്".

ആ വൃദ്ധ കഥ അവസാനിപ്പിച്ചു.

—o—

# പരമായുസ്സ് ഒരുദിവസം

തോപ്പിൽ ഗോപാലപിള്ള.

ഒരു പകൽമാത്രം ജീവിച്ചിരിക്കുന്ന ചെറുപ്രാണിവർഗ്ഗത്തിലെ ഒരു ദീർഘായുഷ്മന്റെ ചരമോപദേശം അരിസ്റ്റോട്ടിൽ നല്കിയിട്ടുള്ളതു വായനക്കാർക്ക് രുചിക്കുമെന്നു വിശ്വസിക്കുന്നു. അനേകസംവത്സരങ്ങൾ പിന്നിലാക്കിയിട്ടുള്ള മനുഷ്യജാംബവാന്മാർക്കും ഇതിലുപരിയായ ചരമോപദേശം നൽകുന്നതു സാദ്ധ്യമോ എന്നു ചിന്തിച്ചു നോക്കുക.

ഒരുപകൽമാത്രം ജീവിച്ചിരിക്കുന്ന ചില ചെറിയ പ്രാണികൾ ഹിപ്പാനിസ് എന്ന നദിയിൽ ഉണ്ടെന്നു അരിസ്റ്റോട്ടിൽ പറഞ്ഞിരിക്കുന്നു. കാലത്തു എട്ടുമണിക്കു മരിക്കുന്നവർ അല്പായുസ്സുകളും, വൈകിട്ടു അഞ്ചുമണിക്കു കാലധർമ്മംപ്രാപിക്കുന്നവർ അന്യന്മാരെഅപേക്ഷിച്ചു ദീർഘായുഷ്മാന്മാരും ആണെന്നു ഗണിക്കപ്പെടുന്നു.

ഈ ഹിപ്പാനിസ് നിവാസികളിൽ കാലത്തോളം പ്രായംചെന്ന ഒരു ചിരംജീവിയുടെ അവസ്ഥ എന്തായിരിക്കാം എന്നു ആലോചിക്കാം. അവൻ നല്ല കായബലമുള്ളവനായിരിക്കണം എന്നുള്ളതിൽ സംശയമില്ലല്ലോ. അവൻ പ്രഭാതത്തിൽ ജീവധാരണം തുടങ്ങിയിരിക്കണം. അരോഗദൃഢഗാത്രത്തിന്റെ ഫലമായിട്ടു പത്തോ പന്ത്രണ്ടോ മണിക്കൂറിലുള്ള അനവധി മാത്രകളുടെ യാനകാലംമുഴുവൻ തന്റെ പ്രാണനെ രക്ഷിക്കാൻ അവൻ ശക്തനായിത്തീർന്നു. അന്യാദൃശമായ ഈ ദീർഘായുഷ്കാലംകൊണ്ട് അയാൾ തന്റെ സ്വന്തപരിചയത്താലും, തനിക്കു വിഷയഗോചരങ്ങളായ സംഗതികളെക്കുറിച്ചു ചെയ്തിട്ടുള്ള പര്യാലോചനയാലും ഒട്ടുവളരെ ജ്ഞാനം സമ്പാദിച്ചിരിക്കണം എന്നു പറയേണ്ടതില്ലല്ലോ. മദ്ധ്യാഹ്നത്തിൽ മരിച്ചുപോയവർ ഭാഗ്യവാന്മാരാണെന്നും, വാർദ്ധക്യസഹജമായ അസൌഖ്യങ്ങൾക്കു വശംവദരാകാതെ അവർ പരമപദം പ്രാപിച്ചല്ലോ എന്നും ഓർത്തു അയാൾ അവരെ അനുമോദിക്കുന്നു. തന്റെ വർഗ്ഗത്തിൽ ഒടുവിലൊടുവിൽ ജനിച്ചവരുടെ ഓർമ്മയ്ക്കു പൂർവികമായും അത്യന്തം അത്ഭുതകരമായുംഉള്ള ഒരു കഥയെ തന്റെ പുത്രപൌത്രാദികളോടു പറയാൻ അയാൾക്കുണ്ടായിരിക്കും. പത്തും ഇരുപതും അമ്പതും അറുപതും ക്ഷണങ്ങൾമാത്രം പ്രായമുള്ളവരായ ആ യുവജനങ്ങൾ പൂജ്യപാദനായ പിതാവിന്റെ സന്നിധിയിൽചെന്നു ജ്ഞാനോൽപാദകമായ അദ്ദേഹത്തിന്റെ പ്രസംഗത്തെ സാവധാനമായും സശ്രദ്ധമായും കേൾക്കുന്നു. പരിമിതായുസ്സുകളായ അവർക്കു അദ്ദേഹംപറയുന്ന ഓരോസംഗതിയും അത്യന്തം വിശിഷ്ടമായിത്തോന്നുന്നു. സൃഷ്ടിമുതൽ പ്രളയംവരെയുള്ള കാലംമുഴുവൻകൂടി അവർക്കു ഒരു പകൽമാത്രമാണല്ലോ. അവരുടെ ശാസ്ത്രപ്രകാരം സൂര്യോദയകാലം മഹൽസൃഷ്ടികാലം എന്നു പറയപ്പെടുന്നു.

ഹിപ്പാനിസ്സിലെ ജാംബവാനായ ഈ ഗുരുപാദർ അസ്തമയത്തോടുസമീപിച്ച്, തന്റെ പരലോകയാത്രയ്ക്കു അല്പംമുമ്പായിട്ട്, തന്റെ പിൻഗാമികൾ, സുഹൃത്തുകൾ, പരിചിതന്മാർ ഇവരെഒക്കെയുംകൂടി തന്റെ ചരമോപദേശത്തെ അവർക്കു കൊടുക്കാനായിട്ടു അടുക്കൽ വിളിച്ചുവരുത്തുന്നു. അവർ നാനാഭാഗങ്ങളിൽനിന്നും ഒരു കുമിളിന്റെ അതിവിശാലമായ ഛായയിൽ വന്നുചേരുന്നു. മ്രിയമാണനായ ആ മഹാജ്ഞാനി അവരോടു ഇപ്രകാരം പറയുന്നു—

"അല്ലയോ സുഹൃത്തുക്കളെ, എന്റെ ദീർഘതമമായ ആയുസ്സ് ഇവിടെ അവസാനിക്കുമെന്നുതന്നെ തോന്നുന്നു. എന്റെ കാലാവധി കഴിയാറായിരിക്കുന്നു. എന്റെ ഈ വിധിയെ ഞാൻ ഒട്ടുംതന്നെ അനുശോചിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഈ മഹാദീർഘായുസ്സ് എനിക്കുതന്നെ ഒരു ഭാരമായിത്തീർന്നിരിക്കുന്നു. എനിക്ക് ഇനിയും ഈലോകത്തിൽ പുതിയതായി എന്തെങ്കിലും ഉണ്ടായിരിക്കുമെന്നും തോന്നുന്നില്ല. എന്റെ രാജ്യത്തെ കേവലം വിജനപ്രായമാക്കിത്തീർത്തിട്ടുള്ള ഉൽപാതങ്ങളും നമുക്ക് എല്ലാവർക്കും ഉണ്ടാകാവുന്ന യാദൃച്ഛികസംഭവങ്ങളും നമ്മുടെ ജനസാമാന്യത്തെ ബാധിക്കാവുന്ന അസ്വാസ്ഥ്യങ്ങളും, എന്റെ സ്വന്തകുടുംബത്തിൽതന്നെ നേരിട്ടിട്ടുള്ള ദുരദൃഷ്ടങ്ങളും, എന്നുവേണ്ടാ, എന്റെ അതിദീർഘമായ ഈ ആയുഷ്കാലത്തിൽ ഞാൻ അനുഭവംകൊണ്ടും, കണ്ടും കേട്ടും അറിഞ്ഞിട്ടുള്ളതൊക്കെയും ഒരു മഹത്തായ തത്വം എന്നെ നല്ലവണ്ണം പഠിപ്പിച്ചിരിക്കുന്നു. ആയതെന്തെന്നാൽ, നമ്മുടെ ശക്തിയിൽ ഉൾപ്പെടാത്ത വസ്തുക്കളിൽ നമുക്ക് ഉണ്ടെന്നു തോന്നുന്നതായ ആനന്ദം ഒരിക്കലും ദൃഢമായും ശാശ്വതമായും ഇരിക്കാൻ പാടില്ലെന്നാകുന്നു. ഒരിക്കൽ ഒരു വംശം മുഴുവൻ ഒരു കൊടുങ്കാററിനാൽ നശിപ്പിക്കപ്പെട്ടു. അപ്രതീക്ഷിതവും ബലവത്തുമായ ഒരു ഇളംകാററു വിവേകശൂന്യമായ ഒരു യുവസമൂഹത്തെ വെള്ളത്തിൽ അടിച്ചിട്ടുകളഞ്ഞു. പെട്ടെന്നുണ്ടാകുന്ന ഒരു വൃഷ്ടിയാൽ എത്ര ഭയങ്കരമായ വെള്ളപ്പൊക്കമാണുണ്ടാകുന്നതു്! നമ്മുടെ ബലിഷ്ഠങ്ങളായ ഭവനങ്ങൾപോലും ഒരു അശ്മവർഷം സഹിക്കാൻ മതിയാകയില്ല. ഒരേഒരു കാർമേഘം അത്യന്തം ധീരമായ ഹൃദയത്തിൽപോലും ഭയംജനിപ്പിക്കും.

"എന്റെ ചെറുപ്പകാലങ്ങളിൽ എന്നേക്കാൾ ആകാരപുഷ്ടിയും കായബലവും ഉള്ളവരും വാസ്തവത്തിൽ ഇപ്പോഴത്തെ ആളുകളെക്കാൾ അറിവുള്ളവരുമായ മഹാന്മാരോടു് ഞാൻ സ്വൈരസല്ലാപം ചെയ്യാറുണ്ടായിരുന്നു. ഇപ്പോൾ ഭൂമിയിൽനിന്നും അധികം ദൂരത്തല്ലാതെ കടലിന് അക്കരെ കാണപ്പെടുന്ന ഈ സൂര്യൻ പണ്ട് ആകാശമദ്ധ്യത്തിൽ സ്ഥിരനായി നിന്ന് തന്റെ കഠോരകിരണങ്ങളെ നമ്മുടെമേൽ നേരെ പതിപ്പിക്കുന്നതു ഞാൻ കണ്ടിട്ടുണ്ടെന്നു പറയുമ്പോൾ നിങ്ങൾ എന്റെ വാക്കുകളെ വിശ്വസിക്കാതിരിക്കാനാണു എളുപ്പം. എങ്കിലും അതു സത്യമാണെന്നു ഞാൻ ഉറപ്പായിട്ടുതന്നെ പറയുന്നു. പൂർവകാലങ്ങളിൽ ഭൂമിക്കു ഇപ്പോഴത്തേക്കാൾ കനക്കുറവും വായുമണ്ഡലത്തിന് അധികം ചൂടും ഉണ്ടായിരുന്നെന്നു എന്റെ അനുഭവത്തിൽനിന്നും എനിക്കു ധൈര്യമായിട്ടുതന്നെ പറയാൻ കഴിയും. നമ്മുടെ പൂർവികന്മാർ നമ്മെക്കാൾ മിതഭുക്കുകളും, സദ്വൃത്തന്മാരും, ധീരന്മാരും ആയിരുന്നു എന്നുള്ളതു വെറും പരമാർത്ഥം മാത്രമാണ്.

"എന്റെ ഇന്ദ്രിയങ്ങളെ ശക്തിക്ഷയം ബാധിച്ചിരിക്കുന്നുവെങ്കിലും എന്റെ ധാരണാശക്തിക്കു ഒട്ടുംതന്നെ ന്യൂനത വന്നിട്ടില്ല. ഈ പ്രതാപവത്തായ തേജഃപുഞ്ജം സഞ്ചരിക്കുന്നുണ്ടെന്നു അനായാസേന നിങ്ങൾക്കു ബോധപ്പെടുന്നതാണ്. അതു ആ മലയുടെ മുകളിൽ ഉദിച്ചുയരുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഏകദേശം അതിന്റെ യാത്രാരംഭത്തോടുകൂടിത്തന്നെ ഞാനും ജീവിതയാത്ര തുടങ്ങിയെന്നുതന്നെ പറയാം. അനേകം വർഷശതങ്ങൾ (ഏകദേശം ഇരുപതിനായിരം സെക്കന്റു)കൊണ്ട് അതു ആകാശത്തിൽ അതിക്രമിച്ച്, നിങ്ങളുടെ ഊഹത്തിനുപോലും കേവലം അഗോചരമായി വിസ്മയനീയമാംവണ്ണം പ്രഭയും പ്രതാപവും ഉള്ളതായിത്തീർന്നു. നിങ്ങൾ അന്നു ഉണ്ടായിരുന്നെങ്കിൽ അതിനെ സഹിക്കുമായിരുന്നോ എന്നു ഞാൻ ബലമായിട്ടു സംശയിക്കുന്നു. എന്നാൽ ഇപ്പോൾ അതിനുണ്ടായിട്ടുള്ള ഈ പതനവും അതിന്റെ പ്രതാപത്തിൽ പ്രത്യക്ഷമായി സംഭവിച്ചിട്ടുള്ള ക്ഷൈണ്യവുംകൊണ്ടു പ്രകൃതിയുടെ വ്യാപാരം ഒക്കെയും അചിരേണ അവസാനിക്കുമെന്നും, ഈ ലോകംതന്നെ ഏതാനും മാത്രകൾക്കകം അന്ധകാരബധിരിതമായിത്തീരുമെന്നും ഞാൻ ദിവ്യചക്ഷുസ്സുകൊണ്ട് എന്നപോലെ കാണുന്നു.

"ആഹാ! സുഹൃത്തുക്കളെ, എനിക്കു് ഈ ലോകത്തിൽ ഒരു ചിരംജീവിയുടെ സ്ഥാനം കിട്ടുമെന്നു ആശാമൂഢനായിട്ടു ഒരുകാലത്തു ഞാൻ എത്രമാത്രം അഹംകാരപരതന്ത്രനായിത്തീർന്നിരുന്നു! ഞാൻ ആകാശദേശത്തിൽ നിർമ്മിച്ച സൌധങ്ങൾ എത്രമാത്രം ഉന്നതങ്ങളായിരുന്നു! എന്റെ അംഗങ്ങളുടെ ദാർഢ്യത്തിലും, അവയുടെ അനായാസേനയുള്ള വ്യാപരണത്തിലും പക്ഷങ്ങളുടെ ബലത്തിലും എന്തൊരു വിശ്വാസമാണെനിക്കു ഉണ്ടായിരുന്നതു്! പക്ഷേ ഞാൻ വേണ്ടിടത്തോളം അഥവാ അതിലധികം ജീവിച്ചിരുന്നിരിക്കുന്നു എന്നുതന്നെ പറയാം, എന്നാൽ ഈ ചാരിതാർത്ഥ്യം എന്നെ ഈയവസരത്തിൽ വിട്ടുപിരിയാൻപോകുന്ന നിങ്ങൾക്കുംതന്നെ അചിരാൽ ഭാവിയായ തമിസ്രകാലത്തിൽ ഉപലഭ്യമല്ലല്ലോ എന്നു ഞാൻ നിർവ്യാജം വ്യസനിക്കുന്നു. കാലഗതിയെ മാററാൻ ഈശ്വരനും കഴികയില്ലല്ലോ."

—o—

# പ്രയാഗിലെ കുംഭമേല

ഭാരതത്തിന്റെ മുക്കിലും മൂലയിലും ഉള്ള ആളുകൾ ഈ അവസരത്തിൽ പ്രയാഗിലെ കുംഭോത്സവത്തിൽ പങ്കുകൊള്ളാൻ തടിച്ചുകൂടിക്കൊണ്ടിരുന്നു. എന്നാൽ ഈ കുംഭോത്സവം എന്താണ്? എന്തിന്? എങ്ങിനെ? എവിടെ ഉണ്ടായി? അതിൽ പങ്കുകൊള്ളുന്നതുകൊണ്ടുള്ള ഫലമെന്ത്? ഇത്യാദിവിഷയങ്ങളിൽ സാമാന്യജനങ്ങളുടെ ജ്ഞാനം കേവലം പരിമിതമാണ്. അതേക്കുറിച്ച് ചിന്തിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

വള്ളംകുളം കെ. ജി. കെ. നായർ

കുംഭം എന്നുപറഞ്ഞാൽ കുടം (കലശം) എന്ന അർത്ഥം വിദിതമാണല്ലോ. എന്നാൽ പ്രസ്തുത കുംഭം ഒരു വിശേഷതയുള്ളതാണ്. പുരാണങ്ങളിൽനിന്ന്, ഹിമാലയത്തിനടുത്ത് ഉത്തരദിശയിൽ പാലാഴി എന്ന കടലുണ്ടെന്ന് ഗ്രഹിക്കാവുന്നതാണ്. മന്ദരാചലത്തെ മത്തു ആക്കി, വാസുകിനാഗത്തെ കയറായുപയോഗിച്ചു ദേവതകളും അസുരന്മാരും ഓരോവശത്തുനിന്നുകൊണ്ട് പ്രസ്തുത സാഗരത്തെ കടഞ്ഞു. അതിന്റെ ഫലമായി കാളകൂടവിഷം ആദ്യം ആവിർഭവിച്ചു. ആ വിഷജ്വാലയിൽ വിശ്വം വിഷപൂർണ്ണമാകുന്നതുകണ്ടു ഭഗവാൻ പരമേശ്വരൻ അതിനെ ഗളസ്ഥമാക്കി നീലകണ്ഠനാമത്തെ സമാർജ്ജിച്ചു. അതിനുശേഷം അമൂല്യങ്ങളായ പലരത്നങ്ങളും ആവിർഭവിച്ചു. പുഷ്പകവിമാനം, ഐരാവതംഎന്ന ഗജേന്ദ്രൻ, പാരിജാതവൃക്ഷം, വീണാവാദ്യാദി സമസ്തകലാസമ്പൂർണ്ണമായ രംഭ എന്ന അപ്സരസ്ത്രീ, കൗസ്തുഭമണി, കമലപുഷ്പം, കാമധേനു, ഉച്ചൈശ്രവസ്സ് എന്ന അശ്വവീരൻ, ഇത്യാദി പ്രസ്തുതാവസരത്തിൽ പ്രത്യക്ഷപ്പെട്ടതാണ്. കലാകുശലനായ വിശ്വകർമ്മാവും കൂടാതെ അമൃതകലശധാരിയായ ഭഗവാൻ ധന്വന്തരീമൂർത്തിയും പ്രസ്തുത പ്രയത്നത്തിന്റെ പ്രകൃഷ്ടഫലങ്ങളും ആണ്. കിംബഹുനാ, പതിനാല് പാവനരത്നങ്ങളും തൽഫലമായി ഉൽഭൂതമായി.

## കുംഭോത്സവത്തിന്റെ ഉല്പത്തി

അമൃതകലശം സകലരെയും സമാകർഷിച്ചു. വിഷ്ണുഭഗവാന്റെ കൃപാവൈഭവത്താൽ ലബ്ധമായ ഈ കലശം കരസ്ഥമാക്കുവാൻ ദേവന്മാരുടെയും ദാനവന്മാരുടെയും അകം കൊതിച്ചു. ദേവന്മാരുടെ പ്രേരണയ്ക്കു വിധേയനായി ഇന്ദ്രപുത്രനായ ജയന്തൻ അമൃതകലശം അപഹരിച്ചു. ദൈത്യപുരോഹിതനായ ശുക്രാചാര്യന്റെ ദൃഷ്ടിയിൽ ഇതു പെട്ടു. വാസുകിയുടെ വിഷംകലർന്ന വായുവിൽ നില്ക്കൊണ്ടിരുന്ന അസുരന്മാർക്ക് അതു കാണുവാൻ കഴിഞ്ഞില്ല. ശുക്രാചാര്യന്റെ വാക്കുകളാൽ കാര്യംഗ്രഹിച്ച ദാനവന്മാർ ജയന്തനെ പിൻതുടർന്നുതുടങ്ങി. ഭയഭീതനായ ജയന്തൻ രാപകലെന്യേ പന്ത്രണ്ടുദിവസം പ്രാണരക്ഷാർത്ഥം പലായനംചെയ്തു. ദാനവന്മാർ അദ്ദേഹത്തെ അനുധാവനംചെയ്കയും ചെയ്തിരുന്നു. വിവശനായ ജയന്തനിൽനിന്നും അസുരന്മാർ കലശത്തെ കരുത്തുകൊണ്ടു കൈക്കലാക്കി എങ്കിലും ജയന്തൻ ഹതാശനായില്ല. ദൈത്യന്മാരുടെ കയ്യിൽനിന്നും വീണ്ടും അദ്ദേഹം അതു സ്വാധീനമാക്കി. ഈ 'പിടിച്ചുപറി' ഇങ്ങനെ തുടർന്നുകൊണ്ടേയിരുന്നു. കാശ്യപന്റെ പുത്രന്മാരായ സുരാസുരന്മാർക്ക് ആദ്യം അമൃതപാനം ചെയ്യുന്നതിനുള്ള അത്യാശയായിരുന്നു ഈ മത്സരത്തിനു നിദാനം. സോദരന്മാർ തമ്മിലുള്ള പോരായിരുന്നു അത്. ഇരുവരും ഒരുമിച്ചാണു സാഗരമഥനം സാധിച്ചത്. വാസുകിയുടെ വായ്ക്കു പിടിച്ചിരുന്ന അസുരന്മാർക്കാണു ആദ്യം അമൃതപാനം നടത്തുന്നതിനുള്ള അവകാശം എന്നു സാമാന്യബുദ്ധിക്കു സമ്മതിച്ചു കൊടുക്കാവുന്നതാണ്. മറിയാകതാനും!

## കുംഭവും അർദ്ധകുംഭവും

വിഷ്ണുഭഗവാൻ ഈ മത്സരത്തിനു അറുതിവരുത്തി. മോഹിനീരൂപം ധരിച്ചു അസുരന്മാരെ പാട്ടിലാക്കി അദ്ദേഹം ദേവതകൾക്കു അമൃതപാനത്തിനു അവസരം നൽകി. ഈ മത്സരത്തിനിടയിൽ ഈ കുംഭം എവിടെവിടെ വീണുവോ അവിടെയെല്ലാം ഈ കുടത്തിന്റെ പേരിൽ കുംഭോത്സവം ആഘോഷിക്കപ്പെടുന്നു. കുടത്തെ നഷ്ടപ്പെടുത്താതെ സൂര്യൻ, ചന്ദ്രൻ, ബൃഹസ്പതി, ശനി എന്നീ നാലു ദേവന്മാർ സംരക്ഷിച്ചു. സൂര്യന്റെ സൂക്ഷ്മതകൊണ്ടു കുടം ഉടഞ്ഞില്ല. അമൃതാംശുവിന്റെ കരുതൽകൊണ്ടു അമൃതു ഒഴുകിപ്പോയില്ല. അസുരന്മാരുടെ അധീനതയിലാകാതെ ബൃഹസ്പതി പരിരക്ഷിച്ചു. ഇന്ദ്രനെ ഭയപ്പെടുത്തി, അന്യരുടെ കൈവശം ആകാതിരിക്കാൻ ശനിഭഗവാനും യത്നിച്ചു.

ഇക്കാരണത്താൽ സൂര്യചന്ദ്രബൃഹസ്പതികളുടെ നില ഏകരാശിയിലുണ്ടാകുമ്പോഴും ഭൂമിയിൽ കുംഭോത്സവം ഉണ്ടാകുന്നു. ആകെ പന്ത്രണ്ടു കുംഭോത്സവങ്ങളാണുള്ളത്. അവയിൽ നാലുമാത്രം ഈ ലോകത്തു നടത്തപ്പെടുന്നു. ഭൂമിയിലെ നാലു സ്ഥാനങ്ങളും നാസിക്, ഉജ്ജയിൻ, ഹരിദ്വാർ, പ്രയാഗ് എന്നിവയാണ്. ആറാംവർഷത്തിൽ അർദ്ധകുംഭയോഗവും പന്ത്രണ്ടാംവർഷത്തിൽ പൂർണ്ണകുംഭയോഗവും പ്രയാഗിൽ ഉണ്ടാകുന്നു. ബൃഹസ്പതിവർഷത്തിലും സൂര്യൻ മകരത്തിലും വരുന്ന അമാവാസിയോഗത്തിലാണു ഈ യോഗം ഉണ്ടാകുന്നത്. സ്കാന്ദപുരാണത്തിലും വിഷ്ണുപുരാണത്തിലും കുംഭോത്സവസ്നാനത്തിന്റെ അനന്തഫലങ്ങളെ വർണ്ണിച്ചിട്ടുണ്ട്. ആ സ്നാനം ശാസ്ത്രാനുസരണം വേണമെന്നുള്ളതു അനിവാര്യമാണ്. കുംഭം സർവ്വദേവമയമാണ്. വദനത്തിൽ വാസുദേവനും കണ്ഠത്തിൽ നീലകണ്ഠനും ആദിയിൽ വിധാതാവും മദ്ധ്യത്തിൽ മാതൃഗണങ്ങളും ഉദരത്തിൽ സാഗരവും പൃഥിവിയും വേദഃവദാംഗങ്ങളും വിരാജിക്കുന്നു. പ്രസ്തുത വിരാട്‌രൂപത്തെ ധ്യാനിച്ചുകൊണ്ടും അതിന്റെ ആവിർഭാവാവസരത്തെ അനുസ്മരിച്ചുകൊണ്ടും ധ്യാനനിരതനാകുന്നവനേ അതിന്റെ പൂർണ്ണഫലപ്രാപ്തി ഉണ്ടാകയുള്ളൂ.

## പ്രയാഗിന്റെ പ്രശസ്തി

പ്രയാഗിനെപ്പോലുള്ള പുണ്യസ്ഥാനത്തിന്റെ മഹിമയെക്കുറിച്ചു എന്തു പറയാനാണ്. യുഗയുഗാന്തരങ്ങളായി കീർത്തിക്കപ്പെട്ടുവരുന്ന പുണ്യസ്ഥാനമാണു പ്രയാഗ്. യജ്ഞാദികൾ ഇവിടെധാരാളമായി നടത്തപ്പെട്ടിട്ടുണ്ട്. ത്യാഗികളും യോഗികളും മഹാപുരുഷന്മാരും ഇവിടെ ആവാസമുറപ്പിച്ചിട്ടുണ്ട്. കൃഷ്ണഭഗവാന്റെ പ്രേരണയ്ക്കു വശംവദരായി ഭാരതയുദ്ധത്തിൽ പങ്കെടുത്തു പാണ്ഡവർ വിജയശ്രീലാളിതരായി എങ്കിലും സഹോദരനിഗ്രഹവ്യഗ്രതനിമിത്തം വിവശനായി ധർമ്മപുത്രൻ കാലം കഴിച്ചുകൂട്ടുകയായിരുന്നു. പുരാണകഥാനുസരണം യുധിഷ്ഠിരൻ ഹസ്തിനപുരത്തിൽവച്ചു രക്ഷാമാർഗ്ഗം കാണാതെ പൊട്ടിക്കരഞ്ഞുപോയി. ഉപദേശങ്ങൾ നൽകി സഹായിക്കാൻ ആരെയും കാണാതെ അദ്ദേഹം ഹതാശനായി നിത്യവും അശ്രുസ്നാനം ചെയ്തുകൊണ്ടേയിരുന്നു. കാശിനിവാസിയായ മാർക്കണ്ഡേയമഹർഷി ഇക്കാര്യം എങ്ങനെയോ ധരിച്ചു. അദ്ദേഹം ഹസ്തിനപുരത്തിൽ എത്തി. യുധിഷ്ഠിരനോടു അദ്ദേഹം അരുളിച്ചെയ്തതു എന്താണ്? "യുധിഷ്ഠിരാ! നീ പാപമറ്റവനാണ്. ക്ഷത്രിയോചിതകർമ്മമേ നീ ചെയ്തിട്ടുള്ളൂ. എന്നിരുന്നാലും നീ ആയുസ്സിന്റെ അവസാനം പ്രയാഗിൽ ചെലവഴിക്കണം. നിശ്ചയമായും നിനക്കു മുക്തി സിദ്ധിക്കുന്നതാണ്". ഇതിൽനിന്നു പ്രയാഗിന്റെ പ്രശസ്തത പ്രകടമാണല്ലോ.

* ഹിന്ദിയിൽനിന്ന്



പുതിയ നാലാമത്തെ സീലാഡ് (സമുദ്രാധിപതി) ആയ വൈസ് അഡ്മിറൽ മൗണ്ട് ബാററൻപ്രഭു 1913-ൽ ഒരു കെഡററ് എന്ന നിലയിൽ റായൽ നേവിയിൽ പ്രവേശിച്ച ഇദ്ദേഹം 1942-43-ൽ സംയുക്തപ്രവർത്തനങ്ങളുടെ മേധാവിയും 1943-46-ൽ തെക്കുകിഴക്കേ ഏഷ്യയിലെ പരമാധികാരകമാൻററും 1947 ആഗസ്റ്റിൽ ഇന്ത്യാവൈസ്രായിയും ആയിരുന്നു.


List of 1st Prize Winners' names for C. No. 24;— (1) J. S Bhatia, Gurgaon, (2) A. Bahl, Jullunder, (3) G. D. Balji, N. Kanara. (4) Master Ram, Kapurthala. (5) S. D. S Sandhu, Ludhaina. (6) Srivatsava, Mirzapur. (7) J. K. V. Nathan, Mysore. (8) Rajeswari Pd Ballia (9) S. B. Bander, Aurangabad. (10) V. C. Swamy, Melpatti. (11) G. S. Bhatia, Delhi. (12) T. G E Reddy, Trivellore. (13) Jalaja, Bombay. (14) N. Vibhishan, Vellore. (15) M. Nanumal, Rajasthan. (16) K. Kuttyamma, Travancore. (17) J P Mehta, Saurashtra (18) D Lingaiah, Kollegal (19) B . Luke, Orissa. (20) P. K. Agarwal, Satara. (21) Sorboya, Bombay (22) M. D. Swamy, Arni. (23) R. Krishnan, Jaisalmer, (24) T. Tirupathy, Koraput (25) H. N. Ibrahim, Meerut. (26) O K. M. Aliar, Tinnevelley, (27) P. Sahu, Sig. M P. (28) M M. Singh, Jubbulpore. (29) Jd. Kumari, Trivandrum. (30) D L Ratnam, Waltair. (31) R R Patel, Nagpur. (32) Chajjumal, Hoshiarpur. (33) B. Nath, Allahabad (34) Linga Gouda, Tiptur. (35) Padmavathi, Madras (36) S. Yusuf, Ceylon. (37) Harnarain, Jodhpur (38) L R. Naidu, Pondichery. (39) NQuerishi, Giridit (40) C R Das, Bangalore. (41) A. Pakish, Hyderabad, (42) S. Ramayya, Calcutta, (43) O P. Gupta, Dehra Dun, and 32 others.

# രൂ: 25,000 നേടുക.

ഗവ: രജി: നമ്പർ 249. പ്രശ്നം നമ്പർ 26.

മുദ്രവച്ച ശരിയുത്തരം പ്രീമിയർബാങ്ക് ഓഫ് ഇൻഡ്യ ലിമിററഡിൽ സൂക്ഷിച്ചിരിക്കുന്നതും അവരുടെ അനുമതിയോടുകൂടി അതു പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

ഒന്നാംസമ്മാനം ശരിഉത്തരം രൂ: 12,000/- രണ്ടാംസമ്മാനം—ആദ്യരണ്ടുവരി ശരിയായതിന്—രൂ: 7,000/- മൂന്നാംസമ്മാനം—ഒരുവരി ശരിയായതിന്—രൂ: 3,000/- നാലാംസമ്മാനം—ആദ്യത്തെ മൂന്നക്കം ശരിയായതിന്—രൂ: 2,000/- അഞ്ചാംസമ്മാനം—ആദ്യത്തെ രണ്ടക്കം ശരിയായതിന്—രൂ: 1,000/-

അവസാനതീയതി: 15-5-'50. ഉത്തരം പ്രസിദ്ധപ്പെടുത്തുന്നത്: 29-5-'50.

RAINBOW COMPETITIONS
KEY S. NO. 24 *35 TO 50=170

| | | | |
|---|---|---|---|
| 47 | 42 | 46 | 35 |
| 37 | 44 | 40 | 49 |
| 36 | 45 | 41 | 48 |
| 50 | 39 | 43 | 38 |

We hereby certify that the above is the solution in original deposited with us by Rainbow Competitions No. 24 on 24.2.50 in a sealed cover which was opened in our presence to-day and that a copy of the above solution has been lodged with the Bank.

For The Premier Bank of India Ltd.
V. Ramaswamy 15.4.50
Agent, Madras.

പ്രവേശനഫീസ്:- ഒരുത്തരത്തിന്: രൂ: 1-0-0 * 6-ഉത്തരങ്ങൾക്ക്: രൂ: 5-0-0

178

പൂരിപ്പിക്കേണ്ട വിധം:—37-മുതൽ 52-വരെയുള്ള അക്കങ്ങൾ ഉപയോഗിച്ച് നേരെയും കുറുക്കേയും കോണോടുകോണും കൂട്ടിയാൽ ആകെത്തുക 178 കിട്ടത്തക്കവണ്ണം പൂരിപ്പിക്കുക. ഒരക്കം ഒരുപ്രാവശ്യംമാത്രമേ ഉപയോഗിക്കാവൂ. ഓരോ ഉത്തരത്തിനടിയിലും പേരും മേൽവിലാസവും ഇംഗ്ലീഷിൽ വ്യക്തിയായി എഴുതിയിരിക്കണം. ഇൻഡ്യൻ പോസ്റ്റൽ ആർഡറായോ മണിയാർഡറായോ തുക അയയ്ക്കണം. മണിയാർഡർക്കൂപ്പണിൽ പേരും മേൽവിലാസവും എഴുതിയിരിക്കേണ്ടതും, മണിയാർഡർരസീത് ഉത്തരത്തോടൊപ്പം അയയ്ക്കേണ്ടതുമാണ്. പിരിവനുസരിച്ചു സമ്മാനത്തുക ഭേദപ്പെടുത്തുന്നതായിരിക്കും. മാനേജരുടെ തീരുമാനം അവസാനവും നിയമാനുസൃതവുമായിരിക്കും. ഉത്തരം "റെയിൻബോ" എന്ന പ്രതിപക്ഷപത്രികയിൽ പ്രസിദ്ധപ്പെടുത്തും. 4-അണസ്റ്റാമ്പയച്ചാൽ തപാൽവഴി അയയ്ക്കുന്നതായിരിക്കും.

ഉത്തരങ്ങൾ അയയ്ക്കേണ്ടും മേൽവിലാസം:—

THE RAINBOW COMPETITIONS, No. 26.
306 (A) Mint Street, MADRAS 1.

# ഒന്നാന്തരം റബ്ബർമുദ്രകൾ

വിവിധ ഡിസൈനുകളിൽ ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ മിതമായ നിരക്കിലും കൃത്യസമയത്തും ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.


Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.